ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത്

ജനകീയ ആസൂത്രണം

സമഗ്ര വികസന രേഖ



45-3



ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത്

വികസന രേഖ



എഡിറ്റോറിയൽ ബോർഡ്

ആർ.സി. ഉണ്ണിത്താൻ (കൺവീനർ)

വിശ്വനാഥപിള്ള എസ്.

ഹരികുമാർ ഡി. കുമ്പളത്ത്

ആർ. ഗംഗാധരൻ

പി. കെ. സുരേന്ദ്രൻ

കെ. രാജു

ജയമോഹൻ

എ.എം. ഹാഷിർ

കോശി അലക്സ്

കട്ടച്ചിറ ശ്രീകുമാർ

മോഹൻ നായർ

പ്രകാശിനി ഗംഗൻ

K.R.P.

എസ്സ്. സൽകുമാർ

ജോയി വെട്ടിക്കോട്

ലേഔട്ട് & DTP

ACE കംപ്യൂട്ടർ എഡ്യൂക്കേഷൻ

കായംകുളം

ഓഫ്സെറ്റ് പ്രിന്റിംഗ്

വളുത്തറയിൽ പ്രിന്റേഴ്സ്, പള്ളിക്കൽ.



ലളിതാ ഗോപാലകൃഷ്ണൻ
(പഞ്ചായത്ത് പ്രസിഡന്റ്)



സുരേഷ് തോമസ്സ് നൈനാൻ
(വൈസ് പ്രസിഡന്റ്)



പ്രൊഫ. ഉമ്മൻ മത്തായി
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

ഗ്രാമ പഞ്ചായത്ത് മെമ്പർമാർ



ജി. ആനന്ദവല്ലി




എൻ.വാസുദേവൻ




ജി. രാധാകൃഷ്ണൻ



ചന്ദ്രമതി




എസ്. ഹരി



അഡ്വ. ഹാമീദ് എസ്. വടുതല



എ.എം. ഹാഷിർ



പി.കെ. സുരേന്ദ്രൻ




പുഷ്പമ്മ ബോസ് മാത്യു



എ. രാധമ്മ

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ



കല്ലൂർ കരുണാകരൻ പിള്ള



അഡ്വ. കെ. ജയശ്രീ



കെ. തങ്കമ്മ

ജില്ലാ പഞ്ചായത്ത് മെമ്പർ

അഡ്വ. ജോൺസൺ ഏബ്രഹാം

നിയമസഭാ അംഗം

അഡ്വ. എം. മുരളി

1. ആമുഖം	7
2. ചരിത്രം	10
3. ഭൂപ്രകൃതി, ജനപ്രകൃതി	13
4. കൃഷിയും ജലസേചനവും	15
5. മൃഗസംരക്ഷണവും, മത്സ്യബന്ധനവും	24
6. വ്യവസായം	31
7. വിദ്യാഭ്യാസം	37
8. കുടിവെള്ളവും പൊതുജന ആരോഗ്യവും	47
9. സംസ്കാരം, കായികരംഗം, ടൂറിസം	53
10. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	55
11. വനിതാക്ഷേമം	57
12. പാർപ്പിടവും സാമൂഹ്യക്ഷേമവും	76
13. സഹകരണം	92
14. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം	99
15. വിവേസമാഹരണം	106
16. ഉപസംഹാരം	113

ഭരണിക്കാവ് പഞ്ചായത്ത് സ്റ്റാഫ്

കെ. വിക്രമൻ പിള്ള (സെക്രട്ടറി)

കെ. സുദർശനൻ (ജൂനിയർ സുപ്രണ്ട്)

എസ്. ഗണേഷൻ നായർ (യു.ഡി.ക്ലർക്ക്)

സി. ഗീത (യു.ഡി.ക്ലർക്ക്)

പി.ബി. ഗോപിനാഥൻ പിള്ള (യു.ഡി.ക്ലർക്ക്)

കെ. തങ്കപ്പൻ നായർ (എൽ.ഡി.ക്ലർക്ക്)

എൻ. പീതാംബരൻ (എൽ.ഡി.ക്ലർക്ക്)

കെ.സി. ശിവദാസൻ (എൽ.ഡി.ക്ലർക്ക്)

ബാലകൃഷ്ണ പിള്ള കെ.കെ. (എൽ.ഡി.ക്ലർക്ക്)

എ. ശിവൻകുട്ടി (പ്യൂൺ)

ജി. ജയരാജൻ (പ്യൂൺ)

ജി. ഭാസുര (ഫുൾ ടൈം സ്വീപ്പർ)

കെ. രാഘവൻ (ഫുൾ ടൈം സ്വീപ്പർ)

ആമുഖം



ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചിട്ട് 5 പതീറ്റാണ്ടുകൾ പിന്നിടുകയാണ്. മഹാത്മഗാന്ധി വിഭാവനം ചെയ്ത് ഗ്രാമസ്വരാജ് എന്ന സങ്കൽപ്പം ഇതുവരെയും സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. 8 പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു വളരെയധികം നേട്ടങ്ങൾ പഞ്ചവത്സര പദ്ധതികളിൽ നമുക്ക് പ്രധാനം ചെയ്തു. എന്നാൽ ഈ കാലഘട്ടത്തിലൊക്കെ അധികാരവും ആസൂത്രണവും മുകൾ തട്ടിൽ നിന്നും അടിച്ചേൽപ്പിക്കുകയായിരുന്നു. ഇതിനൊരു മാറ്റം ആവശ്യമാണെന്ന് കണ്ടാൽ നമ്മുടെ പ്രിയങ്കനായിരുന്ന മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി പഞ്ചായത്ത് രാജ് നഗരപാലികാ ബില്ലിന് രൂപം നൽകി. ജില്ലാ – ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടു ഗ്രാമ സഭകൾ നിലവിൽ വന്നു 6 മാസത്തിലൊരിക്കൽ ഗ്രാമ സഭകൾ വിളിച്ചു കൂട്ടി ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണാനുള്ള നിയമനിർമ്മാണം നടപ്പിലായി.

തീരുമാനങ്ങൾ എടുക്കുവാനും അവ നടപ്പാക്കുന്നതിൽ പങ്ക് വഹിക്കുവാനും സാധാരണക്കാരന് അവസരം ലഭിക്കുവാൻ വേണ്ടി താഴെ തട്ടിൽ നിന്ന് ആസൂത്രണ പ്രക്രിയ ആരംഭിക്കുവാൻ വേണ്ടിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം രൂപം കൊണ്ടിരിക്കുന്നത്. ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും തുല്യ പങ്കാളിത്തം ഉറപ്പ് വരുത്തുവാൻ ഈ പ്രസ്ഥാനത്തിന് കഴിയും ജനകീയ പ്രസ്ഥാനമായി പ്രഖ്യപിച്ചിരിക്കുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതി വികസന രംഗത്ത് സുപ്രധാന നാഴികകല്ലാണ്. അധികാരത്തോടൊപ്പം കേരള സർക്കാരിന്റെ ബഡ്ജറ്റിന്റെ 40% സമ്പത്ത് പഞ്ചായത്തുകൾക്ക് ലഭിക്കുകയാണ്. പഞ്ചായത്തുകൾ അനുഭവിക്കുന്ന വികസന പ്രതിസന്ധിക്ക് പരിഹാരം കാണുവാൻ ഇത് മൂലം സാധിക്കുന്നതാണ്. നടപ്പ് പദ്ധതികളും പുതിയ പദ്ധതികളും കാര്യക്ഷമമായും അതിശീക്രമായും നടപ്പാക്കാൻ കഴിയുമെന്ന് മാത്രമല്ല. അഴിമതിയുടെ എല്ലാ കൈവഴികളും നിയന്ത്രിക്കുവാൻ കഴിയുകയും ചെയ്യും.

ജനകീയ ആസൂതണ പ്രസ്ഥാനം ഈ പഞ്ചായത്തിൽ തുടക്കം കുറിച്ചത് സെപ്റ്റംബർ 7-ാം തീയതിയണ്. ഒന്നാം ഘട്ടം ജില്ലാ പരിശീലനത്തിൽ ഈ പഞ്ചായത്തിൽ നിന്ന് 10 പേർ പങ്കെടുത്തു സെപ്റ്റംബർ 20-ാം തീയതി L.R.P. പരിശീലനത്തിനായി ഏകദിന ക്യാമ്പ് നടത്തി അതിൽ 135 പേർ പങ്കെടുത്തു. ഈ ക്യാമ്പിൽ ഗ്രാമ സഭകൾ സംഘടിപ്പിക്കുന്നതിന്റെ പരിശീലനമാണ് നൽകിയത് തുടർന്ന് 13 ഗ്രാമ സഭകളിലായി 4000 ത്തോളം ആളുകൾ സജ്ജീവമായി പങ്കെടുത്തു. വാർഡ്തല വികസന റിപ്പോർട്ടുകൾ തയ്യാറാക്കി ഈ റിപ്പോർട്ടുകൾ പഞ്ചായത്ത് തലത്തിൽ ക്രമീകരണം നടത്തി രണ്ടാം ഘട്ട ജില്ലാതല പരിശീലനത്തിൽ ഒന്നാം ഘട്ടത്തിൽ പങ്കെടുത്തവർ

കൂടാതെ ഏതാനുംപേർ കൂടി പങ്കെടുത്തു. അതിനുശേഷം ഏകദിന പരിശീലനം സംഘടിപ്പിച്ചു പഠന പര്യടനവും ദ്വിതീയ വിവര ശേഖരണവും നടത്തി. 12 വികസന മേഖലകളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ തയ്യാറാക്കാൻ D.R.P. മാരെ ചുമതലപ്പെടുത്തി. അവർ തയ്യാറാക്കിയ റിപ്പോർട്ടുകൾ പഞ്ചായത്ത് കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. ചർച്ചയ്ക്ക് ശേഷം പഞ്ചായത്ത് തല വികസന റിപ്പോർട്ടിന് രൂപം നൽകി. 11-12-1996 ലെ ഭരണിക്കാവ് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തു അംഗീകരിച്ച റിപ്പോർട്ട് വികസന സെമിനാറിന് സമർപ്പിക്കുന്നു.

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	ഭരണിക്കാവ്, കറ്റാനം
ബ്ലോക്ക് പഞ്ചായത്ത്	:	ഭരണിക്കാവ്
താലൂക്ക്	:	മാവേലിക്കര
അസംബ്ളി മണ്ഡലം	:	മാവേലിക്കര
വിസ്തീർണ്ണം	:	37.78 ച. കി. മീ.
അതിരുകൾ	:	
വടക്ക്	:	തെക്കേക്കര പഞ്ചായത്ത്
തെക്ക്	:	വള്ളികുന്നം പഞ്ചായത്ത്
പടിഞ്ഞാറ്	:	കൃഷ്ണപുരം പഞ്ചായത്ത്
പടിഞ്ഞാറ് വടക്ക്	:	ചെട്ടികുളങ്ങര പഞ്ചായത്ത്
കിഴക്ക് തെക്ക്	:	താമരക്കുളം പഞ്ചായത്ത്
കിഴക്ക് വടക്ക്	:	ചുനക്കര പഞ്ചായത്ത്
ജനസംഖ്യ		
ആകെ	:	34573 (1991 - ലെ സെൻസസ്)
പുരുഷന്മാർ	:	16592
സ്ത്രീകൾ	:	17981
വാർഡുകൾ	:	13
പ്രസിഡന്റിന്റെ പേര്	:	ലളിതാ ഗോപാലകൃഷ്ണൻ
വൈസ് പ്രസിഡന്റിന്റെ പേര്	:	സുരേഷ് തോമസ്സ് നൈനാൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ പേര്	:	ഉമ്മൻ മത്തായി

സാമൂഹിക സാംസ്കാരിക

ചരിത്രം



ആലപ്പുഴ ജില്ലയിൽ, മാവേലിക്കര താലൂക്കിൽ, കായംകുളം പട്ടണത്തിൽ നിന്ന് കിഴക്കോട്ട് ഉദ്ദേശം മൂന്ന് കിലോമീറ്റർ പിന്നിട്ട് കായംകുളം – പുനലൂർ റോഡിന്റെ ഇരുവശങ്ങളിലായി പരന്നുകിടക്കുന്ന ഭൂപ്രദേശമാണ് ഭരണിക്കാവ് പഞ്ചയത്തിന്റേത്. കറ്റാനം, ഭരണിക്കാവ് വില്ലേജുകൾ ഉൾപ്പെടുന്ന ഈ പഞ്ചായത്തിനിപ്പോൾ പതിമൂന്ന് വർഡുകളുണ്ട്. വരുമാനത്തിന്റേയും, ജനസംഖ്യയുടേയും അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിന് സ്പെഷ്യൽ ഗ്രേഡ് പദവിയാണുള്ളത്. മലനാടിന്റേയും ഇടനാടിന്റേയും സവിശേഷതകൾ ഒത്തിണങ്ങിയ മനോഹരമായ ഭൂമി. കടലിന്റേയോ കായലിന്റേയോ കര സ്പർശമില്ലങ്കിലും നിശയുടെ അന്ത്യയാമങ്ങളിലെ നിശബ്ദതയിൽ അറബികടലിന്റെ ആരവം നമ്മെവളിച്ചുണർത്തുന്നു. അരുവികളൊ, നദികളൊ ഈ മണ്ണിൽക്കൂടി ഒഴുകുന്നില്ലെങ്കിലും കുടിക്കാനും, കുളിക്കാനുമുള്ള വെള്ളം ഇവിടെ സുലഭം. അതിവൃഷ്ടിയും, അനാവൃഷ്ടിയും നമ്മെ അലട്ടുന്നില്ല.

പടിഞ്ഞാറ് കൃഷ്ണപുരം, ചെട്ടിക്കുളങ്ങര വടക്ക് തെക്കേകര, കിഴക്ക് ചുനക്കര – താമരക്കുളം, തെക്ക് വള്ളികുന്നം പഞ്ചായത്തുമാണ് നമ്മുടെ അയല്ക്കാർ.

ഭരണിക്കാവ് എന്ന സ്ഥലനാമത്തിന്റെ ആഗമനത്തെപ്പറ്റി വ്യക്തമായ അറിവുകളില്ല. ഭരണിക്കാവിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു ദേവീക്ഷേത്രമുണ്ട്. അവിടുത്തെ ഉത്സവം ആഘോഷിക്കുന്നത് മീനമാസത്തിലെ ഭരണി ദിവസമാണ്. ക്ഷേത്രം ഇന്നു നിൽക്കുന്നപ്രദേശം വർഷങ്ങൾക്കുമുമ്പ് നിബിഡമായ ഒരു കാവായിരുന്നു എന്നൂഹിക്കുന്നതിൽ തെറ്റില്ല. ഈ ക്ഷേത്രവും അവിടുത്തെ ദേവിയും, ദേവിയുടെ തിരുനാമങ്ങളുമൊക്കെയായി ഈ പ്രദേശത്തിന് ഈ നാമം ലഭ്യമായതായിരിക്കുമെന്ന് വിശ്വസിക്കുന്നവരുണ്ട്. ഏതായായും കൊടുങ്ങലൂരമ്മയായ ജ്യേഷ്ഠസഹോദരിയുടെ വരവും കാത്ത് വടക്കൊട്ടു നോക്കിയിരിക്കുന്ന ദേവിയായിട്ടാണ് ഭരണിക്കാവിലമ്മയെ വിശ്വാസികൾ ആരാധിക്കുന്നത്.

ദേവി ക്ഷേത്രത്തിന് തൊട്ടടുത്തായി സ്ഥാപിച്ചിരുന്നതും ഇപ്പോൾ പ്രത്യേകമായി സംരക്ഷിച്ചുവരുന്നതുമായ ഒരു ബുദ്ധപ്രതിമ ഈ പ്രതിമ ഈ സ്ഥലത്തിന്റെ പ്രാചീനത വിളിച്ചോതുന്നു. മാവേലിക്കരയിലും കരുമാടിയിലുമുള്ള പ്രതിമകളെതിനേക്കാൾ വടിവും ഒത്ത ഈ പ്രതിമ ക്രിസ്തുമത ആരംഭത്തിനുമുമ്പോ, തൊട്ടുപിമ്പോ ബുദ്ധമതാനുയായികൾ ഇവിടെ വരുകയോ ഇവിടെയുള്ളവർ ബുദ്ധമതാനുയായികൾ ആവുകയോ ചെയ്തിരുന്നു

എന്ന് നിസംശയം സ്ഥാപിക്കുന്നു.

കടലിൽ നിന്നും കേരളത്തെ വീണ്ടെടുത്ത പരശുരാമൻ കേരളക്കരയെ ബ്രാഹ്മണർക്ക് ദാനം ചെയ്തതായി ഐതീഹ്യം. അദ്ദേഹം നേരിട്ടു തന്നെ ചില ക്ഷേത്രങ്ങൾ സ്ഥാപിച്ച് പ്രതിഷ്ഠ നടത്തിയതായും കേരളോല്പത്തി പോലെ ചില ഗ്രന്ഥങ്ങളിൽ കാണുന്നു. അദ്ദേഹം പ്രതിഷ്ഠന ടത്തിയ ക്ഷേത്രങ്ങളിൽ ഒന്നാമതാണ് നമ്മുടെ പഞ്ചായത്തിലെ "വെട്ടിക്കോട് നാഗരാജക്ഷേത്രം". ആദിമൂലം വെട്ടിക്കോട് പിന്നെ മണ്ണാറശാല എന്നാണ് പഴമൊഴി.

1940 - കളുടെ അവസാനകാലത്ത് അവ ശിഷ്ടങ്ങൾ മാത്രമായി അവശേഷിച്ചിരുന്നതും കടമുറ്റത്ത് കത്തനാരുമായി ബന്ധപ്പെട്ടതെന്നും പഴമക്കാർ വിശ്വസിച്ചിരുന്നതുമായ കറ്റാനം വലിയപള്ളി മൂന്നാമത്തെ പുതുക്കിപ്പണിയ്ക്ക് ശേഷമാണ് ഇന്നത്തെ നിലയിലുള്ള മനോഹരമായ ദേവാലയമായിത്തീർന്നത്.

ദേശീയപ്രസ്ഥാനത്തിൽ ഭരണിക്കാവ്

ദേശീയ സ്വാതന്ത്ര്യസമരത്തിൽ എണ്ണപ്പെട്ട സംഭാവനകളൊന്നും ഇവിടെ നിന്നും ഉണ്ടായിട്ടില്ല. എങ്കിലും ഇവിടുത്തെ ജനങ്ങളിൽ ഭൂരിപക്ഷവും സ്വാതന്ത്ര്യദാഹികളും, വിദേശഭരണത്തിനും, ദിവാൻ ഭരണത്തിനും എതിരായി ചിന്തിക്കുന്നവരായിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം പുരോഗമന പ്രസ്ഥാനങ്ങളോട് അവർ ആഭിമുഖ്യം പുലർത്തുകയും ചെയ്തിരുന്നു.

തിരുവതാം കൂറിലെ സ്വാതന്ത്ര്യസമരത്തിന്റെ നെടും തൂണുകളായിരുന്ന ത്രിമൂർത്തികളെന്ന് അറിയപ്പെട്ടിരുന്ന പട്ടം താണുപിള്ള, റ്റി. എം. വർഗ്ഗീസ്, സി. കേശവൻ എന്നിവരിൽ ശ്രീ. റ്റി. എം. വർഗ്ഗീസ് നമ്മുടെ പഞ്ചായത്തിൽ മഞ്ഞാടിത്തറ തണ്ടാനേത്ത് കുടുംബാംഗമായിരുന്നു. തിരുവിതാംകൂറിലെ ഒന്നാമത്തെ ജനകീയമന്ത്രിസഭയിൽ അദ്ദേഹം അംഗവുമായിരുന്നു.

ദിവാൻ ഭരണത്തിന് എതിരായ പ്രക്ഷോപത്തിൽ വള്ളികുന്നത്തുവെച്ച് നിയമം ലംഘിച്ച് അറസ്റ്റുവരിച്ച ശ്രീ. കേശവൻ പോറ്റിയോടൊപ്പം അറസ്റ്റുവരിച്ചവരിൽ ഒരാൾ കറ്റാനത്ത് കുമ്പഴത്ത് ശ്രീ. കെ. ഗോപാലപിള്ളയായിരുന്നു.

വടക്കൻ പറവൂർ സ്വദേശിയായിരുന്നു എങ്കിലും ശക്തനായ കോൺഗ്രസ്സ് നേതാവ് എന്ന നിലയിൽ പ്രശസ്തനായ ശ്രീ. സി. നാരായണപിള്ളയെയാണ് ആദ്യത്തെ തിരുവിതാംകൂർ അസംബ്ലിയിലേക്ക് നാം തിരഞ്ഞെടുത്തയച്ചത്. 1957-ലെ ആദ്യത്തെ കേരളാനിയമസഭയിലേക്ക് നാം തിരഞ്ഞെടുത്തത് ഈ നിയോജക മണ്ഡലക്കാരനല്ലാത്ത ശ്രീ. കെ.സി. ജോർജിനെയാണ്. അദ്ദേഹം ഒന്നാം കേരള മന്ത്രിസഭയിൽ അംഗവുമായിരുന്നു. (രണ്ടാംഗമണ്ഡലത്തിൽ നിന്ന് കെ.സി. ജോർജ്, പി.കെ.കുഞ്ഞച്ചൻ എന്നിവരെ തിരഞ്ഞെടുത്തു). 1952-ൽ നടന്ന തിരുക്കൊച്ചി നിയമസഭയിലേക്ക് അന്നത്തെ ഭരണിക്കാവ് നിയോജക മണ്ഡലത്തിൽ നിന്നും വിജയിപ്പിച്ചയച്ചത് ഒളിവിൽ കഴിഞ്ഞിരുന്ന ശ്രീ. എം. എൻ. ഗോവിന്ദൻനായരെയാണ് . ഭാരതത്തിലാകെ ഏറ്റവും വലിയ ഭൂരിപക്ഷം നൽകി ചരിത്രം സൃഷ്ടിച്ചവരെന്ന ബഹുമതിയും ഭരണിക്കാവുകാർ നേടിയെടുത്തു.

പ്രശസ്തരായ വ്യക്തികൾ

കാലാകാലങ്ങളിൽ രാജ്യത്തിന്റെ വിധിനിർണ്ണയത്തിൽ സ്വാധീനം ചെലുത്തുവാൻ കഴിയുന്ന അപൂർവ്വം വ്യക്തികളെയെങ്കിലും ഈ പഞ്ചായത്തിന്റെ ഉത്തമ സന്താനങ്ങളായി ചൂണ്ടിക്കാണിക്കാനുണ്ട്. കറ്റാനത്ത് മരുത്തുവള്ളിൽ കുടുംബത്തിൽനിന്നും നാലു പേരെ ആ പട്ടികയിൽ കാണിക്കാം. രാജഭരണത്തിന്റെ അവസാനഘട്ടത്തിൽ തിരുവിതാം കൂർ ചീഫ് സെക്രട്ടറി ആയിരുന്ന ശ്രീ . സി.ഒ. മാധവൻ അദ്ദേഹം ഉദ്യോഗത്തിൽ നിന്നും വിരമിച്ച ശേഷം തിരുവനന്തപുരം കോർപ്പറേഷന്റെ മേജർ ആയിരുന്നു. അദ്ദേഹത്തിന്റെ ഇളയസഹോദരൻ ഡോ. സി. ഒ. കരുണാകരൻ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടേയും രൂപകല്പന മുതൽ പൂർത്തീകരണം വരെ സൂത്രധാരകനും ഒന്നാമത്തെ ഭരണമേധാവിയുമായിരുന്നു. ശ്രീ.സി.ഒ. മാധവന്റെ സീമന്തപുത്രൻ കേരള സംസ്ഥാനത്തിന്റെ പോലീസ് ഐ.ജി.ശ്രീ. എം. ഗോപാലൻ, കനിഷ്ട പുത്രൻ ശ്രീ. എം. എൻ. പ്രസാദ് ഇന്ത്യൻ റെയിൽവേ ബോർഡിന്റെ ചെയർമാൻ സ്ഥാനം വരെ ഉയർന്നു. ഒരേ കുടും

ബത്തിൽപ്പെട്ടവരിൽ ശ്രീ.എം. എൻ. പ്രസാദ് മാത്രമേ ജീവിച്ചിരിക്കുന്നുള്ളു. അദ്ദേഹം ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ പ്രധാന കണ്ണികളിലൊരാളായി പ്രവർത്തിക്കുന്നു. ഇവരെല്ലാം നമ്മുടെ നാട്ടുകാരാണെന്നുള്ളത് നമുക്ക് അഭിമാനകരം തന്നെ. ഗുസ്തി മത്സരങ്ങളുടെ വേദിയിൽ കേരളാ ചാമ്പ്യൻ പദവിവരെ ഉയർന്ന കട്ടച്ചിറ ശ്രീ. പപ്പുദാസ് (തുരുത്തുവിള) നമ്മുടെ പഞ്ചായത്തിൽപ്പെട്ടതായിരുന്നു.


പഞ്ചായത്ത് ഭരണസാരഥികൾ

1953-ൽ ആണ് പഞ്ചായത്ത് ഭരണസമിതികൾ നിലവിൽ വന്നത്. അന്നുവരെ വില്ലേജ് യൂണിയൻ എന്ന പേരിൽ പരിമിതമായ അധികാരങ്ങളോടു കൂടിയ ഒരു സമിതിയാണ് ഭരണം നടത്തിയത്. അതിന്റെ പ്രസിഡന്റ് യശശ്ശരീരനായ ശ്രീ. നല്ലമുട്ടത്തു രാമകൃഷ്ണപിള്ള ആയിരുന്നു. 1953-ലെ തിരഞ്ഞെടുപ്പിൽ പ്രസിഡന്റ് പദത്തിലേക്ക് ശ്രീ.അരീപ്പുറത്ത് കെ. എൻ. കൃഷ്ണപിള്ള വിജയിച്ചു. പ്രസിഡന്റിന്റെ മരണത്തെത്തുടർന്ന് വൈസ് പ്രസിഡന്റ് ശ്രീ. മണ്ണാം പറമ്പിൽ മുഹമ്മദ് കുഞ്ഞ് ആസ്ഥാനം വഹിച്ചു. 1963ൽ നടന്ന തിരഞ്ഞെടുപ്പിനു ശേഷം പഞ്ചായത്ത് പ്രസിഡന്റായി സ്ഥാനമേറ്റത് ഇലഞ്ഞിക്കൽ മഠത്തിൽ ശ്രീ. ഇ. ജെ. ജോർജ്ജായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തെതുടർന്ന് വൈ: പ്രസിഡന്റായിരുന്ന കളരിക്കൽ ശ്രീ. കെ. എൻ. കുട്ടപ്പൻ നായർ 1979വരെ സ്ഥാനം അലങ്കരിച്ചു. ഏകദേശം 16വർഷത്തിനുശേഷം 1979ൽ നടന്ന തിരഞ്ഞെടുപ്പിനെ തുടർന്ന് ആവർഷം ഒക്ടോബർ 1-ാം തീയതി കറ്റാനം ശ്രീ. കെ. ഗോപിനാഥൻ നായർ പഞ്ചായത്ത് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 1988ൽ നടന്ന തിരഞ്ഞെടുപ്പിനെ തുടർന്ന് കാട്ടൂർ ശ്രീ. സുരേഷ് തോമസ് നൈനാൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ഒരുവർഷത്തിനുശേഷം രാജിവെച്ചതിനെ തുടർന്ന് വൈസ് പ്രസിഡന്റ് ശ്രീ. പി. കെ. സുരേന്ദ്രൻ 1995വരെ പ്രസിഡന്റായി തുടർന്നു. 1995 സെപ്തംബറിൽ നടന്ന തിരഞ്ഞെടുപ്പിനെ തുടർന്ന് നിലവിൽ വന്ന ഭരണസമിതിയാണ് ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ഭരണം നിർവ്വഹിക്കുന്നത്. പ്രസിഡന്റായി ശ്രീമതി. ലളിതാഗോപാലകൃഷ്ണൻ പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ ആസ്ഥാനം

1965ൽ മാത്രമാണ് നമ്മുടെ പഞ്ചായത്തിന് സ്വന്തമായി ഒരു ആസ്ഥാനം ഉണ്ടാകുന്നത്. അതുവരെ വാടക കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിച്ചുവന്നത്. പ്രവർത്തന സൗകര്യത്തിനായ് J R.Yസ്കീമിൽ ഉൾപ്പെടുത്തി പുതുതായി നിർമ്മിച്ചതാണ് ഇപ്പോഴുള്ള രണ്ടു നിലകെട്ടിടം.

ഭൂപ്രകൃതി
ജനപ്രകൃതി
ജലപ്രകൃതി



കായംകുളം പട്ടണത്തിൽ നിന്ന് കിഴക്കോട്ട് ഉദ്ദേശം 3.5 കിലോ മീറ്റർ പിന്നിട്ട് കായംകുളം അടൂർ റോഡിന്റെ ഇരുവശത്തുമായി പരന്ന് കിടക്കുന്ന ഭൂപ്രദേശമാണ് ഭരണിക്കാവ്. മലനാടിന്റെയും ഇടനാടിന്റെയും സവിശേഷതകൾ ഒത്തിണങ്ങിയ മനോഹരമായ ഭൂമി. ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്ത് പ്രദേശത്തെ രണ്ടു മേഖലകളായി തിരിക്കാം. 1. സമതലം 2. ചെറിയ കുന്നുകൾ. പഞ്ചായത്തിൽ പൊതുവെ രണ്ട് തരം മണൽ തരങ്ങൾ കാണപ്പെടുന്നു 1. മണൽ മണ്ണ് 2. ചെങ്കല്ല്

ജനപ്രകൃതി

1991 - ലെ സെൻസസ് കണക്കുകൾ പ്രകാരം ഭരണിക്കാവ് പഞ്ചായത്തിലെ ആകെ ജനസംഖ്യ 34573 ആയിരുന്നു. ഇതിൽ 16592 പുരുഷന്മാരും 17981 സ്ത്രീകളുമാണ് പുരുഷന്മാരെ അപേക്ഷിച്ച് 1389 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 7128 ആയിരുന്നു. ശരാശരി വീടൊന്നിന് 4.85 ആളുകൾ വീതമുണ്ട്. വാർഡ് ജനസംഖ്യ വിവരപട്ടിക പട്ടിക I ൽ ചേർത്തിരിക്കുന്നു.

തൊഴിലില്ലായ്മ രൂക്ഷമാണ്. തൊഴിലധിഷ്ഠിത വിദ്യാലയങ്ങൾ ഇല്ല. അതിന് മുൻതൂക്കം നൽകണം ജനങ്ങളുടെ പ്രധാന ജീവതോപാധിയായ കാർഷിക മേഖല തകർന്ന് കൊണ്ടിരിക്കുന്നു. കൃഷിക്കാർ കൃഷിയിൽ നിന്ന് പിന്മാറി കൊണ്ടിരിക്കുന്നു. അവർ മറ്റ് രംഗങ്ങളിലേക്ക് കടന്ന് കയറി കൊണ്ടിരിക്കുന്നു.

ജലപ്രകൃതി

നദികളും അരുവികളും ഇല്ലെങ്കിലും ചെറിയ തോടുകളും കുളങ്ങളുമായി പഞ്ചായത്ത് പ്രദേശം ജലത്തിന്റെ കാര്യത്തിൽ പൊതുവെ സമ്പന്നമാണ്. എന്നാൽ വേനൽ കാലത്ത് ജല ദൗർലഭ്യം ഉണ്ടാകാറുണ്ട്. കാലവർഷങ്ങൾ മുഖേനയാണ് മഴ ലഭിക്കുന്നത്. പൊതു കുളങ്ങളും ചാലുകളുമായി 30 എണ്ണം ഈ പഞ്ചായത്ത് പ്രദേശത്തുണ്ട്.

ഭരണിക്കാവ് പഞ്ചായത്ത് ജനസംഖ്യയെ സംബന്ധിച്ച സ്ഥിതി വിവര കണക്ക്

വാർഡ്	വീടുകളുടെ എണ്ണം	ജനസംഖ്യ	ആൺ	പെൺ	പട്ടികജാതി പട്ടികവർഗ്ഗം		സാക്ഷരർ	
					ആൺ	പെൺ	ആൺ	പെൺ
I	604	2919	1447	1471	292	268	1277	1251
II	456	2156	1032	1124	164	161	902	967
III	492	2313	1066	1247	250	274	934	1053
IV	390	1839	900	939	94	66	770	806
V	431	2055	973	1082	121	129	837	926
VI	579	2724	1271	1453	183	206	1034	1222
VII	605	2996	1414	1582	203	196	1211	1306
VIII	620	3297	1690	1607	156	154	1480	1305
IX	587	2856	1374	1482	258	294	1183	1249
X	595	2866	1424	1442	370	362	1205	1193
XI	565	2832	1329	1503	143	134	1142	1297
XII	668	3083	1438	1645	275	290	1260	1479
XIII	566	2637	1234	1403	215	236	1061	1233



കൃഷിയും, ജലസേചനവും



ഭരണിക്കാവ് തികച്ചും ഒരു കർഷക ഗ്രാമമാണ്. ചെറിയകുന്നുകളും താഴ്വാരങ്ങളിലുമുള്ള നെൽപ്പാടങ്ങളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രദേശം. മുഖ്യകൃഷി നെല്ലും, തെങ്ങുമാണ്. ഇടവിളകളായി കിഴങ്ങുവർഗ്ഗങ്ങൾ, വാഴ, പച്ചക്കറികൾ, നാണ്യവിളകളായ കുരുമുളക്, കശുമാവ് എന്നിവ കൃഷിചെയ്യുന്നു. പത്ത് ഏക്കറിൽ താഴെയുള്ള ഭൂപ്രദേശത്ത് റബ്ബർ കൃഷി ചെയ്യുന്നുണ്ട്. (വെട്ടിക്കോട്, ഭരണിക്കാവ് തെക്ക് എന്നീ വാർഡുകളിൽ). വിവിധയിനം മാവ്, പ്ലാവ്, കമുക് എന്നിവയും കൃഷിചെയ്തുവരുന്നു.

ഭൂരിപക്ഷം ഭൂ ഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെമാത്രം ഭൂമികൈവശമുള്ളവരാണ്. ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിന്റേത് സംസ്ഥാന നിരക്കിലും കുറവാണ്.

മുൻകാലത്ത് സജീവമായ ശ്രദ്ധയും താൽപ്പര്യവും പ്രദർശിപ്പിച്ചിരുന്നത് നെൽക്കൃഷിയിലായിരുന്നു. മഴയെ ആശ്രയിച്ച മാത്രമാണ് ഇവിടെ കൃഷി നടത്തുന്നത്. തോടുകളും, കുളങ്ങളും ചിറകെട്ടി സംരക്ഷിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്തിയിരുന്നു. പഞ്ചായത്തിലെ ഭൂ ഉടമസ്ഥതയുടെ ചരിത്രം പരിശോധിച്ചാൽ മുൻകാലത്ത് കൃഷിക്കാരായിരുന്നു കൂടുതൽ. കൃഷിഭൂമിയുടെ സിംഹഭാഗവും അവരുടെ കൈവശമായിരുന്നു. ആകെ ഭൂമിയുടെ ശതമാനം നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. മുണ്ടകൻ, അതികിരാഴി, കൊച്ചുവിത്ത്, ചമ്പാവ്, തവളക്കണ്ണൻ തുടങ്ങിയ വിത്തിനങ്ങളായിരുന്നു അന്ന് കൃഷി ചെയ്തിരുന്നത്. കൃഷിക്ക് ജൈവവളം മാത്രമായിരുന്നു അന്ന് ഉപയോഗിച്ചിരുന്നത്. പിൽക്കാലത്ത് പുതിയ ഇനം വിത്തുകൾ കർഷകർ ഉപയോഗിക്കുവാൻ തുടങ്ങി. രാസവളപ്രയോഗം വർദ്ധിക്കുകയും ചെയ്തു. ചക്രവും, അറയും ഉപയോഗിച്ച് വെള്ളം ഒഴിച്ച് വിടുകയും, കയറ്റുകയും ചെയ്ത സ്ഥലത്ത് പമ്പുസെറ്റുകൾ ജലസേചനത്തിന് വ്യപകമായി ഉപയോഗിച്ച് തുടങ്ങി.

ഇരുപ്പു കൃഷികൂടാതെ ഇടവിളക്കൃഷിയായി കരപ്പാടങ്ങളിൽ എള്ള്, പയറ് എന്നീ ധാന്യങ്ങളും, പുഞ്ചപ്പാടങ്ങളിൽ ഒരുപ്പൂവു കൃഷി മാത്രവും ചെയ്തിരുന്നു. പുരയിടങ്ങളിൽ കിഴങ്ങുവർഗ്ഗങ്ങളായ ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങ്, കൂവ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ എന്നിവയും, വാഴ, കരിമ്പ്, മൂതിര, വേനൽക്കാല പച്ചക്കറികളും ഔഷധ സസ്യങ്ങളായ കുറുന്തോട്ടി, ചിറ്റരത്ത, കോലിഞ്ചി, അമൃത്, രാമച്ചം, ചതാവലി ആദിയായവയും നട്ടുവളർത്തിയിരുന്നു.

ജലസേചനത്തിനായി കുളങ്ങളും, തോടുകളും ചിറകെട്ടി അതിരുകളിൽ കൈത, പുല്ല് തുടങ്ങിയവ പിടിപ്പിച്ച് സംരക്ഷിച്ചിരുന്നു. കുടിവെള

ളത്തിനായും കുളങ്ങൾ ഉപയോഗിച്ചിരുന്നു. മണ്ണൊലിപ്പു തടയുന്നതിനായി മുളകളും നട്ടുപിടിപ്പിച്ചിരുന്നു.

നെല്ലുകൃഷിയെ പോലെതന്നെ തെങ്ങുകൃഷിയോടും നാം കൂടുതൽ ആഭിമുഖ്യം പ്രദർശിപ്പിച്ചിരുന്നു. നാടൻ തെങ്ങുകളാണ് നേരത്തെ കൃഷിചെയ്തിരുന്നത്. തെങ്ങുകൃഷിക്കും ജൈവ വളങ്ങളാണ് മുഖ്യമായും ഉപയോഗിച്ചിരുന്നത്. തെങ്ങിന്റെ മണ്ട വൃത്തിയാക്കുകയും, ചുവട്ടിൽ പുകക്കുകയും ചെയ്ത് കീടബാധ അകറ്റുമായിരുന്നു. ഏറ്റവും നല്ല കായ്ഫലവും, ആരോഗ്യവുമുള്ള തെങ്ങുകളിൽ നിന്ന് വിളഞ്ഞ നാളീകേരക്കുലകൾ കെട്ടിയിറക്കി പാകിമുളപ്പിച്ച് പുതിയ തയ്കൾ നട്ടുപിടിപ്പിക്കുന്ന പതിവായിരുന്നു അന്നുണ്ടായിരുന്നത്.

നെലപ്പാടങ്ങൾ ജന്മിമാരുടെ കൈവശമായിരുന്നു. അവർ വൻതോതിൽ കന്നുകാലികളെ വളർത്തുമായിരുന്നു. നിലം ഉഴുന്നത് കാളകളെക്കൊണ്ട് മാത്രമായിരുന്നു. കച്ചിയും, പോച്ചയും ധാരാളമായി കൊടുക്കുവാനുണ്ടായിരുന്നു. കൃഷിക്കാവശ്യമായ ജൈവവളം കൃഷിക്കാരുടെ വീടുകളിൽനിന്നും കിട്ടുമായിരുന്നു. നെൽകൃഷിക്കും, തെങ്ങുകൃഷിക്കും അന്ന് രോഗബാധകുറവായിരുന്നു.

പിൽക്കാലത്ത് നെൽകൃഷി ആദായകരമല്ലാതായിത്തീർന്നു. വർദ്ധിച്ച കൂലിച്ചിലവും, തൊഴിലാളികളുടെ ദൗർലഭ്യവും, പ്രകൃതിക്ഷോഭം, ഉൽപ്പന്നങ്ങളുടെ വിലയിടിവ്, ജൈവവളങ്ങളുടെ ദൗർലഭ്യം, രാസവളങ്ങളുടെയും, കീടനാശിനികളുടെയും വിലവർദ്ധനവ് ഇവയെല്ലാമാണ് നെൽകൃഷി ആദായകരമല്ലാതാകാൻ കാരണം. തൽഫലമായി കൃഷിക്കാർ നെൽകൃഷിയിൽനിന്നും അകലാൻ തുടങ്ങി. എഴുപതുകളിൽ സമഗ്രമായ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതോടുകൂടി ഭൂരഹിതരായ ധാരാളം പേർ ഭൂമിക്ക് അവകാശികളായിത്തീർന്ന് നെൽക്കൃഷി നടത്തിയിരുന്ന വയലുകളിൽ ചിറ പിടിച്ച് തെങ്ങും തൈകൾ നടുകയും കൃഷിസ്ഥലങ്ങൾ നികത്തി അവിടെ വീടുകളുണ്ടാക്കുകയും ചെയ്തു. അങ്ങനെ നേരത്തെയുണ്ടായിരുന്ന ഉൽപ്പാദന നിലവാരം കുറഞ്ഞു. വയലുകൾ നികത്തുന്നത് വ്യാപകമായതോടെ നീരൊഴുക്കുകൾ ക്രമംതെറ്റി ജലസേചനസൗകര്യങ്ങൾ തടസ്സപ്പെട്ടു. ആദ്യകാലങ്ങളിൽ കർഷകർക്ക് കിട്ടിയിരുന്ന മാന്യത നഷ്ടമായി. അതിനാൽ കൃഷിക്കാർ മറ്റു മേഖലകളിലേക്ക് തിരിയുവാൻ തുടങ്ങി. തരിശ്ശിടാനുള്ള പ്രവണതയും വർദ്ധിച്ചു. നെൽ വയലുകളുടെ വിസ്തൃതി വൻതോതിൽ കുറഞ്ഞു.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 37.78 Sq. Km. ആണ്. ഇത് ചെറിയകുന്നുകളും, സമതലങ്ങളും ചേർന്ന ഓണാട്ടുകര പ്രദേശങ്ങളാണ്.

ഭൂപ്രകൃതി പട്ടിക 2

1. സമതലം	30.98 Sq. Km.	82%
2. ചെറിയകുന്ന്	6.8 Sq. Km.	18%

പഞ്ചായത്തിലെ ഭൂരിഭാഗവും സമതലപ്രദേശങ്ങളാണ്. പഞ്ചായത്തിൽപെട്ട ഭരണിക്കാവ് വില്ലേജ് പൂർണ്ണമായും സമതല പ്രദേശമാണ്. മണ്ണിന്റെ ഘടന മണൽമണ്ണാണ്. കറ്റാനം വില്ലേജിലെ 8, 9, 10, 11, 12 വാർഡുകളിൽ മണൽ മണ്ണുള്ള പ്രദേശവും, ചെങ്കല്ലുള്ള പ്രദേശങ്ങളുമാണ്. എന്നാൽ വാർഡ് 13 പൂർണ്ണമായും മണൽമണ്ണു നിറഞ്ഞപ്രദേശമാണ്. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം 10-ാം വാർഡിലെ വലിയകുന്നേൽ പ്രദേശമാണ്. 8-ാം വാർഡിലെ കല്ലുംപുറത്ത് ഭാഗവും പഞ്ചായത്തിന്റെ ഉയർന്ന പ്രദേശമാണ്. പഞ്ചായത്തിൽ നിരവധി കുളങ്ങളും, പഴക്കംചെന്ന കാവുകളുമുണ്ട്.

പഞ്ചായത്തിലെ മണ്ണിന്റെ ഗുണനിലവാരം താഴെപ്പറയും പ്രകാരമാണ്. പട്ടിക 3

മണൽ	83.5%
ലാറ്ററേറ്റ്	16.5%

ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിൽ തെങ്ങും താഴ്ന്ന പ്രദേശങ്ങളിൽ നെല്ലുമാണ് പരമ്പരാഗതമായി കൃഷിചെയ്തു വന്നിരുന്നത്. ഓണാട്ടുകര പ്രദേശം റബർകൃഷിക്ക് അനു

പട്ടിക 4

നമ്പർ	വിനിയോഗം	വിസ്തൃതി	%
1.	മിശ്രിതവിളകൾ	395	
2.	തെങ്ങ്	4145	
3.	നെല്ല്	1125	
4.	കശുമാവ്	14	
5.	റബ്ബർ	5	
6.	ചതുപ്പനിലം	47	
7.	പുഴ	-	
8.	തോട്	7	

യോജ്യമല്ല. ഇടവിളകളായി മരച്ചീനി, കിഴങ്ങ് വർഗ്ഗങ്ങൾ മുതലായവ ഭാഗികമായി കൃഷിചെയ്യുന്നുവെങ്കിലും ലാഭകരമല്ലാത്തതിനാൽ കൃഷിക്കാർ ഇടവിളകൃഷി ഒഴവാക്കുകയാണ് ചെയ്യുന്നത്. കശുമാവ് കൃഷി ആദായകരമാണെങ്കിലും വൻതോതിൽ തെങ്ങിൻതോപ്പുകൾക്കിടയിൽ വച്ചുപിടിപ്പിക്കാൻ കൃഷിക്കാർ താല്പര്യം കാണിക്കുന്നില്ല. 1989 - ൽ മൾബറി കൃഷി നടത്തുവാൻ സെറകൾച്ചർ സഹകരണസംഘം വഴി കൃഷിക്കാരെ പ്രേരിപ്പിക്കുകയും, ധാരാളം കൃഷിക്കാർ അതുകൃഷിചെയ്യുകയും ചെയ്തു. എന്നാൽ പട്ടുനൂൽപ്പുഴു വളർത്തലും, വിപണനവും ഫലപ്രദമല്ലാതിരുന്നതിനാൽ മൾബറികൃഷി ഉപേക്ഷിക്കുവാൻ കൃഷിക്കാർ നിർബന്ധിതരായി. 1995-ൽ ആരംഭിച്ച ചിപ്പി കൂൺ കൃഷിയും വിപണനസാദ്ധ്യതകൾ ഇല്ലാതെവന്ന സാഹചര്യത്തിൽ അതും ഉപേക്ഷിക്കപ്പെടുകയാണ് ചെയ്തിരുന്നത്.

നെൽകൃഷി

പട്ടിക 5

വിളവിസ്തീർണ്ണം

ന.	വിള	വിസ്തീർണ്ണം ഏക്കർ
1.	നെല്ല് (ഒന്നാംവിള)	475
2.	നെല്ല് (രണ്ടാം വിള)	650

നെൽകൃഷി ഉൽപ്പാദനം നാടൻ വിത്തിനങ്ങൾ ഉപയോഗിച്ചാൽ ഒരു പറ നിലത്തിൽ (14 സെന്റ്) മൂന്നളവ് സങ്കരയിനം വിത്തിനങ്ങൾ ഉപയോഗിച്ചാൽ നാലളവ് ലഭിക്കണം. കൃഷിഭവനിൽക്കൂടി വിതരണം ചെയ്യുന്ന വിത്തിനങ്ങൾ അരുണ, ചുവന്നത്രിവേണി, ജ്യോതി, മുതലായവയാണ്. നെൽക്കൃഷിക്ക് ശേഷം പലപ്പോഴും തരിശ്ശിടുകയാണ് ചെയ്യുന്നത്.

ഇടവിളക്കൃഷിയുടെ വിശദവിവരം പട്ടിക മൂന്ന് രണ്ടിൽ കൊടുത്തിട്ടുണ്ട്.

വളം

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് സഹകരണസംഘങ്ങൾ മുഖേനയാണ് പ്രധാനമായും രാസവളവിതരണം നടത്തിക്കാണ്ടിരിക്കുന്നത്. സഹകരണ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഏതാനും വളം സബ് ഡിപ്പോകളും നടത്തുന്നുണ്ട്. കൃഷിക്കാർ രാസവളമാണ് കൂടുതൽ പ്രയോഗിക്കുന്നത്. എന്നാൽ ഈ രാസവളപ്രയോഗം ശാസ്ത്രീയമായ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലല്ല നടത്തുന്നത്. C.P.O.R.I. യുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ ഏതാനും ചില ഭാഗങ്ങളിൽ മാതൃകാ പ്ലോട്ടുകൾ മണ്ണു പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നെങ്കിലും അത് തുടർന്ന് നടത്താൻ കഴിഞ്ഞിട്ടില്ല. നടന്ന മണ്ണു പരിശോധന ഫലപ്രദമായ് എന്ന് പറയുകവയ്യ. ജൈവവളങ്ങൾ വിരളമായി മാത്രമെ ഉപയോഗിക്കാറുള്ളു.

വളം വില്പനയുടെയും, കീടനാശിനി വിതരണത്തിന്റേയും പട്ടിക പ്രത്യേകം ചേർത്തിട്ടുണ്ട്.

കീടനാശിനികൾ

നെല്ല്, തെങ്ങ്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ, അണുനാശിനികൾ, ഫ്യൂറഡാൻ, സിങ്ക് ഫോസ് ഫേറ്റ്, സെൽഫോസ് തുടങ്ങിയ വിഷങ്ങൾ ഉപയോഗിച്ച് വരുന്നത്. എന്നാൽ ഇത്തരം കീടനാശിനികൾ തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ,ശാസ്ത്രീയമായ രീതിയോ കർഷകൻ പലപ്പോഴും ശ്രദ്ധിക്കാറില്ല. കർഷകരുടെ അജ്ഞത ഇതിനൊരു പ്രധാനകാരണമാണ്. ഫ്യൂറഡാൻ,

D.D.T. തുടങ്ങിയ വിഷ പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിന് സഹായിക്കുന്നുണ്ട്.

കാർഷികോപകരണങ്ങൾ

പാടശേഖര സമിതികൾക്കും, കേരസംരക്ഷണ സമിതികൾക്കുമായി കൃഷിഭവൻ മുഖേന ട്രാക്ടർ, ട്രില്ലർ, നാടൻ കലപ്പ, റോക്ക് സ്പ്രെയർ, നാപ്സ്റ്റാക്ക് സ്പ്രെയർ, മെതിയന്ത്രം, തെങ്ങുകയറ്റ യന്ത്രം, പോർട്ടബിൾ പമ്പുസെറ്റ് തുടങ്ങിയ കാർഷികോപകരണങ്ങൾ 1994- ൽ കേന്ദ്രഗവൺമെന്റിന്റെ പ്രത്യേക സ്കീം പ്രകാരം നൽകിയിട്ടുണ്ട്. ഇവയുടെ കണക്ക് പ്രത്യേകം പട്ടികയായി ചേർത്തിരിക്കുന്നു.

നെല്ലുൽപാദക സമിതികൾ

എല്ലാ വാർഡുകളിലും കൃഷിഭവൻ വഴി സംഘടിപ്പിച്ചിട്ടുള്ള നെല്ലുൽപ്പാദക സമിതികൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ കേരസംരക്ഷണ സമിതികൾ വാർഡടിസ്ഥാനത്തിലും, പഞ്ചായത്തടിസ്ഥാനത്തിലും കേരവികസന സമിതി പ്രവർത്തിച്ച് വരുന്നു.(സമിതികളുടെ വിശദവിവരം പട്ടികയിൽ കൊടുത്തിട്ടുണ്ട്)

കൂലിനിരക്ക്

കാർഷികമേഖലയിലെ വിദഗ്ദ്ധതൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്, വിദ്യാഭ്യാസ പരമായ വളർച്ച, കൃഷിയോടുള്ള താൽപര്യക്കുറവ് ഇവ ഇതിന് കാരണമാണ്. കൃഷിയെ മുഖ്യ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്ന കുടുംബാംഗങ്ങളുടെ എണ്ണം കുറഞ്ഞു വരികയാണ്. പഞ്ചായത്തിൽ സ്ത്രീകൾക്ക് 35 രൂപ മുതൽ 50 രൂപ വരെയും പുരുഷന്മാർക്ക് 80 രൂപ മുതൽ 100 രൂപവരെയുമാണ് കൂലി നിരക്ക്. ജോലി സമയം മിക്കവാറും 7 മണിക്കൂറാണ്.

കാർഷിക വായ്പ

പള്ളിക്കൽ 965-ാം നമ്പർ സഹകരണ സംഘം, ഭരണിക്കാവ് 829-ാം നമ്പർ സഹകരണ ബാങ്ക് കറ്റാനം 120-ാം നമ്പർ സഹകരണ ബാങ്ക്, പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 728-ാം നമ്പർ പട്ടികജാതി സഹകരണ സംഘം, D.C.B. കറ്റാനം ബ്രാഞ്ച്, ഫെഡറൽ ബാങ്ക്, കാത്തലിക്ക് സിറിയൻ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, ഭാരതീയ സ്റ്റേറ്റ് ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളാണ് കൃഷിക്കാർ വായ്പയ്ക്കായി ആശ്രയിക്കുന്നത്. ഇവിടെ നിന്നെല്ലാം കൃഷിക്കാർക്ക് വർഷം തോറും കാർഷിക വായ്പകൾ നൽകാറുണ്ട്. വായ്പകൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണതയും ദൃശ്യമാണ്.

ജലസേചനം

കാലവർഷത്തെയും തുലാവർഷത്തെയും ആശ്രയിച്ച് മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ കൃഷി നടത്തുന്നത്. പമ്പാജലസേചന പദ്ധതിയുടെ ചില കൈതോടുകൾ പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് നിർമ്മിക്കപ്പെട്ടിട്ടുണ്ടെങ്കിലും അത് ജലസേചനത്തിന് പ്രയോജനപ്പെടുന്നില്ല. പഞ്ചായത്തിനെ തൊട്ടുരുമി പോകുന്ന റ്റി.എ. കനാൽ മുമ്പ് കൃഷിക്ക് ഉപയുക്തമായിരുന്നെങ്കിലും അത് ഇന്ന് പ്രയോജനപ്രദമല്ല. കല്ലട പദ്ധതിക്കായി കുറച്ച് സ്ഥലം പൊന്നിൻ വിലയ്ക്ക് എടുത്തിട്ടുണ്ടെങ്കിലും പദ്ധതിയുടെ നിർമ്മാണം ഇവിടെ ആരംഭിച്ചിട്ടില്ല.

കുളങ്ങൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി വലുതും ചെറുതുമായ 20 പൊതുകുളങ്ങളും 10 ചാലുകളും ഉണ്ട് ഇവ യഥാവധി സംരക്ഷിക്കപ്പെടുകയോ കൃഷിക്ക് പ്രയോജനപ്പെടുകയോ ചെയ്യുന്നില്ല.

മണ്ണ് ജലസംരക്ഷണം

ജീവിതക്രമത്തിലുണ്ടായ മാറ്റങ്ങളും ഭൂമിയുടെ തുണ്ട് വൽക്കരണവും കാർഷിക വൃദ്ധിയോട് വന്ന വിമുഖതയും മണ്ണ് ജലസംരക്ഷണ പ്രവർത്തനത്തെ ബാധിച്ചു. കഴിഞ്ഞ കാലത്തേത് പോലെ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നില്ല.

കൃഷിഭവൻ

കൃഷിഭവൻ എന്ന പേരിൽ ആരംഭിച്ചത് 1987 മുതലാണ്.

നടപ്പ് പദ്ധതികളുടെ അവലോകനം

കൃഷിഭവനിലൂടെ ധാരാളം പദ്ധതികൾ കൃഷിക്കാർക്ക് വേണ്ടി നടപ്പിലാക്കുന്നുണ്ട് CCDP, സ്കീം പ്രകാരം അർഹരായ കർഷകർക്ക് പമ്പ് സെറ്റ് കിണർ ട്രാക്ടർ സ്പ്രെയർ തെങ്ങ് കയറ്റ യന്ത്രം തുടങ്ങിയവ സബ്സിഡി നിരക്കിൽ കൊടുത്തു വരുന്നു.

നല്ലയിനം തെങ്ങിൻ തൈകൾ കിഴങ്ങ് വർഗ്ഗം കശുമാവിൻ തൈകൾ, കുരുമുളക് തൈകൾ തുടങ്ങിയവയും സൗജന്യ നിരക്കിലും അല്ലാതെയും നൽകിവരുന്നു. IPDS സ്കീം പ്രകാരം ഇഞ്ചി, മഞ്ഞൾ മുതലായ കൃഷിക്കും സബ്സിഡി നൽകുന്നുണ്ട്.

കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കർഷക ദിനം ആചരിച്ചു വരുന്നു ഓരോ വർഷവും പഞ്ചായത്തിൽ നിന്നും ഏറ്റവും നല്ല നാലഞ്ച് കൃഷിക്കാരെ തെരഞ്ഞെടുത്ത് അനുമോദിക്കാറുണ്ട്. നല്ലയിനം പച്ചക്കറി വിത്തുകൾ വാഴ വിത്തുകൾ തുടങ്ങിയവ സ്കൂൾ കുട്ടികൾക്കും നൽകി വരുന്നു. കൃഷിഭവന്റെ പ്രവർത്തനം കർഷകർക്ക് പ്രയോജനപ്പെടത്തക്ക വിധം മാറ്റിയെടുക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

പ്രശ്നങ്ങൾ

1. നെൽകൃഷിയിൽ നിന്നും കർഷകർ പ്രായേണ പിന്തിരിയുന്നു.

ഉൽപ്പാദന ചിലവിൽ വന്ന വർദ്ധനവ്, കർഷക തൊഴിലാളികളുടെ അപര്യാപ്തത, ഉൽപ്പന്നങ്ങളുടെ വിലയിടിവ് കാലവസ്ഥയിൽ വന്ന മാറ്റം, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ് തുടങ്ങിയവയൊക്കെയും നെൽകൃഷി ഉൽപ്പാദനം കുറയുന്നതിന് കാരണമായി. നെൽപ്പാടങ്ങൾ നികത്തി വീട് വയ്ക്കുക, തെങ്ങ് വയ്ക്കുക എന്നീ കാരണങ്ങളാൽ നെല്ലുൽപ്പാദനം കുറഞ്ഞിട്ടുണ്ട്. മതിയായ ജല സേചന സൗകര്യങ്ങൾ ഇല്ലാത്തതും നെൽകൃഷിയെ ദോഷകരമായി ബാധിക്കുന്നു. ആവശ്യമായ തൊഴിലാളികളെ ലഭിക്കുന്നില്ല, അതുകാരണം വിളവിറക്കുന്നതിനും വിളവ് എടുക്കുന്നതിനും കൃഷിക്കാർ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നു. കൂട്ടായി കൃഷിയിറക്കുന്ന രീതിയും കുറഞ്ഞ് വരുന്നു. ഒരേ രീതിയിലുള്ള വിത്തിനങ്ങൾ കൃഷി ചെയ്യുവാൻ കൃഷിക്കാർ സന്നദ്ധരാകുന്നില്ല.

2. തെങ്ങ് കൃഷി

നിരന്തരമായ പരിചരണം ആവശ്യമില്ലാത്തതും ദീർഘകാല വിളവ് നൽകുന്നതുമായ തെങ്ങ് കൃഷിയും പ്രതിസന്ധിയെ നേരിടുകയാണ്. കാറ്റ് വീഴ്ച, മണ്ടപ്പുഴു, മണ്ട ചീയൽ, കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി എന്നിവ മൂലം തെങ്ങ് കൃഷിക്കാർ വിഷമതകൾ നേരിടുന്നു. സ്ഥിരമായി മതിയായ വില നാളികേരത്തിന് കിട്ടുന്നില്ല വിപണിയെ നിയന്ത്രിക്കുവാൻ കൃഷിക്കാരന് സാധിക്കുന്നില്ല. രാസവളത്തിന്റെ അമിതമായ വിലവർദ്ധന തെങ്ങ് കൃഷിക്ക് ബുദ്ധിമുട്ടിക്കുന്നു. ഗുണമേന്മയുള്ള മേൽത്തരം തെങ്ങിൻ തൈകൾ കിട്ടാനില്ലാത്തതും ഒരു വലിയ പ്രശ്നമാണ്. കഴിഞ്ഞ കാലങ്ങളിൽ കൃഷി ഡിപ്പാർട്ട്മെന്റ് വഴി വിതരണം ചെയ്യപ്പെട്ട തൈകൾ എല്ലാം ഗുണമേന്മയില്ലാത്തത് ആയിരുന്നു. കൃഷിക്കാർക്ക് വലിയ നഷ്ടം തന്നെ വരുത്തി വച്ചിട്ടുണ്ട്. നാളികേര ഉൽപ്പാദനം കുറഞ്ഞ് വരുന്നു. പുരയിടങ്ങളിൽ ഇടവിള കൃഷി ഉപേക്ഷിക്കുന്ന പ്രവണത മണ്ണിന്റെ ഗുണമേന്മ കുറയുവാൻ കാരണമാകുന്നു. ഇടവിള കൃഷി ചെയ്യാനുള്ള പ്രേരണകൾ ബന്ധപ്പെട്ട കാർഷിക വകുപ്പിൽ നിന്നും ഉണ്ടാവുന്നില്ല.

ജൈവവളങ്ങളും പച്ചിലവളപ്രയോഗവും പരിമിതപ്പെടുന്നതിന്റെ ഫലമായി മണ്ണിന്റെ ഗുണനിലവാരം കുറഞ്ഞ് വരുന്നു. കിളയ്ക്കുകയും തിടിലുകൾവയ്ക്കുകയും ചെയ്യാത്തത് മണ്ണൊലിപ്പിനും കാരണമാകുന്നു. മണ്ണ് പരിശോധനയുടെ ഭാഗമായി വളപ്രയോഗം നടത്തപ്പെടുന്നില്ല.

3. നാണ്യ വിളകൾ

കുരുമുളകിന് ദ്രുതവാട്ടം പരക്കെ കാണപ്പെടുന്നു. കൃത്യമായി മഴ ലഭിക്കാത്തത് മൂലം കുരുമുളക് ചെടികൾ ഉണങ്ങിപോകുന്നത് സാധാരണയാണ്. ആധുനിക കൃഷി ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല. കൃഷി ഭവനുകൾ കൃത്യമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ

ഇന്ന് നിലവിലില്ല യഥാസമയം വിത്തുകളും വള ങ്ങളും കൃഷിക്കാർക്ക് ലഭിക്കുന്നതിനുള്ള സംവി ധാനം വളരെ പരിമിതമാണ്. പലപ്പോഴും ഇവ കാലം തെറ്റിയാണ് കിട്ടുന്നത്. അമിതമായ കീട നാശിനി പ്രയോഗം ശുദ്ധജല മത്സ്യം മണ്ണിര, നത്തയ്ക്കാ, തവള ഇവകളെ നശിപ്പിക്കുന്നു.

നിർദ്ദേശങ്ങൾ

1. നെൽകൃഷിയിൽ നിന്ന് അകന്നുകൊണ്ടിരി ക്കുന്ന കർഷകരെ നെൽ കൃഷിയിൽ ഉറ പ്പിച്ച് നിർത്തുവാൻ ആവശ്യമായ നടപടി കൾ ഉണ്ടാകണം. ഒന്നാം വിള കൃഷിയിൽ നിലവിലുള്ള കൃഷയിറക്ക് രീതി വളരെ ചിലവേറിയതാണ്. നിലങ്ങൾ ഉഴുത് ഒരുക്കി പൊഴിയുണ്ടാക്കി വിത്തും വളവും കൂട്ടി യോജിപ്പിച്ച് സ്ത്രീ തൊഴിലാളികൾ പൊഴി യിലേക്ക് നുള്ളിയിടുന്ന രീതിയാണ് ഇവിടെ അവലംബിച്ച് വരുന്നത്. വിത്ത് വിതയ്ക്കൽ നടീൽ ഇവയ്ക്ക് മറ്റ് പ്രദേശങ്ങളെ അപേ ക്ഷിച്ച് ഇവിടെ ചിലവ് കൂടുതലായി കാണ പ്പെടുന്നു. അതു കൊണ്ടാണ് ഒന്നാം വിള കൃഷിക്കാർ തരിശിടുന്നത്. ജലസേചന സൗകര്യ വർദ്ധിപ്പിച്ചാൽ ഈ രീതിക്ക് മാറ്റം വരുത്താം.

2. ജലസേചനത്തിനായി തോടുകൾ വീതി കൂട്ടി ആഴം വർദ്ധിപ്പിച്ച് സൈഡ് കെട്ടി ആവശ്യമായ തടഅണകളിട്ട് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഈ പഞ്ചാ യത്തിലെ 2, 6, 7, 9, 12, 13 എന്നീ വാർഡുക ളിൽപ്പെട്ട കട്ടച്ചിറ വയൽ ഈരാത്താഴ വയൽ, വാഴുവേലിൽ വയൽ, എന്നീ പാട ങ്ങളുടെ മദ്ധ്യത്തിൽ പരമ്പരാഗതമായി സ്ഥിതി ചെയ്യുന്ന നീരൊളഴുക്ക് തോട് ജല നിർഗ്ഗമനത്തിന് വേണ്ട ആഴവും വീതിയും ഇല്ലാത്തതിനാൽ ഈ തോട് വഴിയുള്ള ജല സേചനം സുഖമമാക്കുന്നതിന് വേണ്ടി ആവശ്യമായ സ്ഥലങ്ങളിൽ ചീപ്പുകളും കലുങ്കുകളും സ്ഥാപിച്ച് ഈ രണ്ട് വയലു കളെ യോജിപ്പിച്ചിരുന്നതും. കായംകുളം പുനലൂർ റോഡിൽ കറ്റാനം ഗാനം തിയേറ്റ റിന് സമീപം ഉണ്ടായിരുന്ന ഇപ്പോൾ പ്രവർത്തന രഹിതമായി കിടക്കുന്ന കലുങ്ക് പുന: നിർമ്മാണം നടത്തിയാൽ ഈ വയ ലുകളിലെ നെൽകൃഷി അഭിവൃദ്ധിപ്പെടുന്ന താണ്.

   XI, XII, XIII, X, VIII എന്നീ വാർഡുകൾ വഴി പോകുന്ന റ്റി.എ. കനാൽ ആഴംകൂട്ടിയും സൈഡ് കെട്ടിയും സംരക്ഷിച്ച് ആവശ്യ മായ സ്ഥലങ്ങളിൽ ചീപ്പും കലുങ്കും സ്ഥാപിച്ച് നീരൊഴുക് സുഗമമാക്കിയാൽ ഈ പ്രദേശത്തിലെ കൃഷി അഭിവൃദ്ധിപ്പെ ടുത്താൻ കഴിയും.

   3, 4, 5 വാർഡുകളിൽ കൂടി കടന്ന് പോകുന്ന ഇടക്കടവ് മുക്ക് – തോട്ടുകര പള്ളിതോട് ആഴം കൂട്ടി ഇരുവശവും സൈഡ് ഭിത്തി കൾ കെട്ടിയും കൃഷിക്ക് ജലം ലഭിക്കുന്ന തിന് വേണ്ടി ആവശ്യമായ സ്ഥലങ്ങളിൽ ചീപ്പുകൾ സ്ഥാപിച്ച് സംരക്ഷിക്കേണ്ടത് ആത്യാവശ്യമാണ്.

3. മണ്ണ് പരിശോധന നടത്തി വളപ്രയോഗം ശാസ്ത്രീയമാക്കാൻ കർഷകനെ സഹായി ക്കണം.

4. ഗ്രൂപ്പ് ഫാമിംഗ് സംവിധാനം ഏർപ്പെടു ത്തുക.

5. മേൽത്തരം വിത്തിനങ്ങൾ യഥാസമയം കർഷകന് നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

6. നഴ്സറികൾ സ്ഥാപിച്ച് നല്ലയിനം തൈകൾ വിതരണം ചെയ്യുക.

7. കേരളത്തിൽ ഓണാട്ടുകരയിൽ പൊതു വെയും പ്രത്യേകിച്ച് ഭരണിക്കാവിൽ ഏറ്റവും കൂടുതൽ തെങ്ങുകൾ കാറ്റ് വിഴ്ച യുള്ളതായി കണ്ടുവരുന്നു. സ്ഥിരമായി കാറ്റ് വീഴ്ച വരുന്നതിന് ആവശ്യമായ നട പടി സ്വീകരിക്കുക.

8. എലിനശീകരണം ജനപങ്കാളിത്തത്തോടെ പഞ്ചായത്തിന്റെയും കൃഷി ഭവന്റെയും അഭിമുഖ്യത്തിൽ നടപ്പിലാക്കുക.

9. ഔഷധ സസ്യങ്ങൾ കണ്ടെത്തി അതു സംര

ക്ഷിക്കുന്നതിനും കൃഷി ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുക.

10. രാസവളങ്ങളും കീടനാശിനികളും സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

11. കമ്പോസ്റ്റ് പിറ്റുകൾ സ്ഥാപിക്കാൻ കൂടുതൽ സഹായം നൽകുക.

12. ഉൽപ്പാദന ബോണസ്സ് കൃഷി ചിലവുമായി ബന്ധപ്പെടുത്തി വർദ്ധിപ്പിക്കുക. പ്രോത്സാഹന സമ്മാനങ്ങൾ യഥാർത്ഥ കൃഷിക്കാരന് തന്നെ നൽകുക.

13. പഞ്ചായത്ത് തല കർഷക മേള സംഘടിപ്പിക്കുക.

14. കാർഷിക മേഖലയിലെ കൂലി നിരക്ക് പഞ്ചായത്തിൽ ഏകീകരിക്കുക.

15. നെൽപ്പാടങ്ങൾ നികത്തുന്നത് കർശനമായി നിരോധിക്കുക.

16. വാഴ കൃഷിയും പച്ചകൃഷിയും വൻതോതിൽ പ്ലാൻ ചെയ്യുക.

17. മരച്ചീനി കൃഷി വ്യാപകമാക്കാൻ എലിനശീകരണം ഫലപ്രദമാക്കുക.

18. കർഷകർക്കുള്ള വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

19. ആധുനിക കാർഷിക യന്ത്രോപകരണങ്ങൾ വ്യാപകമാക്കുക.

20. വിള ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക.

21. കൃഷി ഉദ്യോഗസ്ഥന്മാരുടെ കൃഷിക്കാരുമായുള്ള സമ്പർക്കം കാര്യക്ഷമമാക്കുക. ആവശ്യത്തിന് ഉദ്യോഗസ്ഥന്മാരെ നിയമിക്കുക.

22. തേങ്ങാ നെല്ല് പച്ചക്കറി ഇവയ്ക്ക് വിപണന സൗകര്യം ഏർപ്പെടുത്തുക.

23. പച്ചക്കറി ചന്തകൾ സ്ഥാപിക്കുക.

24. പുഷ്പ കൃഷി വ്യാപകമാക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുക.

25. തരിശ് ഭൂമി കൃഷിഭൂമി ആക്കുക.

26. ആഗ്രോ ക്ലിനിക്കുകളും കാർഷിക പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കുക.

3.2 വിള വിസ്തീർണ്ണവും ഉൽപ്പാദനവും

വിള	വിസ്തീർണ്ണം	മൊത്തം ഉൽപ്പാദനം	ഉൽപ്പാദന ക്ഷമത Kg./ Ht
നെല്ല് (ഒന്നാം വിള)	450	1237.5	2750
നെല്ല് (രണ്ടാം വിള)	450	1102.5	24.50
പയർ	58	145	2500
എള്ള്	325	86.125	265
പച്ചക്കറികൾ	5	18.50	3750
തെങ്ങ്	1658	862160	5200
വാഴ	25	187.5	7500
മരച്ചീനി	150	1800	12000
കുരുമുളക്	30	9.3	310
കശുമാവ്	8	6.56	820
മാവ്	6	75	12500
കമുക്	50	1000000	20000
ഇഞ്ചി	5	17	3400

പട്ടിക I

അനുബന്ധം 3

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം
നിലം	450
പുരയിടം	1690
പുറമ്പോക്ക്	-
കൃഷിയോഗ്യ തരിശ്	-
ആകെ	2165

നടീൽ വസ്തു വിതരണം

ഇനം	എണ്ണം 1993-94	1994-95	1995-96
തെങ്ങ് D x T	25	25	-
T x D	70	282	100
WCT	500	100	650
കശുമാവ്	160	160	-
പച്ചക്കറി വിത്ത്	909 KIT	800	475
കുരുമുളക്	5000	6500	16500
കൊക്കോ	-	100	-
കമുക്	275	350	-
പയർ	-	95 kg.	80 kg.
ചെറുപയർ	190 kg.	76 kg.	-
നെൽ വിത്ത്	2000 kg.	-	-
നെൽ വിത്ത് അരുണ	1250	50 KIT	145 KIT
ത്രിവേണി	2000	6500	-
മിനികിറ്റ് നമ്പർ 8655	1 KIT		
ചേന	340	-	-
ചീര	200 Pkt.		
നെൽ വിത്ത് (മകം)	-	-	400
ഇഞ്ചി	-	5 KIT	5 KIT
മഞ്ഞൾ	-	5 KIT	5 KIT
എള്ള്	-	100 kg. + 15 KIT	30 Kg.

ദുരിതാശ്വാസ വിതരണം

വർഷം	വെള്ളപ്പൊക്കം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)			
		വരൾച്ച	കൊടുങ്കാറ്റ്	ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
1993-94	ഒക്ടോബർ 92			799	72,000.00
94	Flood			932	211896.00
1994-95	Oct / Nov. Flood			207	30,000.00
1995-96	Flood			20	7650.00
	Flood			220	10900.00

രാസവള കീടനാശിനി വിവരണം

ക്ര. ന.	സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
		കീടനാശിനി			കീടനാശിനി			കീടനാശിനി		
		രാസവളം	ദ്രവം	ഖരം	രാസവളം	ദ്രവം	ഖരം	രാസവളം	ദ്രവം	ഖരം
	സഹകരണം	95415	435	513	82313	396	494	45116	168	314
	സ്വകാര്യം	31805	69	112	23186	52	99	15615	59	98

ജലസേചന സംവിധാനങ്ങൾ

വാർഡ്	പൊതുകിണർ	കുഴൽ കിണർ	കുളം	പമ്പ് സെറ്റ്	ആയകെട്ട് (ഹെക്ടർ)
-	1610	17	20	260	

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ്	തെങ്ങ് എണ്ണം			രോഗംബാധിച്ച തെങ്ങ്				
	തെങ്ങ് കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കാത്തത് ആകെ	റൂട്ട് വിൽട്ട്	ലീഫ് റൂട്ട്	ബഡ് കട്ട്	സെറ്റം ബ്ലീഡ്	മറ്റുള്ളവ ആകെ
	1658	130754	180566	311320	14445	12639	8569	1340	36993

കാർഷികോ ഉപകരണങ്ങൾ

ഉഴവ് ഉപകരണങ്ങൾ									
വാർഡ്	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക് സ്പെയർ	നാപ്സ്റ്റാക്ക്സ്പെയർ	മറ്റുള്ളവ	മെതിയന്ത്രം	തെങ്ങ് കയറ്റ യന്ത്രം	പോർട്ടബിൾ പമ്പ് സെറ്റ്
-	6	15	75	15	96	-	3	2	21

കൈവശ ഭൂമി - വിസ്തീർണ്ണം

വാർഡ്	നാമമാത്ര കർഷകർ ഒരു ഹെക്ടറിൽ താഴെ	ചെറുകിട കർഷകർ 1-2 ഹെക്ടർ	വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ
-	5354	622	5

മൃഗസംരക്ഷണവും മത്സ്യബന്ധനവും



ആലപ്പുഴജില്ലയിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയിൽ ഗണ്യമായ നേട്ടം കൈവരിച്ചിട്ടുണ്ട്. ഏകദേശം 5400 ൽ പരം സങ്കരവർഗ കറവമാടുകൾ(Breedable cattle) 1200ൽ അധികം നാടൻ ആടുകളും 3140 താറാവുകളും 540 എരുമകളും 40,000 കോഴികളും ഈ പഞ്ചയത്തിലുണ്ട്. നല്ല നിലയിൽ പ്രവൃത്തിക്കുന്ന അഞ്ച് ക്ഷീര സഹകരണ സംഘങ്ങൾ, ഒരു മൃഗാശുപത്രി രണ്ട് കൃത്രിമ ബീജഉല്പാദന കേന്ദ്രങ്ങൾ(പള്ളിക്കൽ, ഇലിപ്പക്കുളം)സ്വകാര്യ മേഖലയിൽ മൂന്ന് ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രം, പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സഹായത്തോടെ ഒരു മുട്ടക്കോഴി വളർത്തൽ കേന്ദ്രം എന്നിവ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ 13 വാർഡുകളിലായി 22 പൊതുക്കുളം, 8 ചാൽ 1 തോട് സ്വകാര്യവ്യക്തികളുടെ ധാരാളം കുളങ്ങളും ഉണ്ട്. ഇവയിൽ എല്ലാം നാടൻ മത്സ്യങ്ങളായ വരാൽ, മുശി, കൈതക്കോര, കാരി, പരൽ എന്നീ മത്സ്യഇനങ്ങളാണ് വളരുന്നത്. സ്വകാര്യ വ്യക്തികൾ മത്സ്യം വളർത്തുന്ന 3 കുളങ്ങൾ ഉണ്ട്. ഇതിൽ ഒന്ന് F.F.D.A.യുടെ സഹായത്തോടെ നടത്തുന്നവയാണ്. ഇവയിൽ വളർത്തുന്ന മത്സ്യങ്ങൾ കട്ല (catla), റോഹു(labco rohith), തിലാപ്പിയ എന്നിവയാണ്.

പദ്ധതിയുടെ ലക്ഷ്യം

പ്രതിശീർഷക പാൽ ഉൽപ്പാദനം (Per capital availability of milk) ഇന്നത്തെ കണക്കനുസരിച്ച് 173 ഗ്രാം ആണ്. F.A.O.(Food and Agricultural Organisation) നിർദ്ദേശമനുസരിച്ച് കുറഞ്ഞത് 220 gm ആയി അത് ഉയർത്തേണ്ടിയിരിക്കുന്നു. അതായത് പാൽ ഉൽപ്പാദനം ഇന്നത്തേതിന്റെ ഇരട്ടിയാക്കണം. അതിനായി വാർഡുകൾ തോറും കാലി വളർത്തലിൽ അഭിരുചിയും താൽപ്പര്യവുമുള്ള ഗുണഭോക്താക്കളുടെ ഒരു പട്ടിക തയ്യാറാക്കണം.

ആടു വളർത്തൽ, കോഴി വളർത്തൽ, മത്സ്യം വളർത്തൽ എന്നീ മേഖലയിൽ താൽപ്പര്യമുള്ളവരുടെയും പട്ടിക തയ്യാറാക്കണം. പാൽ ഉൽപ്പാദക സഹകരണസംഘങ്ങൾ ആവശ്യമുള്ളിടത്ത് പുതിയതായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കണം. (മിൽമയുടെ സഹായം ഇതിനാവശ്യമാണ്.)

ഡെയറി ഫാം.

മാതൃകാ ഡയറിഫാം 5 കറവപ്പശുക്കൾ 10 കറവപ്പശുക്കൾ എന്നീക്രമത്തിൽ ബാങ്കുകളുടെ ധനസഹായത്തോടെ കുറഞ്ഞ പലിശ നിരക്കിൽ സഹായം ലഭ്യമാക്കാവുന്നതാണ്.

തീറ്റപ്പുൽ ഉൽപ്പാദനം

പഞ്ചായത്തിൽ യാതൊരുകൃഷിയും ഇറക്കാതെ വർഷങ്ങളായിതരിശ്ശായിട്ടിരിക്കുന്ന കൃഷിസ്ഥലങ്ങൾ സഹകരണാടിസ്ഥാനത്തിൽ പുല്ലു വളർത്തി കർഷകർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

യൂണിറ്റ് ഒന്ന് (5 കറവപ്പശുക്കൾ വീതമുള്ള യൂണിറ്റ്)

5 പശുക്കളുടെ വില 5 x 12,000	60,000
തൊഴുത്ത് നിർമ്മിക്കുന്ന ചിലവ്	10,000
ഇൻഷുറൻസ് പ്രീമിയം	4,800
പാൽപ്പാത്രങ്ങൾ, തീറ്റപ്പാത്രങ്ങൾ	1,200
തീറ്റപ്പുൽ കൃഷിക്കുള്ള ചിലവ്	4,000
മൊത്തം തുക	80,000

പാൽസംഭരണകേന്ദ്രം (Milk Chilling Plant)

പാലുൽപ്പാദനം വർദ്ധിക്കുന്നതനുസരിച്ച് വിതരണത്തിനും, സംഭരണത്തിനും പഞ്ചായത്തിൽതന്നെ സൗകര്യം ഉണ്ടാക്കണം. അതിനായി പഞ്ചായത്തു തലത്തിൽ സൗകര്യപ്രദമായ സ്ഥാനത്ത് ഒരു Chilling Plant സ്ഥാപിക്കണം (മാവേലിക്കര പാൽസൊസൈറ്റി മാതൃക). തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് മിൽക്ക് വെണ്ടേഴ്സ് (Milk Vendors) ആയി ജോലി ലഭിക്കുവാനും സാധ്യത വർദ്ധിക്കുന്നു. വനിതകളുടെ പങ്കാളിത്തം

മിൽക്ക് ചോക്കളേറ്റ്, പേട, ഐസ്ക്രീം, നെയ്യ് തുടങ്ങിയ പാലുൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് സ്ത്രീകൾക്കും പരിശീലന കേന്ദ്രങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. പരിശീലനം ലഭിച്ച സ്ത്രീകൾക്ക് സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തുതലത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. മൂലധനം ഏകദേശം 1 ലക്ഷം രൂപ കണക്കാക്കണം. ഡീപ്പ് ഫ്രീസർ തുടങ്ങിയവ വാങ്ങുന്നതിന് ഈ തുക ചിലവാക്കാം.

ആടു വളർത്തൽ പദ്ധതി

പുല്ലുകൃഷിക്ക് സ്ഥലപരിമിതികളുള്ള കർഷകർക്ക് പാവപ്പെട്ടവന്റെ പശു (Poor Man's Cow) എന്ന് പരക്കെ അറിയപ്പെടുന്ന ആടുകളെ വളർത്താവുന്നതാണ്. ആടുകൾക്ക് വേണ്ട സസ്യ ഭോജനം ലഭ്യമാക്കുവാൻ പഞ്ചായത്തിന് സാദ്ധ്യതകൾ വളരെയുണ്ട്. ചെറിയ മുതൽ മുടക്കിൽ ചുരുങ്ങിയ കാലയളവിൽ വൻ ലാഭം പ്രതീക്ഷിക്കാവുന്ന പദ്ധതിയാണിത്.

5 ആടുകൾ ഉള്ള യൂണിറ്റ്

5 പെണ്ണാടിന്റെ വില 2000 X 5	10,000
ഇൻഷുറൻസ് പ്രീമിയം	800
	10,800

10 വീട്ടുകാർക്ക് ഒരു ആൺആട് (Buck) വീതം പ്രത്യേകം വംശവർദ്ധനവിന് വേണ്ടി ഉണ്ടായിരിക്കണം.

കോഴി വളർത്തൽ

Egger Nursery

മുട്ടക്കോഴി വളർത്തൽ (Back Yard System) വളരെ സാദ്ധ്യതകൾ പഞ്ചായത്തിനുണ്ട്. ഒരു മുട്ടക്കോഴി നഴ്സറി (Egger Nursery) ആരംഭിച്ചാൽ കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ക്രമീകരിക്കാം. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സെൻട്രൽ ഹാച്ചറിയിൽ നിന്നോ മറ്റു സ്ഥലങ്ങളിൽ നിന്നോ വാങ്ങി 60 ദിവസം പ്രായമാകുന്നതുവരെ വളർത്തിയിട്ട് കർഷകന് വിതരണം ചെയ്യുകയാണ് നഴ്സറിയുടെ ഉദ്ദേശം. മൂലധന ചിലവ് 50,000 പ്രതീക്ഷിക്കാം.

Broiler Unit

ഇറച്ചിക്കോഴി വ്യവസായം നമ്മുടെ പഞ്ചായത്തിൽ വ്യാപകമാക്കിയാൽ അനേകം തോഴിൽ രഹിതർക്ക് ആശ്വാസമായിരിക്കും. രണ്ട് മാസം ആകുമ്പോൾ ചിലവഴിക്കപ്പെടാം എന്നുള്ളത് കൊണ്ട് കോഴിയുടെ രോഗത്തെക്കുറിച്ച് ആശങ്കയ്ക്ക് അവകാശമില്ല. മാർക്കറ്റിന്റെ കാര്യത്തിലും പ്രശ്നമുണ്ടാകുന്നില്ല. ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ സെൻട്രൽ ഹാച്ചറിയിൽ നിന്നും ലഭ്യമാണ്. മൂലധനച്ചിലവ് 50,000 രൂപ പ്രതീക്ഷിക്കാം.

3. Back Yard Paultry Units

എല്ലാ വാർഡുകളിലും വീടൊന്നിന് 5

കോഴികളെ വീതം വിതരണം ചെയ്ത് മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കാം. 5 കോഴികളെ വീതമുള്ള യൂണിറ്റൊന്നിന് കോഴികളുടെ വിലയായി (35 X 5) 175 രൂപ ഗുണഫോക്താക്കളിൽ നിന്ന് ഈടാക്കാവുന്നതാണ്.

പഞ്ചായത്തിൽ ഒരു കശാപ്പുശാല

(Slaughter House)

ഏറ്റവും ഗുണനിലവാരമുള്ള മാംസം ഉൽപ്പാദിപ്പിക്കുവാൻ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു Slaughter House പഞ്ചായത്തിൽ നിർമ്മിക്കുവാൻ പദ്ധതിയുണ്ടാകണം. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ അശാസ്ത്രീയമായ കശാപ്പു നിയന്ത്രിക്കുവാൻ വളരെ സഹായിക്കും. മൃഗങ്ങളെ കൊല്ലുന്നതിനു മുമ്പുള്ള പരിശോധനയ്ക്ക് Ante Mortem Inspection വിധേയമാക്കി വരുന്നതോടെ മാംസത്തിൽക്കൂടി പകരുന്ന രോഗങ്ങളെ ഒരു പരിധി വരെ നിയന്ത്രിക്കുവാനും കഴിയും. 20 ലക്ഷം രൂപയെങ്കിലും മുലധനച്ചിലവ് പ്രതീക്ഷിക്കാം.

രോഗനിയന്ത്രണ പദ്ധതി

(Live Stock disease Control Programme)

കുളമ്പു രോഗം (Food and Mouth Disease) (Anthrax) കാലിവസന്ത (R.P) കരിങ്കാൽ (B.R) തുടങ്ങിയമാരകരോഗങ്ങൾക്ക് ഉരുക്കളെ കുത്തിവയ്ക്കുവാൻ സ്ഥിരം സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. കാലിരോഗവിമുക്തമേഖലയായി നമ്മുടെ പഞ്ചായത്ത് പ്രഖ്യാപിക്കപ്പെട്ടാൽ മാത്രമേ ഉൽപ്പന്നങ്ങൾ വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയക്കുവാൻ അനുമതി കിട്ടുകയുള്ളൂ. തീവ്രമായ രോഗനിയന്ത്രണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാൻ ഒരു മൊബൈൽ യൂണിറ്റ് പഞ്ചായത്തിനാവശ്യമാണ്. വാക്സിനുകളുടെ മാതൃകാതൊഴുത്തുകൾ നിർമ്മിക്കുവാനുള്ള ധനസഹായപദ്ധതി (Construction of Cattle sheds)

കറവമാടുകൾക്ക് ഏറ്റവും കൂടുതൽ പിടിപെടുന്നതും പാലുൽപ്പാദനം 2 ദിവസം കൊണ്ട് പൂർണ്ണമായും നിൽക്കുന്നതുമായ അകിടുവീക്കം (Mastitis) എന്ന രോഗം പലപ്പോഴും വൃത്തിഹീനമായി അടിത്തറയില്ലാത്ത തൊഴുത്തിൽ നിന്നും പരിസരത്തുനിന്നുമാണ് പകരുന്നത്. അതിന് ഫലപ്രദമായ മുൻകരുതൽ എന്നനിലയിൽ നല്ല തൊഴുത്തുകൾ നിർമ്മിക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കണം. കാർഷികസർവ്വകലാശാല നിർദ്ദേശിക്കുന്ന മാതൃകാതൊഴുത്തുകൾ പഞ്ചായത്തിൽ തിരിഞ്ഞെടുക്കപ്പെടുന്ന കർഷകന് നിർമ്മിച്ച് കൊടുക്കുവാൻ പദ്ധതിയിൽ വകകൊള്ളിക്കണം.

പേവിഷബാധ നിർമ്മാർജ്ജനപദ്ധതി

(Rabies Eradication Scheme)

പ്രധാനമായും രണ്ട് കാര്യങ്ങൾക്ക് മുൻഗണന നൽകേണ്ടിയിരിക്കുന്നു.

1. അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവ് നായ്ക്കളെ നശിപ്പിക്കുക. അതിനായി പഞ്ചായത്തിൽ തന്നെ തെരഞ്ഞെടുക്കപ്പെടുന്ന ഒരാളെ പരിശീലനം നൽകി സ്ഥിരമായി നിയമിക്കുക.

2. പ്രതിരോധ കുത്തിവയ്പ്പിനുള്ള വാക്സിൻ ലഭ്യമാക്കി പഞ്ചായത്തിലുള്ള മുഴുവൻനായ്ക്കൾക്കും ലൈസൻസ് സമ്പ്രദായം നിലവിൽ വരുത്തണം. പഞ്ചായത്തിന്റെ മുദ്ര ആലേഖനം ചെയ്ത ബെൽറ്റുകൾ ഐഡൻറിറ്റിക്കുവേണ്ടി എല്ലാനായ്ക്കൾക്കും നൽകണം. അല്ലാത്ത നായ്ക്കളെ പിടിച്ചു നശിപ്പിക്കുവാനുള്ള അധികാരം (Dog Catcher Employee of the Panchayat) നൽകുന്ന നിയമവ്യവസ്ഥ സ്ഥാപിക്കണം.

Male Calf Fattering Scheme (മൂരിക്കിടാക്കളെ മാംസ ഉൽപ്പാദനത്തിന് വേണ്ടി വളർത്തുക)

സങ്കരവർഗ്ഗ മൂരിക്കിടാവുകളെ അവഗണനമൂലം ഉപയോഗശൂന്യമാക്കുന്ന പ്രവണത അവസാനിപ്പിക്കുവാൻ ഇവകളെ തെരഞ്ഞെടുത്ത് വളർത്തി മാംസ ഉൽപ്പാദനത്തിന് വേണ്ടി വളർത്തുന്ന പദ്ധതി ഉണ്ടാക്കണം. ഒരു വർഷം കൊണ്ട് ഏകദേശം 250 kg. തൂക്കം ഉണ്ടാകുന്ന കിടാവുകൾ ലഭ്യമാണ്. നമ്മുടെ പഞ്ചായത്തിൽ മാംസത്തിന് വിപണി കണ്ടെത്തുവാൻ ബുദ്ധിമുട്ടില്ലാത്തിടത്തോളം ഈ പദ്ധതിക്ക് വളരെ പ്രസ

ക്തിയുണ്ട്.

കേരള സംസ്ഥാന ക്ഷീരവികസനവകുപ്പിന്റെ ബ്ലോക്കുതലത്തില്ലുള്ള ഒരു ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ് ചുനക്കര പഞ്ചായത്തിലെ കരിമുളക്കലിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനമേഖല ഭരണിക്കാവിലുമുണ്ട്. ഈ ഓഫീസുവഴി നടപ്പാക്കിവരുന്ന പരിപാടികൾ ചുവടെചേർക്കുന്നു.

1. ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ്

പാലിന്റെയും പാലുല്പന്നങ്ങളുടെയും ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ വനിതകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് ഈ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണത്തിൽ ഗുണഭോക്താക്കൾക്ക് പരിശീലനം കൊടുക്കുന്നതിനും യൂണിറ്റിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി യൂണിറ്റ് ഒന്നിന് 22,000 രൂപ സബ്സിഡി നൽകുന്നു.

2. വാണിജ്യാ അടിസ്ഥാനത്തിൽ ഉൾകൃഷി

ഒരു ഹെക്ടർ സ്ഥലത്ത്(2.5 ഏക്കർ) തനിവിളയോ, ഇടവിളയോ ആയി പുൽകൃഷിനടപ്പിലാക്കുന്ന കർഷകന് 15000/- രൂപ സബ്സിഡി നൽകുന്നു. സ്വന്തമായി സ്ഥലം ഇല്ലാത്തകർഷകന് മൂന്ന് വർഷത്തേക്ക് സ്ഥലം പാട്ടത്തിനെടുത്ത് കൃഷിചെയ്യാവുന്നതാണ്.

3. പ്രത്യേക ഘടന പദ്ധതി

അംഗീകൃത I.H.D.P കോളനികളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ കർഷകന് കാലിതോഴിത്ത് നിർമ്മിക്കുന്നതിനും കറവപശുവിനെ വാങ്ങുന്നതിനുമായി 6450/-രൂപ സബ്സിഡി നൽകും.

4. പ്രത്യേക കേന്ദ്രസഹായപദ്ധതി

കോളനികൾ ഇല്ലാത്തെ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ കർഷകന് കലിതൊഴിത്ത് നിർമ്മിക്കുന്നതിനും വാങ്ങുന്നതിനുമായി 6450/- രൂപ സബ്സിഡി നൽകുന്നു.

5. മാതൃകാ ഡയറിയൂണിറ്റ്

സങ്കരവർഗ്ഗത്തിൽ പെട്ട അത്യുല്പാദനശേഷിയുള്ള രണ്ട് കറവപശുക്കളെ വങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും കുറഞ്ഞത് 50സെന്റ് സ്ഥലത്തെങ്കിലും പുൽകൃഷിചെയ്യുന്നതിനും വരവു ചെലവ് കണക്ക്കൃത്യമായി സൂക്ഷിക്കുന്നതിനും താല്പര്യമുള്ളകർഷകന് 7000/- രൂപ സബ്സിഡി നൽകുന്നു.

കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം

കാലിത്തിറ്റ സബ്സിഡി നിരക്കിൽ പാൽ സൊസൈറ്റികളിൽ കൂടിവിതരണം ചെയ്യുന്ന പദ്ധതി നമ്മുടെ പഞ്ചായത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട രണ്ട് സൊസൈറ്റികളിൽ നടപ്പാക്കിവരുന്നു. ബാക്കിയുള്ള മൂന്ന് സൊസൈറ്റികളിൽ കൂടിയും നടപ്പാക്കണം. പശുക്കുട്ടികൾ ജനിച്ചാൽ നാലുമാസത്തിനും ഒൻപതു മാസത്തിനും ഇടയിൽ ഈ പദ്ധതിയിൽ അംഗമാക്കി 24മാസം വരെ തീറ്റനല്കുന്ന പദ്ധതിയിൽ എല്ലാ കിടാങ്ങളേയും ഉൾപ്പെടുത്തണം. പ്രത്യേക ഘടകപദ്ധതി അനുസരിച്ച് ആവശ്യമുള്ളവർക്ക് പശുകിടാവുകൾ, ആടുകൾ, കോഴികൾ എന്നിവയെ വിതരണം ചെച്ചണം.

ഐ. ആർ. ഡി. പദ്ധതിയിൽ കറവമാടുകളുടെ വിതരണം

ബാങ്കുകളുടെ ധനസഹായത്തോടെ കറവമാടുകളെ വിതരണം ചെയ്തുവരുന്നു. ഈ പദ്ധതിയുടെ വൈകല്യം 7200/- രൂപയാണ്. ഒരു പശുവിനെ വാങ്ങുവാൻ നല്കുന്നത്. ഈ നിരക്ക് ഒട്ടും പര്യാപ്തമല്ല. 10ലിറ്റർ പാൽകിട്ടുന്ന പശുവിന് ചുരുങ്ങിയത് 12,000/- രൂപ വിലകൊടുക്കണം. 10ലിറ്റർ പാൽകിട്ടുന്ന പശുഅല്ലങ്കിൽ ലോൺതിരിച്ചടക്കുവാൻ വളരെ ബുദ്ധിമുട്ടനുഭവിക്കും. ഇൻഷ്വറൻസ് തുക സൗജന്യമാക്കുകയും വേണം. ഐ. ആർ. ഡി. പി ഗുണഭോക്താക്കളുടെ കന്നുകാലികൾക്ക് തീറ്റ സൗജന്യനിരക്കിൽ നല്കുവാനും പദ്ധതിഉണ്ടാക്കണം.

ചികിത്സ – ആശുപത്രിപ്രവർത്തനം

ആശുപത്രിയിൽ മരുന്നുകളുടെ ലഭ്യത ഒരു വലിയ പ്രശ്നമാണ്. ഒരു വർഷത്തിൽ നൽകുന്ന മരുന്നുകൾ മൂന്ന് മാസത്തേക്ക് പോലും തികയുന്നില്ല. കാൽസ്യം ഇഞ്ജക്ഷനുള്ള മുന്നുകളും ആവശ്യത്തിന് ലഭ്യമാക്കണം. നിലവിലുള്ള കുളങ്ങളും ചാലുകളും തോടും കാലാതാലങ്ങളിൽ മണ്ണുംചെളിയും മാറ്റി വെടുപ്പാക്കാതിരിക്കുന്നതുകൊണ്ട് ഉപയോഗശൂന്യം ആയിക്കൊണ്ടിരിക്കുകയാണ്. വേനൽകാലത്ത് വെള്ളംവറ്റിവരളുന്നതുകൊണ്ട് മത്സ്യങ്ങൾ നശിച്ചുപോകുന്നു. വയലുകളിൽ കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കുന്നതുകൊണ്ടും ജലനിർഗമന മാർഗ്ഗങ്ങൾ ഇല്ലാതെ ജലം കെട്ടിക്കിടക്കുന്നതുകൊണ്ടും മത്സ്യങ്ങൾക്ക് രോഗങ്ങൾ കണ്ടുവരുന്നു. ആഴം ഇല്ലാത്താകുളങ്ങളുടെ ആഴം വർദ്ധിപ്പിക്കണം. സൈഡ്ഭിത്തികൾ കെട്ടി കുളങ്ങളെ സംരക്ഷിക്കണം. പഞ്ചായത്തുതലത്തിൽ മീൻവളർത്തലിനെപ്പറ്റി വേണ്ടനിർദ്ദേശങ്ങൾ കൊടുക്കണം. കുളങ്ങൾ മീൻവളർത്തലിന് ദീർഘകാലാടിസ്ഥാനത്തിൽ ആവശ്യമുള്ളവർക്ക് ലേലം ചെയ്തു കൊടുക്കണം. മത്സ്യത്തിന് വിപണന സൗകര്യമുണ്ടാകണം.

4 1 വളർത്തുമൃഗസംഖ്യ.

വാർഡ്	കാളനാടൻ		കാളസങ്കരം		പശുനാടൻ		പശുസങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആകെ
	വംശ വർദ്ധന	മറ്റു ള്ളവ	വംശ വർദ്ധന	മറ്റു ള്ളവ	കറവ യുള്ളത്	കറവ യല്ലാത്തത്	കറവ യുള്ളത്	കറവ യില്ലാത്തത്	കറവ യുള്ളത്	കറവ യില്ലാത്ത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
1	-	-	-	-	2	3	110	281	11	15	2	110	220	754
2	-	-	-	-	6	4	114	287	2	3	-	80	215	711
3	-	-	-	-	3	7	112	290	1	3	-	70	240	663
4	-	2	-	-	4	9	130	260	2	3	-	90	235	753
5	-	-	-	-	7	6	104	310	1	2	-	96	220	746
6	-	-	-	-	5	9	118	305	2	3	-	108	226	776
7	-	-	-	-	2	7	115	292	3	2	2	94	241	758
8	-	-	-	-	9	4	120	298	-	-	-	96	237	764
9	-	2	-	-	13	8	113	285	-	-	-	90	226	735
10	-	-	-	-	4	2	121	309	1	-	-	78	241	756
11	-	-	-	-	7	6	124	306	-	-	-	82	226	752
12	-	-	-	-	9	4	113	308	-	-	-	98	234	766
13	-	-	-	-	6	3	124	310	1	-	-	94	227	765



4 2 വളർത്ത് പക്ഷിസംഖ്യ

വാർഡ്	പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
1	200	1400	700	11	19	
2	251	1200	850	06	20	
3	150	1350	825	07	18	
4	225	1450	750	04	20	
5	175	1300	800	07	18	09
6	230	1425	650	05	19	
7	210	1600	525	02	21	
8	275	1700	420	05	24	
9	150	1375	650	02	18	
10	225	1425	725	03	22	
11	125	1350	800	05	21	07
12	250	1450	875	04	18	
13	275	1525	850	03	21	

4.4 പേപ്പട്ടി വിഷബാധ, പ്രതിരോധം, ചികിത്സ.

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച
പ്രതിരോധ കുത്തിവെപ്പ് നല്കിയവരുടെ എണ്ണം				1100	
കടിയേറ്റതിനുശേഷം കുത്തിവെപ്പ് നടത്തിയവയുടെ എണ്ണം	37		10		

4.5 കൃത്രമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗ ഇനം	ആകെ എണ്ണം	കൃത്രമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയവ.
പശു	3075	3075	1800
കിടാരി	1250	1250	875
എരുമ	25	25	15

4.3 രോഗവിവരങ്ങൾ(ഒരു വർഷത്തെ)

നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	ആന
1	2	3	4	5	6	7	8	9	11
1.	ദഹന സംബന്ധമായ	1440	03	360	-	24			
2.	ശ്വാസകോശസംബന്ധം	230	02	420	-	34			
3.	ഉപാചർച്ച സംബന്ധം	240	03	74					
4.	ത്വക് രോഗങ്ങൾ	240	-	07	-	180			
5.	ധാതുലവണങ്ങളുടെ	220	02	34	60				
6.	പാദരോഗങ്ങൾ	2400	02	210	-	700			
7.	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	200	01	76	-	24			
8.	വന്ധ്യത	125	01	21					
9.	അകിടുവീക്കം	180	01	48					
10.	മുടന്തൻപനി	370	01	13					
11.	പകർച്ചവ്യാധികൾ						14000	75	



വ്യവസായം



ഭരണിക്കാവ് പഞ്ചായത്ത്, വ്യവസായ മേഖലയിൽ ഏറ്റവും പിന്നോക്കംനിൽക്കുന്ന ഒരു പ്രദേശമാണ്. വൻകിട - ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമുള്ള എല്ലാവിധ സൗകര്യങ്ങളും ഉള്ള ഒരു പ്രദേശത്ത് ഇന്നു വരെ ഒരു വ്യവ്സായ സംരംഭവും എടുത്തുപറയത്തക്ക രീതിയിൽ തുടങ്ങിയിട്ടില്ല. കൃഷി അനാകർഷകമായി വരുന്ന ഈ കാലഘട്ടത്തിൽ വ്യവസായവൽക്കരണം ഒന്നുകൊണ്ടു മാത്രമെ ഈ പ്രദേശത്തെ അഭ്യസ്തവിദ്യരുടേയും, വിദഗ്ദ്ധതൊഴിലാളികളുടേയും തൊഴിലില്ലായ്മ ഒരു പരിധി വരെയെങ്കിലും പരിഹരിക്കാൻ കഴിയുകയുള്ളു. ചില ഫർണീച്ചർ വ്യവസായ സ്ഥാപനങ്ങളും, പ്രിന്റിംഗ് പ്രസ്സുകളും, 2 തീപ്പെട്ടി വ്യവസായ യൂണിറ്റും, 2-ാം വാർഡിൽ ഒരു നൂൽനൂൽപ്പുകേന്ദ്രം, 2 മെഴുകുതിരി വ്യവസായ യൂണിറ്റുകളും മാത്രമേ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. അടുത്ത കാലത്ത് ഒരു ബിസ്കറ്റ് വ്യവസായ സംരംഭവും, ഒരു വയർ കട്ട് ഇഷ്ടിക ഫാക്ടറിയും, ഒരു മെറ്റൽ ക്രൈമർ യൂണിറ്റും, ചില മെറ്റൽ ക്രഷർ വ്യവസായ യൂണിറ്റുകളും തുടങ്ങിയിട്ടുണ്ട്. ഈ പ്രദേശത്തെ സർവ്വോന്മുഖമായ പുരോഗതിക്ക് വ്യവസായ വൽക്കരണം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമാണ്. വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസ്സവും, വൈദ്യുതിയുടെ ലഭ്യതക്കുറവും, ജനങ്ങളിൽ വ്യവസായിക മനോഭാവം ഇല്ലായ്മയുമാണ് വ്യവസായ സംരംഭങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള കാരണങ്ങൾ. നിലവിലുള്ള ചില വ്യവസായ യൂണിറ്റുകൾ പീഡിത വ്യവസായ ലിസ്റ്റിൽ ഉൾപ്പടുത്തി പുനരുദ്ധരിക്കേണ്ടതാണ്.

I.R.D.P സർവ്വേപ്രകാരം ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP) പ്രകാരം 52 പേരെ കണ്ടെത്തിയിട്ടുണ്ട്. എന്നാലവർക്ക് പ്രസ്തുത പദ്ധതിപ്രകാരം ഉപകരണം വിതരണം ചെയ്തിട്ടില്ല.

പ്രശ്നങ്ങൾ

കായങ്കുളമാണ് ഏറ്റവുമടുത്ത റെയിൽവേ സ്റ്റേഷൻ. കായംകുളം - പുനലൂർ റോഡും ഈ പഞ്ചായത്തിൽ കൂടിയാണ്. വ്യവസായ വികസനത്തിനാവശ്യമായ റെയിൽവേ, റോഡുഗതാഗത സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ തൃപ്തികരമാണ്.

37.8 ച. കി. മീ. വിസ്തീർണ്ണവും, 34573 വരുന്ന ജനസംഖ്യയും, 9950 വീടുകളും ഉള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങൾ നല്ലൊരുവിഭാഗമായിട്ടും പ്രസ്തുത ഉൽപ്പന്നങ്ങൾ ഉണ്ടാക്കിവിൽക്കുന്ന ഒരു വ്യവസായ

യൂണിറ്റുപോലും ഉണ്ടാകാത്തത് ഒരു പരിതാപകരമായ സ്ഥിതിയാണ്. വ്യവസായ വളർച്ചയ്ക്ക് അവശ്യഘടകങ്ങളായ സമ്പൂർണ്ണ സാക്ഷരത, ഉയർന്ന ആരോഗ്യസ്ഥിതി, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ജനക്ഷേമപ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം, സൗഖ്യമായി ജീവിക്കുന്നതിനുള്ള തൽപ്പരത ഇവയെല്ലാം നിലവിലുണ്ടെങ്കിലും വ്യവസായ വളർച്ച ഉണ്ടകാത്തതിന് കാരണം താഴെപ്പറയുന്നവയാണ്.

1. പ്രധാന കാർഷികോൽപ്പന്നമായ നാളീകേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
2. ഖാദി, കൈത്തറി, അച്ചടി, അച്ചാർനിർമ്മാണം തുടങ്ങിയ മേഖലകളിലെ കുറഞ്ഞകൂലി നിരക്ക്
3. സഹകരണ വ്യവസായസ്ഥാപനങ്ങളുടെ അഭാവം
4. സാങ്കേതിക പരിജ്ഞാനക്കുറവ്
5. ധനസഹായം കിട്ടാനുള്ള പ്രയാസങ്ങൾ
6. വിപണന സാദ്ധ്യതക്കുറവ്
7. വ്യവസായ മേഖലകളിലെ തൊഴിലാളികൾക്കും, കൈത്തൊഴിലുകാർക്കും പരിശീലനം ലഭിക്കുന്നില്ല.
8. വൈദ്യുതിയുടെ അപര്യാപ്തത
9. സാങ്കേതിക പരിശീലനം ലഭിച്ചിട്ടുള്ള അഭ്യസ്ഥവിദ്യർക്ക് തൊഴിൽ ലഭിക്കുവാനുള്ള സാദ്ധ്യതയില്ല.
10. ഒരു വ്യവസായ സംരംഭകന് ആവശ്യമായ മാനസിക തയ്യാറെടുപ്പിന്റെ പ്രേരണക്കുറവ്
11. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ബോധവൽക്കരണക്കുറവ്.

സാദ്ധ്യതകൾ

ഈ പഞ്ചായത്തിലെ വിദ്യാസമ്പന്നർ ആയ യുവതീയുവാക്കൾ കൂടുതലും മറ്റ് സ്ഥലങ്ങളിൽ ജോലിചെയ്യുന്നവരാണ്. ഉദ്ദേശം 700 പേർ കേരളത്തിന് പുറത്ത് ഇന്ത്യയിലും, 989 പേർ വിദേശത്തും ജോലിചെയ്യുന്നു. വളരെയേറെ വികസന സാദ്ധ്യതകൾ ഉള്ളതാണ് നമ്മുടെ പഞ്ചായത്ത്. പരമ്പരാഗത മേഖലകളിൽ കൈത്തറി രംഗത്ത് മാത്രം കേവലം 75 പേർ മാത്രം ജോലി നടത്തുന്നു. വ്യക്തികളുടെ ഉടമസ്ഥതകളിലായി 425 പേർ ജോലിചെയ്യുന്നു. സ്ത്രീതൊഴിലാളികളും ഈ രംഗത്ത് പ്രവർത്തിചെയ്യുന്നു.

നിർദ്ദേശങ്ങൾ

1. ഊർജ്ജ ഉപഭോഗം കുറഞ്ഞ ചെറുകിട വ്യവസായയൂണിറ്റുകൾ ഈ പഞ്ചായത്തിലാരംഭിക്കുക.
2. ഈ പഞ്ചായത്തിലെ വനിതകൾക്ക് സ്ഥിരമായ തൊഴിൽ സാദ്ധ്യതകൾക്ക് വേണ്ടി വനിതാ വ്യവസായ സഹകരണസംങ്ങൾ അടിയന്തിരമായി രൂപീകരിച്ച് ഉൽപാദനം തുടങ്ങുക. ഇതിന് വേണ്ടി ജില്ലാവ്യവസായ കേന്ദ്രം ജനറൽമാനേജർ ഭരണിക്കാവ് ബ്ലോക്ക് വ്യവസായ വികസന ആഫീസർ, ഹരിപ്പാട് സീനിയർ വ്യവസായ സഹകരണ സംഘം ഇൻസ്പെക്ടർ എന്നിവർ സത്വര നടപടികൾ സ്വീകരിക്കുക.
3. S.S.L.C വരേ പഠിച്ച് തൊഴിൽ രഹിതരായുള്ളവർക്ക് പ്രധാനമന്ത്രിയുടെ തൊഴിൽദാനപദ്ധതിപ്രകാരം (Priminister's Rosgar Yojana) ആവശ്യമായ വായ്പ വ്യവസായം തുടങ്ങുന്നതിന് അനുവദിക്കുന്നതിനും, അവയഥാസമയം വിതരണം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുക. വായ്പകൊടുക്കാൻ വിമുഖത കാണിക്കുന്ന ബാങ്ക് മാനേജർമാർക്ക് Leas Bank Officer, District Level Banker's Committee, State Level Bank Committee എന്നിവർ വായ്പകൾ കൊടുക്കുന്നതിന് കർശനമായ നിർദ്ദേശങ്ങൾ നൽകുക. സംസ്ഥാന വാണിജ്യ വ്യവസായ ഡയറക്ടർക്കും, ജില്ലാ വ്യവസായകേന്ദ്ര ജനറൽ മാനേജർക്കും എല്ലാ ധനകാര്യ സ്ഥാപനങ്ങളുടേയും മേൽ Control and Supervision Powers ഈ വിഷയത്തിലേക്ക് നൽകുക. അവരുടെ ഈ അവകാശവും, അധികാരവും

വികേന്ദ്രീകരിച്ച് താലൂക്ക് വ്യവസായ ആഫീസർ, ബ്ലോക്ക് വ്യവസായ വികസന ആഫീസർ എന്നിവർക്ക് നൽകേണ്ടതാണ്.

4. പഞ്ചായത്തു തലത്തിൽ വ്യവസായവകുപ്പ് വ്യവസായവികസന സെമിനാറുകൾ വർഷം തോറും നടത്തി വ്യവസായ സംരംഭകരുടെ അഭിരുചി അനുസരിച്ച് വ്യവസായസംരംഭങ്ങൾ തുടങ്ങാനുളള ബോധവൽക്കരണം നടത്തണം. പ്രസ്തുതസെമിനാറുകളിൽ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ, താലൂക്ക് വ്യവസായ ആഫീസർ വിവിധ ധനകാര്യസ്ഥാപനങ്ങളുടെ (Kerala Financial Corporation, Scheduled Banks) മാനേജർമാർ, ബ്ലോക്കിലെ വ്യവസായ വികസന ആഫീസർ എന്നിവർ നിർബന്ധമായും പങ്കെടുക്കണം. വ്യവസായങ്ങൾ തുടങ്ങുവാനുളള താൽക്കാലിക രജിസ്ട്രേഷന് വേണ്ടിയുളള അപേക്ഷകൾ പ്രസ്തുത സെമിനാറിൽ തയ്യാറാക്കണം. വിവിധ വ്യവസായ സംരംഭകർക്ക് ആവിശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ ശരിയാക്കികൊടുക്കണം.

5. വ്യവസ്ായം തുടങ്ങുന്നതിനാവശ്യമായ വൈദ്യുതി കണക്ഷൻ, വൈദ്യുതിയുടെ ലഭ്യത എന്നിവ യഥാസമയം അനുവദിക്കുവാൻ സംസ്ഥാനതലത്തിൽ തീരുമാനങ്ങളെടുക്കുക.

6. താലൂക്ക്, ജില്ല വ്യവസായകേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി വ്യവസായസംരംഭകർക്ക് ആവിശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാവസരം നൽകുക.

7. വായ്പകൾ ലഭിക്കുന്നതിന് വേണ്ടി കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ, ബാങ്കുകൾ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ വായ്പാ നയങ്ങൾ ഉദാരമാക്കുന്നതിനും, പലിശ നിരക്ക് കുറക്കുന്നതിനും ആവിശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നിർദ്ദേശങ്ങൾ നൽകുക.

8. പട്ടികജാതി വികസന പദ്ധതിപ്രകാരം പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വ്യവസായം തുടങ്ങുന്നതിനുളള പലിശരഹിത വായ്പാ പരിധി 25000 രൂപയാക്കുകയും വായ്പകൾ കാലതാമസം കൂടാതെ ജില്ലാവ്യവസായകേന്ദ്രത്തിൽ നിന്ന് അനുവദിക്കുകയും ചെയ്യുക.

9. കൂടുതൽ വനിതാവ്യവസായ സംരംഭങ്ങൾ ഈ പഞ്ചായത്തിൽ തുടങ്ങുന്നതിന് വേണ്ടി വനിതകൾക്കാവശ്യമായ ബോധവൽക്കരണം നടത്തുക. വനിതാ വ്യവസായ സഹകരണസംഘങ്ങളും ആരംഭിക്കുന്നതിന് വേണ്ടി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ഡപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സീനിയർ വ്യവസായ സഹകരണസംഘം ഇൻസ്പെക്ടർ എന്നിവർ വനിതകൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

10. കാർഷിക അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുക

11. ഈ പഞ്ചായത്തിലെ അഭ്യസ്തവിദ്യരും, സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുളള യുവതീയുവാക്കളെ ഉൾപ്പെടുത്തി സാങ്കേതിക വ്യാവസായിക സഹകരണസംഘങ്ങൾ രൂപീകരിക്കുക.

12. മീഡിയം സ്കെയിൽ ഇൻഡസ്ട്രീസ് രൂപീകരിച്ച് ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മയ്ക്ക് ശാശ്വതപരിഹാരം കണ്ടെത്തുക.

13. റൂറൽ ആർട്ടിസാൻ പ്രോഗ്രാം പ്രകാരം ഈ പഞ്ചായത്തിലെ യോഗ്യതയുളള തൊഴിലാളികൾക്ക് ആവശ്യമായ തൊഴിൽ ഉപകരണങ്ങളും, സാമ്പത്തിക സഹായവും അനുവദിക്കുക.

14. ബ്ലോക്കിലെ വ്യവസായ വികസന ആഫീസറെ വ്യവസായ പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി നോഡൽ ആഫീസറായി നിയമിക്കുക.

ബ്ലോക്കിലെ വില്ലേജ് എക്സ്റ്റെൻഷൻ ആഫീസറൻമാരുടെ സഹായത്തോടുകൂടി വ്യവസായ വികസന ആഫീസർ വ്യവസായസംരംഭകരുടെ ഒരു സർവ്വേ വാർഡുതലങ്ങളിൽ

നടത്തി വിവരങ്ങൾ ശേഖരിക്കണം. പിന്നീട് പഞ്ചായത്തുതല വ്യവസായ സെമിനാറുകൾ നടത്തി അവർക്ക് അനുയോജ്യമായ വ്യവസായ സംരംഭങ്ങൾ തെരെഞ്ഞെടുത്ത് അവ താലൂക്ക് വ്യവസായ ആഫീസിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആയി താൽക്കാലിക രജിസ്ട്രേഷൻ നൽകി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ എല്ലാ പ്രചോദനങ്ങളും നൽകി സഹായിക്കുക.

15. ഈ പഞ്ചായത്തിലെ എല്ലാ പട്ടികജാതി കോളനികളിലും പടിപടിയായി ഐ. എച്ച്. ഡി. പി. പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് കോളനികളുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി പരിശ്രമിക്കുക.

16. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വ്യവസായം തുടങ്ങുവാനും ആവശ്യമായ വായ്പ അർഹരായ ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർക്കും നൽകണം. കോർപ്പറേഷൻ ഉദ്യോഗസ്ഥന്മാർ പരസ്യം നൽകി പഞ്ചായത്തു തലത്തിൽ നിന്നും അപേക്ഷകൾ സ്വീകരിക്കേണ്ടതാണ്.

17. ഈ പഞ്ചായത്തിൽ സുലഭമായിട്ടുള്ള നാളീകേരം സംഭരിച്ച് വെളിച്ചെണ്ണയും, അനുബന്ധ ഭക്ഷ്യവസ്തുക്കളും നിർമ്മിക്കുന്ന ചെറുകിട വ്യവസായ ഫാക്ടറി സ്ഥാപിക്കുക.

18. ഒരു മിൽമാ ബൂത്തും, ഒരു പാൽസംസ്കരണ യൂണിറ്റും സ്ഥാപിക്കുക. പാൽ അനുബന്ധമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുക. ഡയറി ഡിപ്പാർട്ടുമെന്റ് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക. 19. തീപ്പെട്ടി, മെഴുകുതിരി നിർമ്മാണ യൂണിറ്റുകൾ എല്ലാ വാർഡുകളിലും ആരംഭിക്കുക.

20. ഒരു ചെരുപ്പ് നിർമ്മാണഫാകടറി ആരംഭിക്കുക.

21. റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റുകൾ ആരംഭിക്കുക.

22. ഒരു അഗ്രികൾച്ചറൽ ഇംപ്ലിമെന്റ്സ് ഫാക്ടറി ആരംഭിക്കുക.

23. ഒരു ഹാന്റിക്രാഫ്ട് ഇൻഡസ്ട്രിയൽ കോപ്പോറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങുക.

24. ഒരു മോഡേൺ ഫർണീച്ചർ മാനുഫാക്ചറിംഗ് ഇന്റസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങുക.

25. ഇലക്ട്രോണിക്സ് ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങുക.

26. ടെലികമ്മ്യൂണിക്കേഷനിൽ വൈദഗ്ദ്ധ്യത നേടിയ വിമുക്തഭടന്മാർ, കമ്മ്യൂണിക്കേഷന്റെ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് ഒരു വ്യവസായ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.

27. വീടുകൾ അലങ്കരിക്കുന്ന കൗതുക വസ്തുക്കളും, കളിമൺ പാത്രനിർമ്മാണവും, വ്യാവസായിക സഹകരണസംഘം രൂപീകരിച്ച് നടത്തുക.

28. നാളീകേര പൗഡർ നിർമ്മാണ ഫാകടറി ആരംഭിക്കുക.

29. വാഷിംഗ് സോപ്പ് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

30. ഒരു പ്ലാസ്റ്റിക് മാനുഫാക്ചറിംഗ് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി ആരംഭിക്കുക.

31. ഖാദിബോർഡു നടപ്പാക്കുന്ന വിവിധ വ്യവസായ സംരംഭങ്ങൾ ഈ പഞ്ചായത്തിലും നടപ്പാക്കണം. ജില്ലാ ഖാദിബോർഡ് പ്രൊജക്ട് ആഫീസർ, അദ്ദേഹത്തിന്റെ ഫീൽഡുതല ഉദ്യോഗസ്ഥന്മാരെ പഞ്ചായത്തിൽ നിയോഗിച്ച് ഖാദി ബോർഡ് ധനസഹായം വിനിയോഗിച്ച് വ്യവസായം തുടങ്ങുവാനാഗ്രഹിക്കുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും, അവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം. ഇതിന്റെ മുന്നോടിയായി ഖാദി ബോർഡ്

വ്യവസായ വകുപ്പുമായി സഹകരിച്ച് സെമിനാറുകൾ നടത്തി വ്യവസായ സംരംഭകരെ കണ്ടെത്തണം.

32. ഒരു കശുവണ്ടി ഫാക്ടറി സ്ഥാപിച്ച് വനിതകളുടെ തൊഴിലില്ലായമയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണണം.

33. കറ്റാനം കേന്ദ്രമാക്കി ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ച് ഉൽപ്പാദനക്ഷമതയുള്ള വ്യവസായയൂണിറ്റുകൾ രൂപീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

34. അലൂമിനിയം ഫാബ്രിക്കേഷൻ യൂണിറ്റ്, വയർ നെയിൽ യൂണിറ്റ് എന്നിവ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തനങ്ങൾ തുടങ്ങുക.

35. കോഴിവളർത്തൽ കേന്ദ്രങ്ങൾ, ബ്രോയിലർ ചിക്കൻ കേന്ദ്രങ്ങൾ മുട്ടവിപണനകേന്ദ്രങ്ങൾ എന്നിവ ഈ പഞ്ചായത്തിലാരംഭിക്കുക.

36. പിഡിതവ്യവസായപുനരുദ്ധാരണപ്പദ്ധതി (Sick Unit Rehabilitation Programme) ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും സഹകരിക്കുക. ഇവ സഹകരിക്കാത്തതിനാൽ പീഡിതവ്യവസായങ്ങളുടെ പുനരുദ്ധാരണം നടക്കുന്നില്ല.

37. വ്യവസായ ഡിപ്പാർട്ട്മെന്റിൽ നിന്നും P.M.T രജിസ്ട്രേഷനുകൾ ന ൽകുന്ന നടപടികളിൽ ധാരാളം അപാകതകളുണ്ട്. പലപ്പോഴും പഴയ ഡി. രജിസ്റ്റർ ചെയ്യേണ്ട യൂണിറ്റുകൾക്ക് P.M.T രജിസ്ട്രേഷൻ നൽകുന്നു. കൂടാതെ ടാർജറ്റ് തികയുന്നതിന് വേണ്ടി ബ്ലോക്ക് വികസന ആഫീസർമാർ 25 രൂപാവീതം സ്വന്തം പോക്കറ്റുകളിൽ നിന്നും എടുത്ത് P.M.T രജിസ്ട്രേഷനുള്ള അപേക്ഷകൾ തയ്യാറാക്കുന്നു. വ്യവസായ ഡിപ്പാർട്ടുമെന്റിൽനിന്നും യാതൊരു സാമ്പത്തികസഹായവും ലഭിക്കാൻ അർഹതയില്ലാത്തതിനാൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ P.M.Tരജിസ്ട്രേഷനുവേണ്ടി തയ്യാറാക്കുന്നില്ല. മേൽപ്പറഞ്ഞവിധം രജിസ്ട്രേഷൻ കൊടുത്ത് വ്യവസായയൂണിറ്റുകളുടെ എണ്ണം ആണ്ടുതോറും പെരുപ്പിച്ച് കാണിക്കുന്നതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. ഈ സാഹചര്യത്തിൽ അനാവശ്യമായി P.M.T രജിസ്ട്രേഷൻ കൊടുക്കുന്ന ചുമതല ഒഴിവാക്കേണ്ടതാണ്. അതോടൊപ്പം വ്യവസായയൂണിറ്റുകൾ തുടങ്ങുന്നതിന് വേണ്ടിയുള്ള താൽക്കാലിക രജിസ്ട്രേഷൻ നൽകുന്നതിനുള്ള കാലതാമസം താലൂക്ക് വ്യവസായ ആഫീസർ ഒഴിവാക്കേണ്ടതാണ്.

പഞ്ചായത്തിൽ തുടങ്ങാവുന്ന വ്യവസായങ്ങളുടെ പട്ടിക.

1. ഗ്ലാസ്സ് ഫാക്ടറി.
2. പ്രിന്റിംഗ് പ്രസ്സുകൾ (ലിത്തോ പ്രിന്റിംഗ് ഉൾപ്പടെ)
3. സ്ക്രീൻ പ്രിന്റിംഗ്
4. കാർഡ് ബോർഡ് പെട്ടികൾ
5. തീപ്പെട്ടി (Splints and Veeneers, Dipping Unit)
6. മിഠായി നിർമ്മാണം.
7. പാലുൽപ്പന്നങ്ങൾ
8. കളിമൺ വ്യവസായം
9. അടയ്ക്കാ സംസ്കരണം.
10. ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ
11. പട്ടുനൂൽ വ്യവസായം
12. പുരുഷന്മാരുടെ ഷൂസുകൾ
13. നിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ
14. അലക്കുസോപ്പ്, ഡിറ്റർജന്റ് പൗഡർ നിർമ്മാണം
15. കുട, നോട്ടുബുക്കുകൾ നിർമ്മാണം.
16. മഴക്കോട്ട്, ബാഗ്, റെക്സിനുൽപ്പന്നങ്ങൾ
17. കറിപൗഡർ
18. സിമന്റുകൊണ്ടുള്ള കട്ടിള, ജനാല എന്നിവയുടെ നിർമ്മാണം.
19. പൗവ്വർലൂം നിർമ്മാണം (കോട്ടൺ, പോളിസ്റ്റർ)
20. പി. വി. സി. പൈപ്പുകളുടെ നിർമ്മാണം.

21. പോളിത്തീൻ ബാഗുകളുടെ നിർമ്മാണം
22. വയർകട്ട് ഇഷ്ടിക നിർമ്മാണം
23. പഠനസഹായ സാമഗ്രികളുടെ നിർമ്മാണം
24. ലാബറട്ടറി ഉപകരണങ്ങളുടെ നിർമ്മാണം
25. സോളാർ ലൈറ്റുകളുടെ പ്ലേറ്റുകളും, അനുബന്ധ ഉപകരണങ്ങളും
26. ഹോളോബ്രിക്ക്സ് നിർമ്മാണം.
27. കിടക്കനിർമ്മാണം
28. ആട്ടോമൊബൈൽ എൻജിനീയറിംഗ് വർക്ക്ഷോപ്പുകൾ
29. വെൽഡിംഗ് യൂണിറ്റുകൾ
30. ബേക്കറി, അച്ചാർ യൂണിറ്റുകൾ
31. ടി.വി., ഫ്രിഡ്ജ്, ഫാൻ, മിക്സി, മോട്ടർ തുടങ്ങിയവയുടെ സർവ്വീസ് യൂണിറ്റുകൾ
32. റീഫില്ലറുകളുടെ നിർമ്മാണം.
33. ആയുർവ്വേദ മരുന്നുകളുടെ നിർമ്മാണം.
34. റൈസ് മില്ലുകൾ, ഓയിൽ എക്സ്പെല്ലറുകൾ
35. പഴം, ജാം സംസ്കരണയൂണിറ്റുകൾ


ഭരണിക്കാവ് ബ്ലോക്ക് പലസ്റ്റേജുകൾ കഴിഞ്ഞ് സാമൂഹ്യ വികസന ബ്ലോക്ക് ആയിട്ട് കാലം ഏറെയായിക്കഴിഞ്ഞു. പ്രാരംഭകാലം മുതൽ ഇന്നുവരെ ബ്ലോക്കിൽ വ്യവസായവികസന ആഫീസർ തസ്തിക തുടരുന്നു. എന്നാൽ വ്യവസായ വികസനരംഗത്ത് ഒരു പഞ്ചായത്തിലും എടുത്തുപറയത്തക്ക ഒരു നേട്ടവും ഉണ്ടാക്കിയിട്ടില്ല എന്ന ദു:ഖ സത്യം നിലനിൽക്കുകയാണ്. ഈ ശോചനീയാവസ്ഥയ്ക്ക് വ്യവസായ ഡിപ്പാർട്ട്മെന്റ് ഉണർന്നു പ്രവർത്തിക്കേണ്ടകാലം അതിക്രമിച്ചിരിക്കുകയാണ്.

ഈ പഞ്ചായത്തിന്റെ സമഗ്രമായ വ്യവസായ പുരോഗതിക്കുവേണ്ടി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, താലൂക്ക് വ്യവസായ ആഫീസർ, ജില്ലാവ്യവസായ കേന്ദ്രം ഡെപ്യൂട്ടി രജസ്ട്രാർ, ജില്ലാ ഖാദിബോർഡ് പ്രോജക്ടാഫീസർ, പട്ടികജാതി പട്ടികവർഗ്ഗ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ചെയർമാൻ, ഭരണിക്കാവ് ബ്ലോക്ക് വ്യവസായ വികസന ആഫീസർ, വൈദ്യുതി ബോർഡ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർക്ക് ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാകളക്ടർ, ജില്ലാ പ്ലാനിംഗ് ആഫീസർ എന്നിവർ കർശനമായ നിർദ്ദേശങ്ങൾ യഥാസമയം നൽകി വ്യാവസായിക മുഖഛായ മാറ്റിത്തരേണ്ടതാണ്.

നേരത്തെ പ്രസ്താവിച്ചിരുന്നതുപോലെ കാർഷികവൃത്തി അനാകർഷകമായിത്തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ വ്യവസായപുരോഗതിയിൽക്കൂടി മാത്രമേ നേട്ടങ്ങൾ കൈവരിക്കുവാൻ സാദ്ധ്യതകാണുന്നുള്ളു. വ്യാവസായിക മനോഭാവം ജനങ്ങൾക്കുണ്ടാകുവാൻ ആവശ്യമായ ബോധവൽക്കരണം മേൽക്കാണിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പാക്കണം. അതിന് വേണ്ടി വ്യവസായ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ സഹകരണവും, മാർഗ്ഗ നിർദ്ദേശങ്ങളും യഥാസമയം ഉണ്ടാകണം. വ്യാവസായിക ഉൽപ്പന്നങ്ങളുടെ വിപണനസാദ്ധ്യതയും കണ്ടുപിടിക്കണം. ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മ ലഘൂകരിക്കാൻ വ്യവസായ വത്ക്കരണം അനിവാര്യമായ ഒരു ഘടകമാണ്.

മേൽ പ്രസ്താവിച്ച സംഗതികൾ നടപ്പിലാക്കുന്ന സാഹചര്യത്തിൽ ഈ പഞ്ചായത്തിൽ സമഗ്രമായ വ്യവസായ വികസനം ഉണ്ടാകുമെന്നും, ലക്ഷ്യത്തിലെത്തിച്ചേരുമെന്നും പ്രത്യാശിക്കുന്നു. ഇതിന് വേണ്ടി വിവിധ ഡിപ്പാർട്ടുമെന്റുകളും വ്യാവസായിക സംരംഭകരും ഉണർന്നു പ്രവർത്തിക്കേണ്ട സമയം സമാഗതമായിരിക്കുകയാണ്. ഉൽപ്പാദനക്ഷമതയുളളതും, ഊർജ്ജ ഉപഭോഗം പരിമിതമായിട്ടുളളതുമായ നിരവധി വ്യവസായ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ ആരംഭിക്കുമെങ്കിൽ സാമ്പത്തികരംഗത്തും, വ്യക്തികളുടെ പ്രതിശീർഷ വരുമാനത്തിലും വലിയ ഒരു വർദ്ധനവ് നമുക്ക് പ്രതീക്ഷിക്കാം. നമ്മുടെ പഞ്ചായത്ത് വ്യവസായ വൽക്കരണത്തിലേക്ക് മുന്നേറട്ടെ.

വിദ്യാഭ്യാസം



മധ്യതിരുവിതാകൂറിൽ ഓണാട്ടുകര പ്രദേശത്തിന്റെ ഹൃദയ ഭാഗമായ ഭരണിക്കാവ് കറ്റാനം വില്ലേജുകൾ ഉൾപ്പെടുന്നതും, ആലപ്പുഴ ജില്ലയുടെ തെക്ക് കിഴക്ക് സ്ഥിതി ചെയ്യുന്നതുമായ ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ് ഭരണിക്കാവ്. സാക്ഷരതയിലും വിദ്യാലയസമ്പന്നതയിലും സാംസ്കാരിക മേഖലയിലും ഉയർന്ന നിലവാരം പുലർത്തുന്ന ഒരു പ്രദേശമാണിത്. സ്വാതന്ത്ര്യ സമര സേനാനി ശ്രി. റ്റി.എം. വർഗ്ഗീസ്, ചീഫ് സെക്രട്ടറയായിരുന്ന ശ്രീ. സി. ഒ. മാധവൻ, തിരുവന്തപുരം മെഡിക്കൽ കോളേജ് സ്ഥാപകനായ ഡോ. സി. ഒ. കരുണാകരൻ, ഭരണിക്കാവ് ശിവകുമാർ, തോപ്പിൽ ഭാസി, ഡോ. പുതുശ്ശേരി രാമചന്ദ്രൻ, കാർട്ടൂണിസ്റ്റ് യേശുദാസ് തുടങ്ങി അതിപ്രശസ്തരായ അനേകം വ്യക്തികൾ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ വിദ്യലയങ്ങളുടെ സംഭാവനയാണ്. സമീപ പ്രദേശങ്ങളിലെ കോളേജുകളിലും മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പോയി വിദ്യാഭ്യാസം നടത്തുന്നത് വഴി ഇവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും വിദ്യാഭ്യാസ പരമായി മുൻപന്തിയിൽ നിൽക്കുന്നു. ഭരണിക്കാവ് പോപ്പ് പയേഴ്സ് XIth H.S. 100 വർഷത്തിനടുത്ത് പഴക്കമുള്ള ഭരണിക്കാവ് ഗവ: U P. സ്കൂൾ C.M.S. H.S., ഗവ: മോഡൽ U.P.S. പള്ളിക്കൽ. നാഗരാജ വിലാസം യു.പി. സ്കൂൾ മാർത്തോമ്മാ U.P.S. കറ്റാനം, എന്നിവ ഇവിടുത്തെ വിദ്യാലയങ്ങളിൽ എടുത്ത് പറയത്തക്ക ചരിത്ര പശ്ചാത്തലമുള്ളവയാണ്.

കംപ്യൂട്ടർ പരിശീലനത്തിനായി പൊതുമേഖലയിൽ ഒരു സ്ഥാപനവും സാങ്കേതിക പരിശീലനത്തിനായി സ്വാകാര്യ മേഖലയിലായി ഒരു സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ മാവേലിക്കര താലൂക്ക് ഇൻഫർമേഷൻ സെന്റർ ഈ പഞ്ചായത്തിൽ തന്നെ സ്ഥിതി ചെയ്യുന്നു. 3 ഹൈസ്കൂളുകൾ ഉണ്ടെങ്കിലും സർക്കാർ മേഖലയിൽ ഒരു ഹൈസ്കൂൾ ഇല്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. പഞ്ചായത്തിലെ ഹൈസ്കൂളുകളിലെ C.M.S.H.S. 1910 ലും പോപ്പ് പയഴ്സ് XIth H.S. 1934 ലും സ്ഥാപിതമായി 1976 ൽ സ്ഥാപിതമായ ക്യാപ്ടൻ മെമ്മോറിയൽ ഹൈ സ്കൂൾ ഉൾപ്പടെ പഞ്ചായത്തിലെ മൊത്തം സർക്കാർ എയിഡഡ് സ്കൂളുകളുടെ എണ്ണം 18 ആയി ഉയർന്നിട്ടുണ്ട് ഇതിനു പുറമെ ഒരു അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളും ഏതാനും നഴ്സറി സ്കൂളുകളുമുണ്ട്. ഇന്ന് 38000 ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ 5770 വിദ്യാർത്ഥികൾ അദ്ധ്യായനം നടത്തുന്നു ആകെയുള്ള 227 അദ്ധ്യാപകരും 64 പുരുഷന്മാരും 163 സ്ത്രീകളുമാണ്. ആകെയുള്ള 18 സ്കൂളുകളിൽ 5 എണ്ണം മാത്രമാണ് സർക്കാർ മേഖലയിൽ ഉള്ളത് ആകെ അദ്ധ്യാപകരുടെ 20% വിദ്യാർത്ഥി

കളിൽ 18.5% സർക്കാർ സ്കൂളുകളിൽ പെടുന്നു. സാക്ഷരതാ പ്രവർത്തനങ്ങളും, മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങളും വേണ്ട വിധത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും സാമ്പത്തിക – സാമൂഹിക കാരണങ്ങളാൽ വളരെ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നുണ്ട് വളരെ നല്ല % ആൾക്കാരും മക്കളെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർക്കുവാൻ താൽപ്പര്യം കാണിക്കുന്നുണ്ടെങ്കിലും ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ സ്വാധീനം പല ഗവർക്കാർ എയിഡഡ് സ്കൂളുകളുടെ നിലനിൽപ്പിന് തന്നെ ഭീഷണിയായിട്ടുണ്ട്. ജനനിരക്കുകളിൽ ഉണ്ടായിട്ടുള്ള കുറവ് കൂടിയാകാം പല പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിവിഷൻ കുറഞ്ഞ് വരികയാണ്. ഏതാണ്ട് 600 ൽ പരം കുട്ടികൾ പഞ്ചായത്തിലും, പരിസരത്തുമുള്ള സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നുണ്ട് ഇതിൽ നിന്നും വിദ്യാഭ്യാസത്തെ വരേണ്യ വൽകരിക്കാൻ നടന്ന ബോധപൂർവ്വമായ ശ്രമങ്ങൾ നാട്ടിൻ പുറത്തെ ഇടത്തരക്കാരിൽ ചെലുത്തിയ സ്വാധീനം ചെറുതല്ല എന്ന് മനസ്സിലാക്കാം. പഞ്ചായത്തിലെ ജനസാന്ദ്രതയും ഉയർന്ന സാക്ഷരതയും കണക്കിലെടുക്കുമ്പോൾ പഞ്ചായത്തിലെ സ്കൂളുകളുടെ എണ്ണം അപര്യാപ്തമാണെന്ന് കാണാം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. കായംകുളം, മാവേലിക്കര പന്തളം തുടങ്ങിയ സ്ഥലങ്ങളിലെ കോളേജുകൾ മറ്റ് സാങ്കേതിക വിദ്യാഭ്യസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലാണ് ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ പോകുന്നത്. പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകളിൽ പോപ്പ് പയഴ്സ് XIth H.S. ഉയർന്ന വിജയ ശതമാനമാണുള്ളത്. മറ്റ് രണ്ട് സ്കൂളുകൾ സംസ്ഥാന ശരാശരിക്ക് മുകളിലാണ്. ഓരോ വർഷവും 350 നും 400 നും മിടയിൽ വിദ്യാർത്ഥികൾ S.S.L.C. പരീക്ഷയ്ക്ക് ഇരിക്കുന്നുണ്ടെങ്കിലും അഫലിയേറ്റഡ് കോളേജുകളിൽ വളരെ കുറച്ച് പേർക്ക് മാത്രമേ പ്രവേശനം ലഭിക്കുന്നുള്ളു. ബാക്കിയുള്ളവരിൽ അധികം പേരും കായംകുളം, മാവേലിക്കര എന്നിവിടങ്ങളിലെ പാരലൽ കേളേജുകളിലാണ് പഠിക്കുന്നത്.

ഭരണിക്കാവിൽ പ്രധാനമായും സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന ഇത്തരം 7 സ്ഥാപനങ്ങളുണ്ട്. എന്നാൽ ഇവയിൽ നാമമാത്രം ആയി മാത്രമേ പ്രീ ഡിഗ്രി പി.ജി. കോഴ്സുകൾ നടക്കുന്നുള്ളു. 7 ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളിലായി 127 പേര് പരിശീലനം നടത്തുന്നു. ഫോട്ടോസ്റ്റാറ്റിന്റെ കടന്നു കയറ്റം ഈ രംഗത്തിൽ പരിശീലനം നേടിയവരുടെ എണ്ണം കുറയാൻ ഇടയാക്കുന്നു.

അര നൂറ്റാണ്ട് പഴക്കമുള്ള ഭരണിക്കാവ് തെക്ക് ഗ്രാമീണ ഗ്രന്ഥ ശാലയും, കറ്റാനം ഗാന്ധി സ്മാരക ഗ്രന്ഥ ശാലയും മങ്കുഴി പഞ്ചായത്ത് സാംസ്കാരിക നിലയവും വെട്ടിക്കോട് ദേശ സേവ യുവജന സംഘം വായനശാല സുഭാഷ് ഗ്രന്ഥപാരായണം സംഘം & വായനശാല വിജ്ഞാനോദയം ഗ്രന്ഥശാല ഇലിപ്പക്കുളം പബ്ലിക്ക് ലൈബ്രറി എന്നിവ ജനങ്ങളിൽ വായനാശീലം വളർത്തുന്നതിന് നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനായി 6 പ്രീ പ്രൈമറി സ്കൂളുകളും 29 നിലത്തെഴുത്ത് പള്ളിക്കൂടങ്ങളും ഉണ്ട്. ഈ രംഗത്ത് നിലത്തെഴുത്ത് ആശാന്മാർ നൽകുന്ന സംഭാവന വളരെ വലുതാണ്.

5 ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ തന്നെ ധാരാളം കുട്ടികൾ സമീപ പ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നുണ്ട്. ജനസംഖ്യാ അടിസ്ഥാനത്തിൽ അംഗനവാടികൾ ഇല്ലാത്തത് ഇതിനൊരു കാരണമാണ്. 38,000 ൽപരം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 8 അംഗനവാടികൾ മാത്രമാണുള്ളത്. 1000 പേർക്ക് ഒരു അംഗനവാടി എന്ന അനുപാതത്തിൽ 38 അംഗനവാടികൾ എങ്കിലും വേണ്ടതാണ്. അനുപാതം കൃത്യമായി പാലിക്കപ്പെടുകയാണെങ്കിൽ ഇനി 30 അംഗനവാടികൾ കൂടി അനുവദിക്കേണ്ടതാണ്. ഒരു പക്ഷെ അംഗനവാടികളുടെ അഭാവം നഴ്സറി സ്കൂളുകളിലേക്കുള്ള കുട്ടികളുടെ ഒഴുക്കിന് കാരണമാകുന്നു. ഈ അടുത്ത കാലത്താണ് ബാല പാഠികൾ. I.C.D.S. ന്റെ കീഴിൽ വരുന്ന അംഗനവാടികളാക്കി ഉയർത്തിയത്.

പട്ടികജാതിയിൽ പെട്ട പെൺകുട്ടികൾക്കായി ഒരു ഗ്രീ – മെട്രിക്ക് ഹോസ്റ്റലും മുസ്ലീങ്ങളുടെ മതപരമായ ഏതാനും മദ്രസകളും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ ജോലി ചെയ്യുന്ന അധികം അദ്ധ്യാപകരും തദ്ദേശിയരാണ്. വളരെ കുറച്ച് പേർ മാത്രമാണ്. കുട്ടികളുടെ പാഠ്യേതര വിഷയങ്ങൾ പഠിക്കുന്നതിനായി സമയം കണ്ടെത്തുന്നത്. വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരം പുലർത്തുന്നുണ്ടെങ്കിലും അധികം വിദ്യാർത്ഥികളും പെട്ടെന്ന് തൊഴിൽ നേടുക എന്ന ലക്ഷ്യത്തോടെ റ്റി.റ്റി.സി. B.ed. പോലുള്ള കോഴ്സുകൾക്ക് പോവുകയാണ് ഗൾഫിലേക്ക് കടക്കുക എന്ന ലക്ഷ്യത്തോടെ തൊഴിൽ അധിഷ്ഠിത കോഴ്സുകൾക്ക് പ്രാധാന്യം കൊടുക്കുന്നവരും വളരെ കൂടുതലാണ്. ആയതിനാൽ മെഡിക്കൽ, എഞ്ചിനീയറിംഗ് മേഖലയിൽ വളരെ കുറച്ച് മാത്രമേ കടന്നുവരുന്നുള്ളൂ.

സാക്ഷരതാ യജ്ഞത്തിന്റെ ആവേശം നിലനിർത്താൻ കഴിയാതെ പോയതിനാൽ നവ സാക്ഷരർ ക്രമേണെ നിരക്ഷരതയിലേക്ക് നീങ്ങുകയാണ്. തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി നവ സാക്ഷരർക്കായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് നടത്തിയ നാലാന്തരം കണ്ടെസ്ഡ് കോഴ്സ് പരീക്ഷയ്ക്കായി ഈ പഞ്ചായത്തിൽ നിന്ന് 1995 ൽ 8 നവസാക്ഷരർ ചേർന്നു അവർ 8 പേരും ജയിക്കുകയും ചെയ്തു. ആലപ്പുഴ ജില്ലയിൽ കേവലം 10 ൽ താഴെ പഞ്ചായത്തുകളിൽ മാത്രമാണ് ഈ പദ്ധതി നടപ്പാക്കിയത്. കണ്ടെസ്ഡ് കോഴ്സ് പരീക്ഷയ്ക്കായി ചേരുന്ന പഠിതാക്കളെ പഠിപ്പിക്കുന്നതിനായി നമ്മുടെ പഞ്ചായത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 15 N.F.E.T. മാർക്ക് ചെങ്ങന്നൂരിൽ D.I.E.T. യുടെ നേതൃത്വത്തിൽ ഒരാഴ്ച നീണ്ടുനിന്ന പരിശീലനം നൽകിയിട്ടുണ്ട് പ്രൈമറി – ഹൈസ്കൂൾ തലത്തിലുള്ള വിദ്യാർത്ഥികളുടെ അക്ഷരജ്ഞാനത്തിന്റെ തോത് കുറഞ്ഞ് വരികായാണ്. അധികം സ്കൂളുകളും സ്വകാര്യ മേഖലയിൽ ആയതിനാൽ അദ്ധ്യാപകരുടെ നിയമനം പൂർണ്ണമായും മെറിറ്റ് അടിസ്ഥാനത്തിലല്ല നടക്കുന്നത്. അദ്ധ്യായനത്തിന്റെ നിലവാര തകർച്ചയ്ക്ക ഇതിന് ഒരു പ്രധാന കാരണമാണ്. അടിസ്ഥാന സൗകര്യം പോലുമില്ലാത്ത സ്കൂളിന്റെ ചുറ്റുപാടുകളിൽ അദ്ധ്യായനം നടത്താൻ നിർബന്ധിക്കപ്പെടുന്ന വിദ്യാർത്ഥികൾ എല്ലാ അർത്ഥത്തിലും പിൻതള്ളപ്പെട്ടു പോകുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ബഹുജനങ്ങളും അടങ്ങിയ പുതിയൊരു കൂട്ടായ്മ വളർത്തി എടുക്കേണ്ടതുണ്ട് സ്കൂൾ മാനേജ്മെന്റും ഈ കാര്യത്തിൽ പ്രഥമ പരിഗണന നൽകേണ്ടതുണ്ട്. പല സ്കൂളുകളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിൽ P.T.A. കാണിക്കുന്ന താൽപര്യം ശ്ലാഘനീയമാണ്.

മിടുക്കരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്. ഇതിലേക്കായി പഞ്ചായത്തിൽ നിന്നും S.S.L.C. ക്ക് ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് (ജനറൽ വിഭാഗത്തിൽ – 1, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് – 1) 500 രൂപയുടെ വീതം ക്യാഷ് അവർഡ് പഞ്ചായത്ത് കമ്മിറ്റി നൽകുന്നുണ്ട്. ഇതിനു പുറമെ മത സാമൂഹ്യ സാംസ്കാരിക സംഘടനകളും ക്യാഷ് അവാർഡുകളും നൽകുന്നുണ്ട്.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടെയും ഗ്രാമ സഭയിലെ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ് വന്ന നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നു.

13 ഗ്രാമ സഭകളിലും വിദ്യാഭ്യാസം സജീവ ചർച്ചയ്ക്ക് വിധേയമായി. പൊതുവായി അക്കാഡമിക്ക് നിലവാരം വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ, സൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസത്തെ വിലയിരുത്തിയതായി കാണാം.

അക്കാഡമിക്ക് നിലവാര തകർച്ച പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, ഭൗതിക സാഹചര്യങ്ങൾ, ഉച്ചക്കഞ്ഞി, പുതിയ സ്കൂളുകളുടെ അവശ്യകത, സ്കൂളുകളുടെ അപ്ഗ്രഡേഷൻ, കുട്ടിക്ലാസ്സ് കയറ്റം, പാഠ്യേതര പ്രവർത്തനങ്ങൾ തുടങ്ങി വിദ്യാഭ്യാസ രംഗം ഇന്ന് അഭിമുഖീകരിക്കുന്ന എല്ലാ വിഷയങ്ങളെ

ക്കുറിച്ചും ചർച്ച ചെയ്തു.

ഈ റിപ്പോർട്ടിൽ പ്രഥമ പരിഗണന നൽകുന്ന ഒന്നാണ് അക്കാഡമിക്ക് സൗകര്യങ്ങൾ. ഇത് ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്.

ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ - ശ്രവ്യ ഉപകരണങ്ങൾ, നല്ല ബോർഡുകൾ, ഫർണിച്ചറുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തിന്റെ യോഗ്യതാ ചിഹ്നങ്ങളായി പരിഗണിക്കപ്പെടുന്നു.

വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നമുടെ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം എന്നിവയുടെ ലഭ്യത പട്ടിക V ൽ ചേർത്തിരിക്കുന്നു. ശരാശരി 350 പേർക്ക് ഒരു മൂത്രപുരയും 824 പേർക്ക് ഒരു കക്കൂസുമാണ് നിലവിലുള്ളത്. പട്ടിക V കാണുക

വിദ്യാർത്ഥികളുടെ പഠന നിലവാരം ആശാവഹമല്ല. 5 വർശഷത്തെ വിജയ ശതമാനം പരിശോധിച്ചാൽ ഭരണിക്കാവ് പോപ്പ് പയസ്H.S. ഉയർന്ന നിലവാരം പുലർത്തുന്നു. അതുപോലെ തന്നെ 1996 ലെ കാൽപാദ പരീക്ഷയുടെ നിലവാരത്തെ സംബന്ധിക്കുന്ന ഒരു പട്ടിക ചേർത്തിട്ടുണ്ട്. സമരങ്ങളോടുള്ള താൽപര്യം ദൃശ്യമാദ്ധ്യമങ്ങളുടെ വ്യാപനം നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം തുടങ്ങിയവ കുട്ടികളിൽ വർദ്ധിച്ചു വരുന്നതായി കാണുന്നു. നല്ലൊരു ശതമാനം കുട്ടികളും ഗൈഡുകളെയും ട്യൂഷൻ ക്ലാസ്സുകളെയും ആശ്രയിക്കുന്നു.

ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസ രീതിയോടുള്ള അന്ധമായ താൽപര്യവും സർക്കാർ എയിഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യായന നിലവാര തകർച്ചയും അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ അപര്യാപത്തയും അശാസ്ത്രീയമായ വിദ്യാഭ്യാസ സമ്പ്രദായവും ഇന്ന് കേരളത്തിന്റെ വിദ്യാഭ്യാസ നിലവാര തകർച്ചയുടെ പ്രധാന കാരണങ്ങളാണ്.

ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി ഭരണിക്കാവ് പഞ്ചായത്തിലെ 13 വാർഡുകളിൽ നടന്ന വിശേഷാൽ ഗ്രാമ സഭകളിൽ ഉയർന്ന് വന്ന പ്രശ്നങ്ങളും അതിന്റെ അടിസ്ഥാനത്തിൽ വന്ന നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

പ്രശ്നങ്ങൾ

1. ഭരണിക്കാവ് പഞ്ചായത്തിലെ മൂന്ന് H.S. ൽ ഭരണിക്കാവ് പോപ്പ് പയസ് H.S. വിജയ ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ മറ്റ് രണ്ട് ഹൈസ്കൂളുകളായ C.M.S.H.S., ക്യാപ്റ്റൻ മെമ്മോറിയൽ ഹൈസ്കൂൾ എന്നിവടങ്ങളിലെ വിജയ ശതമാനം കുറവാണ്.

2. സംസ്ഥാനത്തെ സ്കൂളുകളുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്ന വിജയ ശതമാനം നേടുന്ന ഹൈസ്കൂളുകൾ ആയിട്ടും. ഒന്നിൽ പോലും വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകൾ തുടങ്ങിയിട്ടില്ല. ഹൈസ്കൂൾ തലത്തിലുള്ള കംപ്യൂട്ടർ പഠനം ഈ പഞ്ചായത്തിലെ എല്ലാ ഹൈസ്കൂളുകളിലും ആരംഭിച്ചിട്ടില്ല.

4. പല സ്കൂളുകളുടെയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ പോലുമുള്ള സൗകര്യങ്ങളില്ല.

5. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ മിക്ക വിദ്യാലയങ്ങളിലും ഡിവിഷൻ കുറയുവാനുള്ള സാദ്ധ്യത നിലനിൽക്കുന്നു.

6. പ്രൈമറി തലത്തിൽ നിരക്ഷരരായ വിദ്യാർത്ഥികളുടെ എണ്ണം കൂടി വരുന്നു.

7. കട്ടച്ചിറ 7-ാം വാർഡിലെ കുട്ടികൾക്ക് പ്രൈമറി തലംമുതലുള്ള വിദ്യാഭ്യാസത്തിന് മറ്റ് വാർഡുകളിലെയോ സമീപ പ്രദേശങ്ങളിലെയോ സ്കൂളുകളിൽ പോകേണ്ടിവരുന്നു.

8. ജനസംഖ്യാ ആനുപാതത്തിൽ പഞ്ചായത്തിൽ ആവശ്യമായ അങ്കണവാടികൾ ഇല്ലാത്തതിനാൽ പ്രീ പ്രൈമറി തലത്തിലുള്ള വിദ്യാഭ്യാസ സൗകര്യം പാവപ്പെട്ട കുട്ടി



കൾക്ക് ലഭിക്കുന്നില്ല.

9. നിലവിലുള്ള പല അങ്കണവാടികൾക്കും സ്വന്തം കെട്ടിടങ്ങളോ പഠന ഉപകരണങ്ങളോ ഇല്ല.

10. മാവേലിക്കര, കായംകുളം മുനിസിപ്പാലിറ്റികളോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത് ആണെങ്കിൽ തന്നെയും ആവശ്യത്തിന് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. (ഒരു സ്വകാര്യ I.T.C. മാത്രം)

11. പഞ്ചായത്തിലെ രണ്ട് ജനവിദ്യാ കേന്ദ്രങ്ങൾക്കും സ്വന്തമായ കെട്ടിടമോ ആവശ്യമായ ഉപകരണങ്ങളോ ഇല്ല.

12. അനൗപചാരിക വിദ്യാഭ്യാസത്തിന് വേണ്ടി ആസൂത്രിത പരിപാടികൾ ഒന്നും നടപ്പാക്കുന്നില്ല.

13. കലാകായിക വിദ്യാഭ്യാസത്തിന് ആവശ്യമായ സൗകര്യം പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും ഇല്ല.

14. സാക്ഷരതാ പ്രവർത്തകർക്ക് വേണ്ടത്ര പ്രോത്സാഹനം നൽകുന്നില്ല.

15. അദ്ധ്യാപകരിൽ കൂടുതലും വനിതകളാണെന്നുള്ളത് പല വിദ്യാലയങ്ങളുടെയും പാഠ്യേതര പ്രവർത്തനങ്ങളെ ബാധിക്കുന്നു.

16. പല വിദ്യാലയങ്ങളെയും P.T.A. മാതൃസംഗമം എന്നിവ ഫലപ്രദമായി നടക്കുന്നില്ല.

17. ലൈബ്രറികൾ ലബോറട്ടറികൾ കക്കൂസ്, മൂത്രപ്പുര ചുറ്റ് മതിൽ എന്നിവ പല സ്കൂളുകളിലും ഇല്ല.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള ഹൈസ്കൂളിന്റെ വിജയശതമാനം ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ അദ്ധ്യാപകരുടെയും, രക്ഷകർത്താക്കളുടെയും പഞ്ചായത്ത് അധികാരികളുടെയും ഭാഗത്ത് ഉണ്ടാക്കുക. നിർദ്ധനരായ കുട്ടികൾക്ക് ഹൈ സ്കൂൾ തലം മുതൽ അദ്ധ്യാപകരുടെയും, സാക്ഷരതാ പ്രവർത്തകരുടെയും സഹകരണത്തോടെ സൗജന്യ ട്യൂഷൻ നടപ്പിലാക്കുക. വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സ് തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും സ്കൂൾ മാനേജ്മെന്റിന്റെ ഭാഗത്ത് നിന്നും തുടങ്ങുക. വിദ്യാലയങ്ങളിൽ ആവശ്യത്തിന് മൂത്രപ്പുര കക്കൂസ് എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ തുടങ്ങുക. സ്കൂളിലെ മറ്റ് ഭൗതിക സാഹചര്യങ്ങളുടെ കുറവ് പരിഹരിക്കുക.

അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവാഹം തടയുന്നതിന് വേണ്ടി എയ്ഡഡ് സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും അദ്ധ്യായന നിലവാരം ഉയർത്തുകയും ചെയ്യുക. സർക്കാർ സ്കൂളുകളോട് ചേർന്ന് പ്രീ-പ്രൈമറി വിദ്യാഭ്യാസം തുടങ്ങുക. ജനസംഖ്യാനുപാതത്തിൽ പഞ്ചായത്തിലെ എല്ലാ വാർഡിലും അങ്കണവാടികൾ തുടങ്ങുകയും നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ചെയ്യുക. എല്ലാവർക്കും അടിസ്ഥാന വിദ്യാഭ്യാസം എന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള എല്ലാ നിരക്ഷരരെയും കണ്ടത്തി സാക്ഷരതാ പ്രവർത്തകരുടെ സഹായത്തോടെ 4 -ാം തരവും തുടർന്ന് 7-ാം തരവും വിദ്യാഭ്യാസം നൽകുക. ഇതിനു വേണ്ടി പ്രവർത്തിക്കുന്ന സാക്ഷരതാ പ്രവർത്തകർക്ക് പഞ്ചായത്തിലും സംസ്ഥാന സർക്കാർ തലത്തിലും ആവശ്യമായ പ്രോത്സാഹനം നൽകുക. കട്ടച്ചിറ 7-ാം വാർഡിൽ ഒരു L.P. സ്കൂളെങ്കിലും തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്തിൽ നിന്നും സ്വീകരിക്കുക. പഞ്ചായത്തിലെ രണ്ട് ജനവിദ്യാ കേന്ദ്രങ്ങളുടെയും പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ വിലയിരുത്തുകയും അവയ്ക്ക് സ്വന്തം കെട്ടിടം നിർമ്മിച്ച് ആവശ്യമായ ഉപകരണങ്ങൾ നൽകി അവയിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം തുടങ്ങുക.

പഞ്ചായത്ത് സാക്ഷരതാ സമിതിയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കും അഭ്യസ്ഥവിദ്യരായ വിദ്യാർത്ഥികൾക്കും ഒരു വിദ്യാഭ്യാസ

തൊഴിൽ ഇൻഫർമേഷൻ സെന്റർ തുറക്കുക. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കേരളാ യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സെന്റർ ഈ പഞ്ചായത്തിൽ നിന്നും മാറ്റുന്നതിനുള്ള നീക്കം തടയുക. പഞ്ചായത്തിൽ ഒരു സർക്കാർ I.T.I. പോളിടെക്നിക്ക് കോളേജ് എന്നിവ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് അധികാരികളുടെ ഭാഗത്ത് നിന്ന് തുടങ്ങുക. ഹൈസ്കൂളുകളിലെ ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. പഠന കാര്യങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന് വാർഡ് തലത്തിൽ ക്യാഷ് അവാർഡ് ഏർപ്പെടുത്തുക. ഭരണിക്കാവ് വടക്ക് 13-ാം വാർഡിലെ ഗവ: യു.പി. സ്കൂൾ, ഹൈസ്കൂൾ ആയി ഉയർത്തുക പള്ളിക്കൽ ഗവ: മോഡൽ യു.പി.എസ്. ലെ ഇടിഞ്ഞ് പൊളിഞ്ഞ കെട്ടിടം പൊളിച്ച് മാറ്റി അടിയന്തിരമായി പുതിയ കെട്ടിടവും ചുറ്റുമതിലും പണിയുക. സ്കൂൾ കോമ്പൗണ്ടിലുള്ള കുളത്തിൽ വാഹനം കഴുകുന്നത് അവസാനിപ്പിക്കുക. മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹിക വിപത്തുകൾക്കെതിരെ കുട്ടികളിൽ ആവശ്യമായ ബോധവൽക്കരണം നടത്തുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന നിലയിൽ ഹൈസ്കൂളുകളിൽ കംപ്യൂട്ടർ പഠനം, ടൈപ്പ് റൈറ്റിംഗ് പഠനം ആധുനിക തയ്യൽ പരിശീലനം എന്നിവ നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുക. പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രത്യേക പഠന പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക ലാൽ ബഹദൂർ ശാസ്ത്രി കംപ്യൂട്ടർ സെന്ററിന്റെ ഒരു സബ് സെന്റർ പ്രവർത്തിക്കുന്നുണ്ടെങ്കിലും വിദ്യാർത്ഥികളിൽ നിന്നും ഉയർന്ന നിരക്കിൽ ഫീസ് ഈടാക്കുന്നതിനാൽ സാധാരണക്കാരുടെ കുട്ടികൾക്ക് ഇവിടെ പഠിക്കാൻ കഴിയുന്നില്ല. ആയതിനാൽ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൗജന്യ ഫീസ് ഏർപ്പെടുത്തുക. പള്ളിക്കൽ മോഡൽ L.P.S., H.S. ആയി അപ്പ് ഗ്രേഡ് ചെയ്യുക.

ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി എല്ലാകുട്ടികൾക്കും ഹെൽത്ത് കാർഡുകൾ എർപ്പെടുത്തുക. എല്ലാ സ്കൂളുകളിലെയും ഹെഡ് മാസ്റ്റർ മാരുടെയും പഞ്ചായത്ത് അധികാരികളുടെയും യോഗം ഓരോ മാസവും പഞ്ചായത്ത് ആഫീസിൽ കൂടുകയും കുട്ടികളുടെ പഠന നിലവാരം വിലയിരുത്തുകയും ചെയ്യുക.

പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

L.P.S.			U.P.S.			H.S.		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1412	211	15	2176	342	15.7	2182	347	16

ഗവ : സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അദ്ധ്യാപകർ	ഗവ: അദ്ധ്യാപകരുടെ എണ്ണം	%	ആകെ വിദ്യാർത്ഥികൾ	ആകെ സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം	%
227	46	20	5770	1069	18.5

ഭൗതിക സാഹചര്യങ്ങൾ

സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
നടിവിലേമുറി L.P.S. പള്ളിക്കൽ	112	5	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
ഗവ: L. P. G. S. പള്ളിക്കൽ	103	5	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
C. M. S. H. S. കറ്റാനം	664	26	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
C. M. S. L. P. S. മങ്കുഴി	116	5	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
തെക്കേ മങ്കുഴി L. P. S.	139	4	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
കട്ടച്ചിറ L.P.S.	240	8	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
ഗവ: മോഡൽ U. P. S. പള്ളിക്കൽ	325	14	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
C. N. P. P. M. H.S. കട്ടച്ചിറ	564	34	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
B. I. U.P.S ഇലിപ്പക്കുളം	60	8	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല.
B. I. L.P.S. ഇലിപ്പക്കുളം	58	3	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല.
P. K. M. M. L.P.S ഇലിപ്പക്കുളം.	79	4	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല.
M. S. M. L.P.S. കറ്റാനം	158	10	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്.
നാഗരാജ വിലാസം U.P.S വെട്ടിക്കോട്.	169	10	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല.
ഗവ: L.P.S. വെട്ടിക്കോട്	66	4	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല.
പോപ്പ്പയസ് XI H.S. ഭരണിക്കാവ്	2122	58	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്.
F. G. M. M. S. C. L.P.S. ഭരണിക്കാവ്	215	5	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്.
മാർത്തോമാ. U.P.S. കറ്റാനം	247	9	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല.
ഗവ: U.P.S. ഭരണക്കാവ്	335	15	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്.
ആകെ	5770	227				

അക്കാഡമിക്ക് സൗകര്യങ്ങളുടെ ലഭ്യത

	ലൈബ്രറി	പ്രവർത്തിക്കാത്തത്	ലാബ്	പ്രവർത്തിക്കാത്തത്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കാർഡർ	ടെലിവിഷൻ	സ്വന്തം പ്രോജക്ടർ	ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത്	മാതൃസംഘം സജീവം	കുട്ടികൾ പി.ടി.എ. പ്രവർത്തിക്കുന്നുണ്ടോ
ഉള്ളത്	9	4	8	4	14	6	1	0	0	42	13	15
ഇല്ലാത്തത്	9	14	10	14	4	12	17	18	18	-	5	3

സ്കൂൾ	91-92	92-93	93-94	94-95	95-96
പോപ്പ്പയസ് XI H.S.	95	95	91	93	93
C. N. P. P. M, H.S.	50	59.8	45.7	48.8	49.5
C. M. S. H.S	51.1	59.8	45	49.3	47.1

95-96 കാല്പാദ പരീക്ഷ

കുട്ടികൾ	30% താഴെ മാർക്ക് ലഭിച്ചവർ	30% നും 40% നും ഇടയിൽ മാർക്ക് ലഭിച്ചവർ	40% നും 50% നും ഇടയിൽ മാർക്ക് നേടിയവർ	50% നും 60% നും ഇടയിൽ മാർക്ക് ലഭിച്ചവർ	60% ന് മുകളിൽ ലഭിച്ചവർ.
3	79	115	141	93	102
4	77	103	117	131	114
5	74	171	193	95	67
6	88	216	182	89	52
7	86	171	176	118	72
8	150	210	190	135	96
9	158	216	180	122	80
10	160	153	127	97	69

പട്ടിക I A

വിദ്യാർത്ഥികൾ അദ്ധ്യാപകർ

ന.	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ			മറ്റുള്ളവർ
			ആൺ	പെൺ	ആകെ	പുരു	സ്ത്രീ	ആകെ	
1	നടിവിലേമുറി L.P.S. പള്ളിക്കൽ	എയിഡഡ്	57	55	112	-	5	5	
2	ഗവ: L. P. G. S. പള്ളിക്കൽ	സർക്കാർ	52	51	103	-	5	5	
3	C. M. S. H. S. കറ്റാനം	എയിഡഡ്	371	293	664	11	15	26	
4	C. M. S. L. P. S. മങ്കുഴി	എയിഡഡ്	67	49	116	2	3	5	
5	തെക്കേ മങ്കുഴി L. P. S.	എയിഡഡ്	76	63	139	-	4	4	
6	കട്ടച്ചിറ L.P.S.	സർക്കാർ	113	127	240	2	6	8	
7	ഗവ: മോഡൽ U. P. S. പള്ളിക്കൽ	സർക്കാർ	163	162	325	-	14	14	1
8	C. N. P. P. M. H.S. കട്ടച്ചിറ	എയിഡഡ്	261	303	564	11	23	34	
9	B. I. U.P.S ഇലിപ്പക്കുളം	എയിഡഡ്	25	35	60	4	4	8	
10	B. I. L.P.S. ഇലിപ്പക്കുളം	എയിഡഡ്	24	34	58	1	2	3	
11	P. K. M. M. L.P.S ഇലിപ്പക്കുളം	എയിഡഡ്	45	34	79	2	2	4	
12	M. S. M. L.P.S. കറ്റാനം	എയിഡഡ്	87	71	158	5	5	10	
13	നാഗരാജ വിലാസം U.P.S വെട്ടിക്കോട്.	എയിഡഡ്	85	84	169	2	8	10	1
14	ഗവ: L.P.S. വെട്ടിക്കോട്	സർക്കാർ	35	31	66	1	3	4	
15	പോപ്പ്പയസ് XI H.S. ഭരണിക്കാവ്	എയിഡഡ്	1279	843	2122	21	37	58	4
16	F. G. M. M. S. C. L.P.S. ഭരണിക്കാവ്	എയിഡഡ്	111	104	215	-	5	5	
17	മാർത്തോമാ. U.P.S. കറ്റാനം	എയിഡഡ്	124	121	245	-	9	9	1
18	ഗവ: U.P.S. ഭരണക്കാവ്	സർക്കാർ	158	177	335	2	13	15	1
	ആകെ		3133	2637	5770	64	163	227	8


പട്ടിക VII

സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി

അക്ഷര സംഘങ്ങൾ	ജനവിദ്യാ കേന്ദ്രങ്ങൾ	കണ്ടന്റൈസ്ഡ് കോഴ്സ് പഠന കേന്ദ്രങ്ങൾ	1995 ൽ കണ്ടന്റൈസ്ഡ് കോഴ്സ് പരീക്ഷ എഴുതിയവർ	1995 ൽ പരീക്ഷ ജയിച്ചവർ	1995 ൽ ഡയറ്റ് പരിശീലനം ലഭിച്ച് N.F.E.T മാർ	1996 ൽ കണ്ടന്റൈസ്ഡ് കോഴ്സ് പരീക്ഷയ്ക്ക് തയ്യാറാകുന്നവർ	നിലവിലുള്ള K.R.P. മാർ	നിലവിലുള്ള ഡി.ആർ.പി. മാർ
24	2	4	8	8	4	11	25	14



കുടിവെള്ളം



ജീവൻ ആദ്യമായി അങ്കുരിച്ചത് ജലത്തിലാണ്. ജീവികളുടെ പരിണാമത്തിനും ജലം അത്യന്താപേക്ഷിതമായിരുന്നു. ജീവന്റെ നിലനിൽപ്പിനും ജലം ഏറ്റവും അനിവാര്യമാണ്. ശുദ്ധവായു, ശുദ്ധമായ ജലം, ശുചിത്വമുളള പാർപ്പിടം ഒരു ജനതയുടെ ആരോഗ്യത്തിന് ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. ആയതിനാൽ ജലത്തിനെ നമ്മൾ ഒരു നിധിയെപ്പോലെ കാണണം.

ഭരണിക്കാവ് പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത കാരണം ഇവിടെ ഉപ്പുവെളളത്തിന്റെ പ്രശ്നം ഉണ്ടാകുന്നില്ല. കുടിക്കാനുളള ജലത്തിനായി ഏതാണ്ട് 95 % ജനങ്ങളും കിണറുകളെയോ, കുളങ്ങളെയോ ആശ്രയിച്ചിരിക്കുന്നു. വേനൽക്കാലത്ത് ജലത്തിന്റെ രൂക്ഷമായ ദൗർലഭ്യം അനുഭവപ്പെടാറുളള പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ 8മുതൽ 13 വരെയുളള വാർഡുകളിൽ ചെറിയ കുന്നിൻപ്രദേശങ്ങളുണ്ട്. ഇതിൽ 10ഉം, 11ഉം വാർഡുകളിൽ മാത്രമാണ് കേരളാ വാട്ടർഅതോറിറ്റിയുടെ പൈപ്പ്ലൈനുകൾ സ്ഥാപിച്ചിട്ടുളളത്. ഇതിന് വേണ്ടി ഈ പഞ്ചായത്തിൽപ്പെട്ട വെട്ടിക്കോട് ഭാഗത്ത് 2,25,000 ലക്ഷം ലിറ്റർ ശേഷിയുളള ഒരു വാട്ടർ ടാങ്കും, പമ്പ്ഹൗസും കേരളാ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ അധികഭാഗം ജലവും പ്രയോജനപ്പെടുത്തുന്നത് സമീപപഞ്ചായത്തുകളാണ്. മേപ്പളളി ഇല്ലത്ത് ശ്രീ. പരമേശ്വരൻ നമ്പൂതിരിയാണ് കുഴൽക്കിണറും, വാട്ടർടാങ്കും നിർമ്മിക്കാൻ സ്ഥലം നൽകിയത്.

ഭരണിക്കാവ് പഞ്ചായത്തിൽ കേവലം 65 വാട്ടർ ടാപ്പുകളാണ് വാട്ടർ അതോറിറ്റിക്കാർ സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ പലപ്പോഴും ഇതൊരു കാഴ്ചവസ്തുവായി മാറുകയാണ്. ഈ പഞ്ചായത്തിലെ എല്ലാവാർഡുകളിലും പൊതുകിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. കോളനി നിവാസികൾ പ്രധാനമായും ഈ കിണറുകളെ മാത്രമാണ് ജലത്തിന്റെ ആവശ്യത്തിന് ആശ്രയിക്കുന്നത്. എന്നാൽ പലപ്പോഴും ഇവയെ വേണ്ടവിധത്തിൽ സംരക്ഷിക്കാൻ കഴിയാതെ വരുന്നത് കാരണം ഇവയെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

1 മുതൽ 7 വരെയുളള വാർഡുകൾ പ്രധാനമായും മണൽപ്രദേശമാണ്. ഇവിടെ നെൽവയലുകൾ ധാരാളമുണ്ട്. അതുപോലെ തന്നെ 10-ാം വാർഡിലും, 12-ാം വാർഡിലും വയലുകളും മണൽപ്രദേശവും ധാരാളമുണ്ട്. നദികളോ, അരുവികളോ ഇല്ലാത്ത ഈ പ്രദേശങ്ങളിൽ വയലുകളാണ് പ്രധാനമായും. സമീപപ്രദേശത്തുളള കിണറുകൾ ജലം നൽകുന്ന പ്രധാന സ്രോതസ്സ്. എന്നാൽ ദീർഘവീക്ഷണം ഇല്ലാതെ താൽക്കാ

ലിക ലാഭത്തിന് വയലുകൾ നികത്തുന്നത് കാരണം ഇപ്പോൾ വേനൽക്കാലത്ത് തീരദേശത്തുള്ള കിണറുകൾ പോലും വറ്റിപ്പോകുന്നു. ആയതിനാൽ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം ഒരു സാധാരണസംഭവമായി മാറിയിരിക്കുന്നു.

സ്വന്തമായി കിണറോ, പൊതുകിണറോ ഇല്ലാത്ത നല്ലയൊരുശതമാനം ആൾക്കാർ കുടിവെള്ളമുൾപ്പടെ ജലത്തിന്റെ ആവശ്യത്തിനായി കുളങ്ങളെ ആശ്രയിക്കുന്നു. എന്നാൽ വേണ്ടവിധത്തിൽ സംരക്ഷിക്കാൻ കഴിയാത്തതു കാരണം പലപ്പോഴും ഇങ്ങനെയുള്ള പ്രദേശങ്ങളിൽ ജലത്തിൽക്കൂടി പകരുന്ന പല രോഗങ്ങളും ജനങ്ങൾക്ക് പടർന്നു പിടിക്കാറുണ്ട്. വയലുകളോട് ചേർന്നുള്ള കുളങ്ങളിൽ രാസവളത്തിന്റെ (കീടനാശിനി) അംശങ്ങൾ മറ്റുമാലിന്യങ്ങൾ എന്നിവ ഒലിച്ചിറങ്ങി ജലത്തിന്റെ ഗുണമേന്മതന്നെ നഷ്ടപ്പെടുത്താറുണ്ട്. ഇത് പല രോഗങ്ങൾക്കും കാരണമാകുന്നു. അതുപോലെ തന്നെ മലിനജലം ഒഴുകിപ്പോകാതെകിടക്കുന്നതും സമീപപ്രദേശങ്ങളിലെ കുടിവെള്ളം മലിനമാകുവാൻ കാരണമാകുന്നു. ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി പഞ്ചായത്തിലെ 13 വാർഡുകളിലും നടന്ന വിശേഷാൽ ഗ്രാമസഭയിൽ കുടിവെള്ള പ്രശ്നം വളരെ പ്രാധാന്യത്തോടെ ചർച്ച ചെയ്തു. അവിടെ രൂപം കൊണ്ട പ്രശ്നങ്ങളും, അവയ്ക്കുള്ള നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അനേകം പേർക്ക് സ്വന്തമായി കിണറില്ല.
2. സ്വന്തമായി കിണറുള്ള അധികം പേരും കുടിവെള്ളം വേണ്ടവിധം ശുദ്ധമായി കൈകാര്യം ചെയ്യുന്നില്ല. ആയതിനാൽ പലരോഗങ്ങളും ഉണ്ടാകുന്നു.
3. ജലസ്രോതസ്സ് ഇല്ലാത്തത് കാരണം വേനൽക്കാലത്ത് വെള്ളം വേഗത്തിൽ വറ്റിപ്പോകുന്നു.
4. ആധുനിക രീതിയിലുള്ള കക്കൂസ് നിർമ്മിക്കാത്തതുകാരണം ഉള്ളപലകിണറുകളും ഉപയോഗരഹിതമായികിടക്കുന്നു.
5. ഉയർന്ന പ്രദേശങ്ങളിൽ കിണർ കുഴിക്കുന്നതിനുള്ള ചിലവ് കൂടുന്നതിനാൽ സാധാരണക്കാരന് കിണർ നിർമ്മിക്കുവാൻ കഴിയുന്നില്ല.
6. കുടിവെള്ളത്തിന്റെ ദൗർലഭ്യം കുറയ്ക്കുന്നതിന് വേണ്ടി വിവധ വകുപ്പുകൾ ഏകോപ്പിച്ചു പ്രവർത്തിക്കാത്തതു കാരണം പാഴ്ച്ചെലവ് കൂടുന്നു.
7. കോളനി വാസികൾക്ക് ആവശ്യത്തിന് കിണർ ഇല്ലാത്തതുകാരണം പൊതുകിണറ്റിലെ വെള്ളം വേഗത്തിൽ മലിനമാകുന്നു.
8. കിണറുകൾ കക്കൂസിന് സമീപം, വസ്ത്രങ്ങൾ കഴുകുക, കുളിക്കുക, കന്നുകാലികളെ കുളിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ജലം മലിനമാകാൻ ഇടയാകുന്നു.
9. ആരോഗ്യപ്രവർത്തകരുടെ ബോധവൽക്കരണത്തിന്റെ അഭാവം കാരണം കുടിവെള്ളത്തിന്റെ പ്രാധാന്യം സാധാരണക്കാരന് മനസ്സിലാകുന്നില്ല.
10. പാടശ്ശേഖരങ്ങൾ നികത്തുന്നത് ജലസ്രോതസ്സ് വറ്റിപ്പോകാനിടയാകുന്നു.

നിർദ്ദേശങ്ങൾ

1. നിലവിൽ കിണറില്ലാത്ത മുഴുവൻ പേർക്കും കിണർ നിർമ്മിച്ചു നൽകുകയോ, കിണർകുഴിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.
2. ആഴ്ചയിലൊരിക്കൽ ജലം ക്ലോറിനേഷൻ നടത്തുന്നതാണ് ശരിയായ രീതി. എന്നാൽ ഇത് പ്രായോഗികമല്ലാത്തതിനാൽ ഒരുമാസത്തിൽ ഒരുപ്രാവശ്യം എങ്കിലും ജലം ക്ലോറിനേഷൻ ചെയ്യാനുള്ള ക്ലോറിൻ ഗ്രാമപഞ്ചായത്ത് സൗജന്യമായി ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
3. ജലസേചനപദ്ധതിയുടെ തോടുകളിൽകൂടി വേനൽക്കാലത്ത് ജലം തുറന്ന് വിടുന്നത് വഴി താഴ്ന്ന പ്രദേശങ്ങളിലുള്ള കിണറുകളിൽ ജലം ലഭിക്കുവാനിടയാകുന്നു.

4. നിലവിലുള്ള ജല സ്രോതസ്സ് വറ്റിപ്പോകാതിരിക്കുന്നതിന് വേണ്ടി പാടങ്ങൾ നികത്താതിരിക്കുക.

5. ഭൂഗർഭ ജലവകുപ്പിന്റെ സഹകരണത്തോടെ എല്ലാ കോളനികളിലും ചെറിയ ഹാന്റ് പമ്പു സംവിധാനമുള്ള കുഴൽ കിണർ സ്ഥാപിക്കുക. 6. നിലവിലുള്ള വാട്ടർ ടാങ്കിന്റെ ശേഷി വർദ്ധിപ്പിച്ച് പഞ്ചായത്തിന്റെ എല്ലാവാർഡിലേക്കും പൈപ്പു കണക്ഷൻ നൽകുക. പൈപ്പുലൈൻ ഇട്ട സ്ഥലങ്ങളിൽ കൂടുതൽ ടാപ്പുകൾ നൽകണം. കൂടാതെ അവയുടെ അറ്റകുറ്റപ്പണി യഥാസമയം നടത്തണം.

7. പൈപ്പുലൈൻ സ്ഥാപിക്കുമ്പോൾ ഗുനമേന്മയുള്ള പൈപ്പുകളും, ടാപ്പുകളും ഉപയോഗിക്കുക.

8. ടാപ്പുകൾക്ക് സമീപം, കന്നുകാലികളെ കുളിപ്പിക്കുക, വസ്ത്രം കഴുകുക, കുളിക്കുക, കുടിക്കാനുള്ള ജലം കൃഷിആവശ്യങ്ങൾക്ക് ഉപയോഗിക്കുക തുടങ്ങിയ കാര്യങ്ങൾ നിരുൽസാഹപ്പെടുത്തുക.

9. ഓരോ വാർഡിലേക്കും ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് വേണ്ടി വാർഡു മെമ്പറുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കുക.

10. പഞ്ചായത്തിലുള്ള എല്ലാ പൊതുകിണറുകളും എല്ലാ വർഷവും വെള്ളം കോരി വൃത്തയാക്കുക. ആവിശ്യമായ അറ്റകുറ്റപ്പണി നടത്തുകയും ചെയ്യണം. ഇതിന് വേണ്ടി അതാത് പ്രദേശത്തുള്ളവരുടെ ഒരു സമിതി രൂപീകിരക്കേണ്ടതാണ്.

11. കുളങ്ങളിലെ ജലം ഉപയോഗിക്കുന്നത് പലപ്പോഴും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. എന്നിരുന്നാലും പഞ്ചായത്തിന്റെ മുഴുവൻ പൊതുക്കുളങ്ങളും ആവശ്യമായ സംരക്ഷണം നൽകി കുടിവെള്ളത്തിനായി ഉപയോഗിക്കുക.

12. കുടി വെള്ളത്തിന്റെ പരിഹാരത്തിനായിവിവിധ വകുപ്പുകളും സ്ഥാപനങ്ങളും ഏകോപിപ്പിച്ച് പ്രവർത്തിക്കുകയാണ് എങ്കിൽ പരിപാടികൾ പരമാവധി പ്രയോജനപ്പെടുത്താനും പാഴ്ച്ചെലവ് ഒഴിവാക്കാനും കഴിയും.

13. ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികൾ കുഴിച്ച്, വരമ്പുകളിട്ട് മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക.

14. നിലവിലുള്ള ചാലുകളുടെയും, തോടുകളുടെയും ആഴംകൂട്ടി ചെറിയ ബണ്ഡുകളിടുക.

15. മഴവെള്ളം സംഭരിക്കുന്നതിന് കുഴികളും മറ്റ് പൊട്ടക്കിണറുകളും ഉപയോഗിക്കുക.

16. കുടിവെള്ളം ഓരോതുള്ളിയും വിലപ്പെട്ടതാണെന്നു കരുതി പാഴ്ച്ചിലവ് ഒഴിവാക്കുക.

17. വീടുകൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും, ഫീസ് നിരക്കുകൾ കുറയ്ക്കുകയും ചെയ്യണം. ഇതിന് വേണ്ടി ഗ്രാമപഞ്ചായത്ത് സമിതി നടപടി സ്വീകരിക്കണം.

പൊതുജന ആരോഗ്യം

1961 വരെ പഞ്ചായത്തിലെ ആരോഗ്യ രംഗം ഏതാനും പാരമ്പര്യ വൈദ്യ കുടുംബാംഗങ്ങളാണ് പ്രധാനമായും ആശ്രയിച്ചു വന്നത്. ആധുനിക ചികിത്സാ സ്ഥാപനങ്ങൾ ഒന്നും പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. 6-03-1961 ൽ 8-ാം വാർഡിൽ സ്ഥാപിതമായ ഒരു ആയുർവ്വേദ ഡിസ്പെൻസറി ആയിരുന്നു ആശ്രയം. ഇന്ന് ഒരു ഗവ: പ്രാഥമിക ആരോഗ്യ കേന്ദ്രവും ഒരു ഗവ: ഹോമിയോ ഡിസ്പെൻസറിയും കൂടാതെ മൂന്നിൽ കൂടുതൽ സ്വകാര്യ ആശുപത്രികളും പ്രവർത്തിച്ചു വരുന്നു. മേൽ പറഞ്ഞ ആരോഗ്യ കേന്ദ്രങ്ങളിൽ കൂടി പഞ്ചായത്തിലെ 38000 ൽ പരം വരുന്ന ജനങ്ങൾക്ക് വേണ്ട ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും സ്ഥിതി വിവര കണക്കുകൾ കാണിക്കുന്നത് 95-96 ൽ 108 തക്ക് രോഗങ്ങളും 120 വാത രോഗങ്ങളും 42

തളർച്ച വ്യാധികളും 10130 മറ്റ് രോഗങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (പട്ടിക 4 ൽ വിവരിക്കുന്നു) ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള ചർച്ചയുടെ ഫലമായി ചെയ്യേണ്ട കാര്യങ്ങൾ നിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 13 വാർഡുകൾക്ക് കൂടിയും ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ ജനസംഖ്യാ ആനുപാതത്തിൽ ഇത് വളരെ കുറവാണ്. P.H.C. യുടെ ലക്ഷ്യം തന്നെ ഗവൺമെന്റ് നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ ആരോഗ്യ പദ്ധതികൾ ജനങ്ങളിൽ എത്തിക്കുക എന്നുള്ളതാണ്.

ചുനക്കര P.H.C. യുടെ നിയന്ത്രണത്തിലാണ് ഭരണിക്കാവ് P.H.C. പ്രവർത്തിക്കുന്നത്. ഭരണിക്കാവ് പഞ്ചായത്ത് ഏരിയായിൽ 6 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ വഴിയുമാണ് വിവധങ്ങളായ ആരോഗ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. വിവധ പദ്ധതികളുടെ സംശുദ്ധ രൂപം ചുവടെ ചേർക്കുന്നു.

1. മാതൃ ശിശു സംരക്ഷണ കേന്ദ്രം
2. ദേശീയ കുടുംബക്ഷേമ കേന്ദ്രം
3. ദേശീയ മലമ്പനി നിവാരണ പദ്ധതി
4. ക്ഷയ രോഗ നിയന്ത്രണ പരിപാടി
5. കുഷ്ടരോഗ നിയന്ത്ര പരിപാടി
6. ദേശീയ അന്ധത നിവാരണ പരിപാടി
7. ദേശീയ വയറിളക്ക നിയന്ത്രണ പരിപാടി
8. സാർവ്വത്രിക രോഗ പ്രതിരോധ പരിപാടി
9. ഗർഭകോല സംരക്ഷണ കേന്ദ്രം
10. ദേശീയ എയിഡ്സ് നിവാരണ പരിപാടി
11. ദേശീയ ആരോഗ്യ വിദ്യാഭ്യാസ പരിപാടി
12. കൊതുകു നിവാരണ പരിപാടി

മുകളിൽ പറഞ്ഞിരിക്കുന്ന 12 പദ്ധതികൾ നാളിതുവരെ തൃപ്തികരമായ വിധത്തിൽ നടത്തുവാൻ സാധിച്ചില്ല എന്ന് പഠന പര്യടനത്തിൽ നിന്ന് അറിയുവാൻ കഴിഞ്ഞത്. ICDC, MSS തുടങ്ങിയവയുടെ പ്രവർത്തനം എല്ലാ വാർഡുകളിലും തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. ജല ജന്യരോഗങ്ങളിൽ നിന്ന് വിമുക്തമാക്കുന്നതിന് ആഴ്ചയിൽ ഒരു ദിവസം ക്ലോറിനേഷൻ നടത്തുക. കൊതുക് നിവാരണത്തിനും പരിസര ശുചീകരണത്തിനും പ്രത്യേക പരിശീലനം സിദ്ധിച്ച് ആൾക്കാരെ സ്ഥിരമായി നിയോഗിക്കുക.

ചിക്കൻ പോക്സ്, മുണ്ടിനീര്, മഞ്ഞപ്പിത്തം എന്നിവ സർവ്വസാധാരണം ആയതിനാൽ അവയ്ക്ക് എതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ കാലേകൂട്ടി നടത്തണം. ആസ്തമ പ്രമേഹം രക്തസമ്മർദ്ദം ഹൃദ്രോഗം അർബുദം ഇവ നമുടെ പ്രദേശങ്ങളിൽ കാണുന്നതിനാൽ ആരംഭത്തിൽ തന്നെ രോഗികളെ കണ്ടുപിടിച്ച് വിദഗ്ധ ചികിത്സയ്ക്ക് വിധേയമാക്കണം. ഇതിലേക്കായി സന്നദ്ധ സംഘടകളുടെ സേവനം തേടാവുന്നതാണ്.

നിർദ്ദേശങ്ങൾ

ഭരണിക്കാവ് P.H.C. ഇപ്പോൾ പള്ളിക്കൽ N.S.S. കരയോഗ മന്ദിരത്തിൽ പഞ്ചായത്തിൽ നിന്നും വാടക കൊടുത്താണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് അവിടെ വികസനത്തിന്റെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ആയതിനാൽ സൗകര്യപ്രദമായ സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് P.H.C. അവിടേയ്ക്ക് മാറ്റേണ്ടതാണ്.

2. ചുനക്കര പഞ്ചായത്തിനും ഭരണിക്കാവ് പഞ്ചായത്തിനും കൂടി ആദ്യസമയത്ത് ചുനക്കരയിൽ ഒരു ഹൈൽത്ത് സെൻർ ആയിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഭരണിക്കാവ് പഞ്ചായത്തിൽ 30-01-1993 ൽ ഒരു പുതിയ പ്രാഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തനം ആരംഭിച്ചു. ഈ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാർ ഇപ്പോഴും ചുനക്കര മെഡിക്കൽ ആഫീസറുടെ അധികാര പരിധിയിൽ ആണ്. ഭരണിക്കാവ് P.H.C. യുടെ കീഴിൽ കൊണ്ടു വരുവാൻ വേണ്ട നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർക്കും ജില്ലാ മെഡിക്കൽ ഓഫീസർക്കും നൽകേണ്ടതാണ്.

3. കൊതുകു നിവാരണം, പോളിയോ നിവാരണം എന്നീ ആരോഗ്യ പ്രവർത്തന

ങ്ങൾക്ക് പഞ്ചായത്തിൽ നിന്നും സ്ഥിരസംവിധാനം ഉണ്ടാകണം.

4. പഞ്ചായത്തിന്റെ വാർഡുകളിൽ പ്രവർത്തിക്കുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെകടർമാരുടെ നിലവിലുള്ള ഒഴുവുകൾ നികത്താൻ വേണ്ട നിർദ്ദേശം ജില്ലാമെഡിക്കൽ ആഫീസർക്ക് നൽകുകയോ, പഞ്ചായത്തിൽ നിന്നും നിയമിക്കുകയോ ചെയ്യണം.

ഗവ. ആയുർവ്വേദ ഡിസ്പൻസറി, ഭരണിക്കാവ്

1. 6-3-1961 ൽ സ്ഥാപനം തുടങ്ങി, 20-1-1968 മുതൽ ഇപ്പോഴുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

2. ഈ പഞ്ചായത്തിന്റെ എല്ലാവാർഡുകൾക്ക് പ്രയോജനം ലഭിക്കുന്നതോടൊപ്പം ഭരണിക്കാവ് ബ്ലോക്കിലെ ചുനക്കര, ചാരുംമൂട്, താമരക്കുളം, വളളികുന്നം, കറ്റാനം, നൂറനാട് എന്നീ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഈ സ്ഥാപനത്തിന്റെ പ്രയോജനം ലഭിക്കുന്നു.

3. ബാലചികിത്സ, വാതസംബന്ധമായ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, സ്ത്രീ ജന്യരോഗങ്ങൾ, സ്ഥായിയായ രോഗങ്ങൾ, കാലാനുസൃതമായ രോഗങ്ങൾ എന്നിവയ്ക്ക് ചികിത്സ ലഭിക്കുന്നു.

4. സ്ഥാപനത്തിനാവശ്യമായ രജിസ്റ്ററുകൾ, സ്റ്റേഷനറി എന്നിവയുടെ അഭാവം, ഔഷധങ്ങളും, രജിസ്റ്ററുകളും ശരിയായി സൂക്ഷിക്കുവാനുളള സംവിധാനം ഇല്ലായ്മ മൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ജീവനക്കാരുടെ പ്രാധമിക ആവശ്യങ്ങൾ നിറവേറ്റാനുളള സൗകര്യമില്ലായ്മ, മഴക്കാലത്തുണ്ടാകുന്ന ചോർച്ചയുമാണ് പൊതുവെയുളള പരാധീനതകൾ.

5. പ്രതിവർഷം ശരാശരി 21,000 രോഗികളെ ചികിത്സിക്കുന്നുണ്ട്.

6. മന്ദബുദ്ധികൾക്കുളള ചികിത്സയില്ല.

7. പ്രതിമാസം ശരാശരി അറുപതോളം രക്തസമ്മർദ്ദ രോഗികളും, പത്തോളം പ്രമേഹരോഗികളും എത്താറുണ്ട്.

8. ഗർഭ സംരക്ഷണ ചികിത്സയ്ക്കായി പ്രതിമാസം 10 രോഗികൾ എത്താറുണ്ട്.

9. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തൊഴിലാളികളും, മറ്റു ദുർബലവിഭാഗങ്ങളും മറ്റു ചികിത്സകൾ ചെയ്തിട്ട് ആശ്വാസം ലഭിക്കാത്തവരുമാണ് ഇവിടെയെത്തുന്ന ഭൂരിഭാഗം രോഗികളും.

10. ചികിത്സാ സൗകര്യത്തിൽ രോഗികൾ തൃപ്തരല്ല. രോഗത്തിനാവശ്യമായ ഔഷധങ്ങൾ യഥാസമയം കിട്ടുകയാണ് എങ്കിൽ ചികിത്സാരീതിയിൽ ജനങ്ങൾ കൂടുതൽ ആകൃഷ്ടരാകും. ലഭ്യമായ ഔഷധങ്ങൾ വച്ച് എല്ലാ രോഗത്തിനും ചികിത്സചെയ്യുന്ന സംവിധാനമാണ് ഉളളത്.

11. മെഡിക്കൽ ആഫീസർ, ഫാർമസിസ്റ്റ്, അറ്റൻഡർ, പാർട്ട ടൈം സ്വീപ്പർ. ആകെ 4 ജീവനക്കാർ.

നിർദ്ദേശങ്ങൾ

ആഴ്ച ചന്തകളുടെയും, കന്നുകാലി ചന്തകളുടെയും കാർഷിക ഉൽപ്പന്ന ചന്തകളുടെയും കുറവ് ഭരണിക്കാവിനെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമായി ഉയർന്നിരിക്കുകയാണ്. എന്നാൽ ചില സ്ഥലങ്ങളിൽ അന്തിചന്ത പ്രവർത്തിക്കുന്നുണ്ട് ഓലകെട്ടിയമ്പലം, കറ്റാനം, നൂറനാട് [illegible] എന്നീ ഭാഗങ്ങൾ ഈ ഇനത്തിൽ പെടുത്താം. എന്നാൽ ഈ മാർക്കറ്റുകൾ ജനങ്ങളുടെ മുഴുവൻ ആവശ്യങ്ങളും നിറവേറ്റുവാൻ സഹായകരമല്ല എന്നത് എടുത്ത് പറയത്തക്കത് തന്നെ. ആയതിനാൽ അടിയന്തിരമായി പഞ്ചായത്തിൽ ആവശ്യമായ മാർക്കറ്റുകൾ നടത്തുവാൻ അനുവാദം നൽകി ജനങ്ങളുടെയും നാടിന്റെയും ഉയർച്ചയ്ക്ക് സഹായമേകേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിൽ മാർത്തോമ്മാ പള്ളിക്ക് സമീപം കോളനികൾ തിങ്ങി നിൽക്കുന്ന ഭാഗത്ത്, 12-ാം വാർഡിൽ ഭരണിക്കാവ് കേന്ദ്രമാക്കിയും, 4-ാം വാർഡിൽ ആദിക്കാട്ട് മുക്കിന് കറ്റാനം ജംഗ്ഷനിലും ഓരോ മാർക്കറ്റുകൽ സ്ഥാപിക്കുക.
2. രണ്ടാം വാർഡിൽ കോയിക്കൽ വടക്കതിൽ മുക്കിന് അന്തിച്ചന്ത അനുവദിക്കണം.
3. ആഴ്ച ചന്തകൾ, കന്നുകാലി ചന്തകൾ തുടങ്ങുവാൻ വേണ്ട നടപടികൾ എടുക്കണം.
4. കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനും വാങ്ങുവാനും പ്രത്യേക ചന്ത അനുവദിക്കുകയും ഈ രംഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
5. നിലവിലുള്ള കോയിക്കൽ മാർക്കറ്റ് കൂടുതൽ സൗകര്യത്തോടു കൂടി പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക. കൂടാതെ ഗ്രാമസഭാ നിർദ്ദേശങ്ങൾക്ക് പ്രാധാന്യം നൽകി അതാത് വ്യാപാര രംഗം കൂടുതൽ കാര്യക്ഷമമാക്കുവാനും അതുവഴി ഗ്രാമീണ ജനതയുടെ വളർച്ചയ്ക്ക് പ്രയോജനകരമാക്കുകയും ചെയ്യണം.

പാർപ്പിടം



വിദ്യാഭ്യാസപരമായും, സാംസ്കാരികമായും സാമ്പത്തികമായും വളരെ മുൻപന്തിയിൽ നിൽക്കുന്ന സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ് ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്. കറ്റാനം വില്ലേജും, ഭരണിക്കാവ് വില്ലേജും കൂടി ച്ചേർന്ന് 13 വാർഡുകളായി വിഭജിച്ചിരിക്കുന്നു. പൊതുവെ ഈ പഞ്ചായത്തിൽ കാർഷികമേഖലയാണ് കൂടുതലും. ആയതിനാൽ കാർഷികമേഖലയിൽ പണിയെടുക്കുന്ന കർഷകത്തൊഴിലാളികൾ ധാരാളം ഉണ്ട്. ഇതിൽ 1, 10, 12, 13 വാർഡുകളിലായിട്ടാണ് ഭൂരിഭാഗം കൃഷിസ്ഥലങ്ങളും സ്ഥിതിചെയ്യുന്നത്. ഭാഗികമായി മറ്റ് വാർഡുകളിലും കൃഷിചെയ്തുവരുന്നു. ഓണാട്ടുകര പ്രദേശമായതിനാൽ നെൽകൃഷിയും, തെങ്ങുകൃഷിയും, മറ്റ് ഇടവിളകളും ആണ് കൂടുതൽ. ഇതിന് വേണ്ടി പണിയെടുക്കുന്ന കർഷകത്തൊഴിലാളികളുടെയും, മറ്റ് പ്രാദേശിക ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും താമസ്സിക്കുന്നത് ഓലമേഞ്ഞകുടിലുകളിലും, ഇടത്തരം വീടുകളിലുമാണ്. കോളനികളിൽ കൂട്ടുകുടുംബമായി രണ്ടും മൂന്നും സെന്റ് സ്ഥലത്തിനുളളിൽ ധാരാളം കുടുംബങ്ങൾ താമസ്സിക്കുന്നുണ്ട്.

പഞ്ചായത്തിലെ ആകെ ജനസംഖ്യ ഏകദേശം 38,000 ആകുന്നു. പഞ്ചായത്തിലെ ആകെ നിലവിലുള്ള ഭവനങ്ങൾ 9,950 ആണ്. അതിൽ 331 കെട്ടിടങ്ങൾ ഒന്നിൽ കൂടുതൽ നിലകളുളതും. 2,986 കോൺക്രീറ്റ് കെട്ടിടങ്ങളും, 2,838 ഓടു മേഞ്ഞ കെട്ടിടങ്ങളും, 2,473 ഓലമേഞ്ഞ കെട്ടിടങ്ങളും ആണ്. എന്നാൽ 544 വീടുകൾ മേൽപ്പറഞ്ഞവയിൽ ഉൾപ്പെടാത്തവയും ആകുന്നു.

വിവിധ ഭവനനിർമ്മാണ പദ്ധതികളിലൂടെ പഞ്ചായത്തിൽ 778 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ഏകദേശം 2,500 ചെറ്റക്കുടിലുകൾ മാറ്റി വാസയോഗ്യമായ ഭവനങ്ങളായി മാറ്റേണ്ടിയിരിക്കുന്നു. പുറംപോക്കുകളിൽ താമസ്സിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതായിട്ടുണ്ട്.

വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥ പഞ്ചായത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി കണ്ടു വരുന്നു. ഈ പ്രവണത കാർഷികമേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹൗസിംഗ് സൊസൈറ്റി പഞ്ചായത്തു നിവാസികൾക്ക് വീടു വയ്ക്കുന്നതിന് ഉളള വായ്പാ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. എന്നാൽ വായ്പക്കുളള അമിത പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും സാധാരണക്കാരന് പ്രയോജനപ്പെടുത്തുവാൻ സാധിക്കാത്ത അവസ്ഥയാണുളളത്. ഈ ഭവനവായ്പാ പദ്ധതി സാധാരണക്കാരനും ലഭിക്കത്തക്കരീതിയിൽ വ്യവസ്ഥ ഉദാരമാക്കേണ്ടതുണ്ട്. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തലത്തിൽ

വാർഡ്	ഓട്	ടെറസ് കോൺക്രീറ്റ്	ഓല	ടെറസ് ഓട്	ഇരുനില കുടിൽ		വിവിധ ഭവന നിർമ്മാണ പദ്ധതി	ആകെ
1	145	260	220	-	15	90	91	821
2	102	130	271	-	12	30	13	558
3	124	119	241	-	13	30	133	660
4	113	170	170	-	12	35	23	523
5	172	186	112	-	11	28	45	554
6	409	390	120	-	70	20	16	1025
7	260	310	95	-	15	17	76	773
8	218	220	185	-	12	18	108	761
9	271	241	156	-	22	38	38	816
10	268	252	115	-	26	56	121	838
11	258	178	268	-	17	66	68	855
12	300	250	310	-	39	65	36	1000
13	198	280	210	-	17	51	10	766
	2838	2986	2473	-	331	544	778	9950

നിർദ്ദേശങ്ങൾ

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പാ ലഭ്യമാക്കാവുന്നതാണ്.
2. പലിശനിരക്ക് 12 % ആയി നിജപ്പെടുത്തുക.
3. പ്ലോട്ടടിസ്ഥാനത്തിൽ തവണവ്യവസ്ഥയിൽ വിടു നിർമ്മിച്ചു കൊടുക്കുക.
4. പഞ്ചായത്തിൽ സർക്കാർ ഏജൻസികൾ മുഖേന ദുർബലവിഭാഗക്കാർക്ക് വീടുവയ്ക്കുന്നതിനുള്ള സഹായം നൽകുന്നതോടൊപ്പം ഇടത്തരക്കാർക്കും അവരുടെ വീട് പുതുക്കിപ്പണിയാനുള്ള ധനസഹായം ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.

വിവിധ സ്കീമുകളിലായി പഞ്ചായത്തിൽ അനുവദിച്ച വീടുകൾ 133 ഇവയിൽ 92 വീടുകൾ പൂർത്തീകരിച്ചവയും 41 വീടുകൾ പൂർത്തീകരിക്കുവാൻ ഉള്ളവയും ആകുന്നു.

ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും, ക്രമാതീതമായ കൂലിവർദ്ധനവും നിമിത്തം ഭവന നിർമ്മാണ പദ്ധതികളിൽക്കൂടി ദുർബലകുടുംബങ്ങൾക്കനുവദിക്കുന്ന വായ്പയും സഹായങ്ങളും തികയാതെ വരുന്നതിനാൽ മേൽപ്പറഞ്ഞ സഹായം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം പാവപ്പെട്ടവന്റെ സ്വന്തമായൊരു വീട് എന്ന ചിരകാലാഭിലാഷം പൂർത്തിയാകാതെ ബാക്കിയായി തന്നെ അവശേഷിക്കുന്നു.

92-93 വർഷങ്ങളിൽ ഭവന നിർമ്മാണ രംഗത്ത് ഒരു വിദഗ്ദ്ധ തൊഴിലാളിയുടെ കൂലി നിരക്ക് 70 മുതൽ 80 രൂപ വരെയും, അവിദഗ്ദ്ധ

തൊഴിലാളിയുടെ കൂലി 50 മുതൽ 60 രൂപയും ആയിരുന്നത് 95-96 കാലയളവിൽ അവ യഥാ ക്രമം 100 മുതൽ 125, 90 മുതൽ 100 രൂപ എന്നായി വർദ്ധിച്ചു. അതേ സമയം തന്നെ കെട്ടി ടനിർമ്മാണത്തിനാവശ്യമായ സിമന്റിന്റെ വില 92-93 ൽ 150 രൂപ എന്നത് 95-96 ൽ 180 - 200 എന്ന അവസ്ഥയിൽ എത്തിനിൽക്കുന്നു. ഈ പരിതസ്ഥിതിയിൽ ഗവ: ഏജൻസികൾ വഴി നൽകുന്ന സഹായങ്ങളുടേയും, വായ്പകളു ടേയും പരിധി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതു പോലെ തന്നെ വായ്പയ്ക്കുള്ള സാങ്കേതികവും, സാമ്പത്തികവും ആയ ബുദ്ധിമുട്ടുകൾ ഒഴിവാ ക്കേണ്ടതാണ്.

ഇന്ന് കൂട്ടുകുടുംബങ്ങളായി താമസ്സി ക്കുന്ന കുടുംബങ്ങളെ സന്നദ്ധസംഘടനകളു ടേയും മറ്റും സഹായത്തോടെ അവർക്ക് സ്വന്ത മായി വീടുവയ്ക്കുന്നതിനുള്ള സ്ഥലം കണ്ടുപി ടിച്ച് നൽകുവാൻ വേണ്ട നടപടി മുൻഗണനാ ക്രമത്തിൽ നടപ്പാക്കണം. ഇപ്പോൾ ഇങ്ങനെയു ള്ള കുടുംബങ്ങൾക്ക് മിക്കവർക്കും റേഷൻകാർഡുകളോ, മറ്റ് ആനുകൂല്ല്യങ്ങളോ ലഭ്യമാക്കാൻ പറ്റാത്ത അവസ്ഥയിലാണ്.

ഒരു ഹൈന്ദവകുടുംബത്തിൽ ഒരാൾ മര ണമടഞ്ഞാൽ ഹിന്ദു ആചാരപ്രകാരം ഉത്തരക്കൂ ട്ടിനുള്ളിൽ ശവം മറവുചെയ്യുന്നതിനുള്ള സ്ഥലം പോലും ഇല്ലാത്ത ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കാലം മുന്നോട്ട് പോകും തോറും ഈ ദു:സ്ഥിതി ഏറിവരുകയേയുള്ളു എന്ന സത്യം മുന്നിൽ കണ്ടുകൊണ്ട് പഞ്ചായ ത്തിൽ ഒരു പൊതു ശ്മശാനം അത്യാവശ്യമായും ഉണ്ടാകേണ്ടതാണ്.

ഗ്രാമസഭയിൽ പാർപ്പിടരംഗത്തെ പ്രശ്ന ങ്ങൾ പരിഹരിക്കുന്നതിനായി ഉയർന്നു വന്ന നിർദ്ദേശങ്ങൾ.

1. സർക്കാർ ലഭ്യമാക്കുന്ന വായ്പയ്ക്കു ള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധി മുട്ടുകൾ ഇല്ലാതാക്കുക. ഇതിന് വേണ്ടി അപേ ക്ഷകൾ ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുക.

2. കാലതാമസ്സം ഒഴിവാക്കുക.

3. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തു തലത്തിൽ സൂക്ഷിക്കുക.

4. ഒരു സർവ്വേയിലൂടെ യഥാർത്ഥ ഉപഭോ ക്താവിനെ കണ്ടെത്തി വായ്പാ പദ്ധതി അനുവ ദിക്കുക.

5. സന്നദ്ധ സംഘടനകളുടേയും, സാമൂഹ്യ പ്രവർത്തകരുടേയും സഹായത്തോടെ അനുവ ദിക്കുന്ന വായ്പ യഥാക്രമം പ്രയോജനപ്പെടുത്തു ന്നുണ്ടോ എന്ന് പരിശോധിക്കുക.

6. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

7. നിർമ്മിതി കേന്ദ്രത്തിന്റെ ഒരു ആഫീസ് പഞ്ചായത്തിൽ തുടങ്ങുന്നതിനാവശ്യമായ നടപ ടികൾ സ്വീകരിക്കുക.

8. പഞ്ചായത്തിൽ നിലവിലുള്ള പുറം പോക്കു ഭൂമിയും, മിച്ച ഭൂമിയും കണ്ടെത്തി സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി വീടില്ലാത്തവർക്ക് വീടിവയ്ക്കുവാനുള്ള സാദ്ധ്യത ഉറപ്പാക്കുക.

9. ഭവന നിർമ്മാണ രംഗത്ത് സഹായം നൽകുന്ന വിവിധ ഏജൻസികളുടെ പഞ്ചായത്തു തലത്തിലുള്ള പ്രവർത്തനം ഗ്രാമപഞ്ചായത്തു വഴി നടപ്പിലാക്കുക.

10. ദുർബ്ബല വിഭാഗക്കാർക്ക് പുതുതായി പണിത് കൊടുക്കുന്ന വീടുക ൾക്ക് മുഴുവനും കിണറുകളും, കക്കൂസുകളും, നിർമ്മിച്ച് കൊടു ക്കണം. ഇതിന് വിവിധ സ്കീമുകളിൽക്കൂടി ലഭി ക്കുന്ന സാമ്പത്തിക സഹായവും സന്നദ്ധ പ്രവർത്തകരേയും പ്രയോജനപ്പെടുത്താവുന്ന താണ്.

മാവേലിക്കര കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി. A. 294 11-7-92 - ൽ പഞ്ചായത്ത് സ്ഥാപിതമായി. ഇതിനകം 106 പേർക്ക് വായ്പ അനുവദിച്ചട്ടുണ്ട്. പലിശനിരക്ക് 95-ൽ 12.2 % ആയിരുന്നു. എന്നാൽ ഇപ്പോൾ 20.5 % പലിശനി രക്കിലാണ് വായ്പകൊടുക്കുന്നത്. ഇപ്പോൾ കൊടുക്കുന്ന പരമാവധി തുക 3 ലക്ഷം രൂപാ വരെയാണ്. ലോൺ എടുക്കുന്ന വ്യക്തിയുടെ



വരുമാനത്തിന്റേയും, വസ്തുവിന്റെ ഈടിന്മേലും, പണിയുന്ന വീടിന്റേയും ജാമ്യത്തിലാണ് വായ്പ കൊടുക്കുന്നത്. വായപയ്ക്ക് ഏകദേശം 3 മാസത്തെ കാലതാമസം നേരിടുന്നുണ്ട്.

നാളിതുവരെ 106 പേർക്ക് വായ്പകൊടുത്തതിൽ 25 പേർ കാലാവധി പൂർത്തിയായിട്ടും വായ്പത്തുക മുഴുവനും അടച്ചുതീർത്തിട്ടില്ല.

ജാമ്യവ്യവസ്ഥ ലഘൂകരിച്ച് ഇടത്തരക്കാർക്കും, ദുർബ്ബലവിഭാഗക്കാർക്കും വായ്പ ലഭ്യമാക്കത്തക്കവിധത്തിൽ നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

പഞ്ചായത്തിലെ വാർഡു തലത്തിലുള്ള വീടുകളുടെ വിവരങ്ങൾ.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽക്കൂരയുടെ സ്വഭാവം				വിവിധ ഭവനം നിർമ്മിച്ച വീടുകളുടെ എണ്ണം
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	
1	821	15	260	145	220	90	91
2	558	12	130	102	271	30	13
3	660	13	119	124	241	30	133
4	523	12	170	113	170	35	23
5	554	11	186	172	112	28	45
6	1025	70	390	409	120	20	16
7	773	15	310	260	95	17	76
8	761	12	220	218	185	18	108
9	816	22	241	271	156	38	38
10	838	26	252	268	115	56	121
11	855	17	178	258	268	66	68
12	1000	39	250	300	310	65	36
13	766	17	280	198	210	51	10
ആകെ	9950	331	2986	2838	2473	544	778

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കുന്നതിനാവശ്യമായ, പ്രത്യേകിച്ചും കാർഷികമേഖല കൂടുതലുള്ള ഈ പഞ്ചായത്തിലെ കർഷകത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികളും വനിതകളുടെ വികസനത്തിന്വേണ്ടിയുള്ള ക്ഷേമപദ്ധതികളുമാണ് കൂടുതൽ നിലവിലുള്ളത്. കെട്ടിടനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷ, സ്ത്രീ വിഭാഗ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ നാമമാത്രമായേ നടക്കുന്നുള്ളൂ.

പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനായി ഒരു പട്ടികജാതി – പട്ടികവർഗ്ഗ വികസന സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്.

വനിതകളുടെ വികസനത്തിനായി വിവിധ സ്കീമുകൾ വഴി പഞ്ചായത്തിലെ പല വാർഡുകളിലുമായി 5 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നു. ഇതിന്റെ നിയന്ത്രണം ബ്ലോക്കടിസ്ഥാനത്തിലായതിനാൽ താരതമ്യേന പ്രവർത്തനം ഊർജ്ജസ്വലമായി കാണപ്പെടുന്നില്ല. വനിതകളുടെ വികസന പ്രവർത്തനങ്ങളെ ഒരു സർവ്വേയിലൂടെ പരിശോധിച്ചാൽ നിലവിലുള്ള ക്ഷേമപദ്ധതികൾ തൃപ്തികരമല്ല. വനിതകളെ സംബന്ധിച്ചിടത്തോളം പഞ്ചായത്തിൽ കൂടുതൽ വികസന വേദികൾ സ്ഥാപിക്കേണ്ടതുണ്ട്. ഉദാ: പത്തോ, അതിലധികമോ വനിതകൾ ഉൾപ്പെടുന്ന സൊസൈറ്റികൾ രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ഡയറി എക്സ്റ്റൻഷൻ ഓഫീസ് പോലുള്ള വകുപ്പുകൾ മുഖേന പരിശീലന കോഴ്സുകളും കൊടുക്കുകയും, തുടർന്ന് ധനസഹായം കൊടുത്ത് പ്രാബല്ല്യത്തിൽ വരുത്തുകയും ചെയ്താൽ നന്നായിരിക്കും.

D.W.C.R.A

ഈ പദ്ധതി പ്രകാരം 1992 - നു ശേഷം പഞ്ചായത്തിൽ മൂന്നും പതിനൊന്നും വാർഡുകളിൽ 2 ഡയറി യൂണിറ്റുകൾ സ്ഥാപിതമായി. വനിതകൾക്കായുള്ള തൊഴിൽ സംരംഭങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള ഈ യൂണിറ്റുകളിൽ 21 വനിതകൾ ജോലിചെയ്യുന്നു. ഇതിന്റെ പ്രവർത്തനത്തിനായി മൂന്നാം വാർഡിൽ 83,050 രൂപാ ലോണായും, 41,025 രൂപ സബ്സിഡിയായും, പതിനൊന്നാം വാർഡിൽ 1 ലക്ഷം രൂപ ലോണായും 40,000 രൂപ സബ്സിഡിയായും നൽകിയിട്ടുണ്ട്. കൂടുതൽ യൂണിറ്റുകൾ മറ്റു വാർഡുകളിലും സ്ഥാപിക്കേണ്ടതുണ്ട്. ആയതിലേക്ക് വനിതകളെ പഞ്ചായത്തുതലത്തിൽ പരിശീലനം നൽകി പ്രാവർത്തികമാക്കണം. മേൽപ്പറഞ്ഞവകൂടാതെ പഞ്ചായത്തിലെ 12 ഉം, 13 ഉം വാർഡുകളിലായി 2 തയ്യൽ എംബ്രോയിഡറി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 10 വനിതകൾ ജോലിചെയ്യുന്നുണ്ട്.

ട്രൈസം :

യുവതീ-യുവാക്കൾക്ക് തൊഴിൽ പരിശീലനം കൊടുക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ട്രൈസം. ഈ പഞ്ചായത്തിന്റെ ഡേറ്റാ പ്രകാരം 19 പേരെ വിവിധ തൊഴിൽ സാദ്ധ്യതയ്ക്ക് വേണ്ടി പരിശീലനം നൽകിയിട്ടുണ്ട്. അതിൽ 18 പേരും പ്രവൃത്തിയിലാണ്. ട്രൈസം സിസ്റ്റത്തിലൂടെ ടി.വി., റേഡിയോ റിപ്പയറിംഗ്, പ്ലംബിംഗ്, വയറിംഗ്, ക്ലേമോഡലിംഗ്, കമ്പോസിംഗ് മുതലായവയിൽ പരിശീലനം നടത്തുന്നുണ്ട്. എങ്കിലും നാമമാത്രമായേ നടക്കുന്നുള്ളൂ. പഞ്ചായത്തിലെ സന്നദ്ധസംഘടനയുടെ സഹായത്തോടുകൂടി ഉപഭോക്താക്കളെ കണ്ടെത്തി വിപുലപ്പെടുത്തണം.

നിർദ്ദേശം

1. ട്രൈസത്തിൽ കൂടി പരിശീലനം കിട്ടുന്ന യുവതീയുവാക്കൾക്ക് ബന്ധപ്പെട്ട തൊഴിൽ ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്ന തരത്തിലുള്ള യൂണിറ്റുകൾ പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കുക.

C.C.S. for SF/MF പരിപാടിയനുസരിച്ച് നടത്തിയ ക്ഷേമപദ്ധതി

രണ്ടു വാർഡുകളിലായി 2 കിണറുകളും, 13 വാർഡുകളിലായി 51 പമ്പുസെറ്റുകൾ അനുവദിച്ച് കൊടുത്തിട്ടുണ്ട്. ഏകദേശം 2881 ഏക്കർ സ്ഥലത്ത് കൃഷിക്ക് ജലസേചനം നടത്തുവാൻ സാധിച്ചു.

പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ വിവരം :-

1. വിധവാപെൻഷൻ –	82
2. വികലാംഗ പെൻഷൻ –	92
3. വാർദ്ധക്യ പെൻഷൻ –	34
4. ക്ഷയരോഗ പെൻഷൻ –	23
5. ക്യാൻസർ രോഗി പെൻഷൻ –	3

അങ്കണവാടികൾ

പഞ്ചായത്തിൽ ആകെ അനുവദിച്ചിട്ടുള്ള അങ്കണവാടികൾ 31 ആണ്. 8 എണ്ണമേ നിലവിൽ വന്നിട്ടുള്ളു. 8 അങ്കണവാടികളിൽകൂടി മൊത്തം 8523 ജനസംഖ്യയാണുള്ളത്. അതിൽ പുരുഷന്മാർ 4173, സ്ത്രീകൾ 4350 - ഉം ആകുന്നു. പട്ടികജാതി ജനസംഖ്യ 1546 (8 അങ്കണവാടികളിലെ ഉപഭോക്താക്കൾ മാത്രം)

നിലവിലുള്ള അങ്കണവാടികളുടെ പ്രവർത്തനം മന്ദഗതിയിൽ ആണെന്ന് പഠനത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മിക്കവാറും ഉള്ള എല്ലാ അങ്കണവാടികളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

I.R.D.P സർവ്വേപ്രകാരം – ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ 2119

2. ഇതിൽ SC/ST- 289

3. സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ – 338

4. SC/ST വിഭാഗത്തിൽ ലഭിച്ചവർ – 200

5. സഹായം ലഭിച്ചത് വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയവർ – 91

6. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ – 2030

I.R.D.P സ്കീമിൽ വിവിധ പരിപാടികളിലൂടെ അനുവദിച്ച വീടുകൾ – 133. ഇതിൽ പൂർത്തീകരിച്ചവ– 92. ഇനിയും പൂർത്തീകരിക്കുവാനുള്ള വീടുകൾ – 41

I.R.D.P സർവ്വേ പ്രകാരം പഞ്ചായത്തിൽ സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ 2372 ആണ്. 1992-നു ശേഷം വിവിധ പദ്ധതികളിലായി 223 കക്കൂസുകൾ അനുവദിച്ചു. അവയിൽ 208 എണ്ണം പൂർത്തിയായി. നിലവിൽ അടിയന്തിരമായി 1293 കക്കൂസുകൾ വേണം.

നിർദ്ദേശങ്ങൾ

1. ഓരോ അങ്കണവാടിയിലേയും സ്റ്റാഫ് അതാതു പ്രദേശത്തുള്ള വീടുകളിൽ സന്ദർശനം നടത്തുകയും, അങ്കണവാടികളുടെ പ്രയോജനത്തെപ്പറ്റി സ്ത്രീകളെ ബോധവൽക്കരിക്കുവാനും ഉള്ള നടപടി സ്വീകരിക്കണം.

2. അങ്കണവാടികളുടെ പരിസരത്തുള്ള മിക്ക സ്ത്രീകൾക്കും ഈ പ്രസ്ഥാനം എന്തെന്ന് അറിയാൻ വയ്യാത്തവർ ധാരാളമുണ്ട്. ആയതിനാൽ പ്രവർത്തകരുടെ വീട് സന്ദർശനവും ബോധവൽക്കരണവും അത്യാവശ്യമാണ്.

3. അങ്കണവാടികളുടെ പ്രവർത്തനങ്ങളും മറ്റും ബ്ലോക്കിന്റെ അധീനതയിൽ ആണ് ഇപ്പോൾ നടന്നു വരുന്നത്. അത് ഗ്രാമപഞ്ചായത്തുവഴി നടപ്പിൽ വരുത്തുന്നത് നന്നായിരിക്കും. എന്തെന്നാൽ അങ്കണവാടികളുടെ സമീപപ്രദേശങ്ങളിലുള്ള ഗുണഭോക്താക്കൾക്ക് 100%-വും പ്രയോജനപ്പെടുത്തുവാൻ ഉള്ള നടപടിയുണ്ടാകണം.

4. അങ്കണവാടികൾ ഇപ്പോൾ ഇല്ലാത്ത വാർഡുകളിൽ എത്രയും വേഗം അങ്കണവാടികൾ സ്ഥാപിക്കുവാൻ ഉള്ള നടപടിയുണ്ടാകണം.

5. അങ്കണവാടികളുടെ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ സജ്ജമാക്കുക. സന്നദ്ധ പ്രവർത്തകരുടേയും, പ്രസ്ഥാനങ്ങളുടേയും സഹായം ഉറപ്പുവരുത്തുക.


6. വനിതാ സമാജങ്ങളും, അങ്കണവാടികളും സംയോജിതമായി പ്രവർത്തിക്കുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തുക.

7. എല്ലാ അങ്കണവാടികളിലും പച്ചക്കറി കൃഷി നടത്തി കുട്ടികൾക്കാവശ്യമായ പോഷകാഹാര നിലവാരം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകണം.

പൊതുനിർദ്ദേശം.

1. ജനകീയാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തു തലത്തിലുള്ള സാമൂഹ്യ ക്ഷേമ അവലോകന സബ് കമ്മിറ്റി രൂപീകരിക്കണം.
2. വാർഡ് അടിസ്ഥാനത്തിൽ ദൈവാര ഹെൽത്ത് ക്ലിനിക്ക് പ്രവർത്തിപ്പിക്കണം.
3. പഞ്ചായത്തുതല ബ്ലഡ് ബാങ്ക് പ്രാവർത്തികമാക്കണം.
4. 3 മാസത്തിലൊരിക്കൽ പഞ്ചായത്തിലെ എല്ലാ കിണറുകളും ക്ലോറിനേറ്റ് ചെയ്യുക.
5. തെരുവ് നായ്ക്കളെ ഇല്ലാതാക്കുക.
6. പഞ്ചായത്തുതല ചെഷയർ ഹോം സ്ഥാപിക്കുക.
7. പഞ്ചായത്തിലെല്ലാവർക്കും ഇൻഷുറൻസ് എന്ന പദ്ധതി നടപ്പിലാക്കുക.
8. ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക. അവരുടെ അവകാശങ്ങൾ സംരക്ഷിക്കുക.
9. വാർഡുതല കൺസ്യൂമർ ഫോറങ്ങൾ രൂപീകരിക്കുക.
10. അർഹരായ എല്ലാവർക്കും കർഷകത്തൊഴിലാളി, വിധവാ, വികലാംഗ, വാർദ്ധക്യ പെൻഷനുകൾ കൃത്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

സംസ്കാരം



ഭരണിക്കാവിന്റെ സംസ്കാരിക പശ്ചാത്തലം എന്തുകൊണ്ടും എടുത്ത് പറയത്തക്കതു തന്നെ. പ്രത്യേകിച്ചു സംസ്കാരിക രാഷ്ട്രീയ ഭരണ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച മഹത്വ്യക്തികൾ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നുവെന്നത് ഏറെ നേട്ടം തന്നെ.

സ്വാതന്ത്രസമര സേനാനിയും തിരുവിതാംകൂർ മന്ത്രിസഭയിലെ ആഭ്യന്തരമന്ത്രിയുമായിരുന്ന ആരാധ്യനായ ശ്രീ. ടി. എം. വർഗ്ഗീസിന്റെ നാട് എന്നത് എറെ അഭിമാനകരം തന്നെ. കൂടാതെ ചല ച്ചിത്രഗാനരചയിതാവ് ഭരണിക്കാവ് ശിവകുമാർ, ഐ. ജി. ശ്രീ. എം. ഗോപാലൻ, ഡോക്ടർ സി. ഒ. കരുണാകരൻ, സി. ഒ. മാധവൻ എന്നിവരും ഈ നാടിന്റെ സംഭാവനകളാണ്.

സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും മൂർത്തിഭാവങ്ങളായ ക്ഷേത്രങ്ങൾ, പള്ളികൾ മറ്റ് ആരാധനാലയങ്ങൾ എന്നിവ ഈ നാട്ടിൽ പരിലസിക്കുന്നു. അതിൽ പ്രത്യേകിച്ച് വെട്ടിക്കോട് നാഗരാജക്ഷേത്രം എടുത്തുപറയത്തക്കതുതന്നെ. കശ്യപ്രജാപതിക്ക് കദ്രു എന്ന പത്നിയിൽ ജനിച്ച എട്ട്നാഗങ്ങളിൽ ജേഷ്ഠനും ശ്രേഷ്ഠനുമായ അനന്തഭഗവാനെ തനതായ രൂപത്തിൽ പ്രതിഷ്ഠിച്ച് ആരാധിക്കുന്ന കേരളത്തിലെ ഏക ക്ഷേത്രമാണ് വെട്ടിക്കോട് നാഗരാജ ക്ഷേത്രം. കന്നിമാസത്തിലെ ആയില്യം നാളിൽ കൊണ്ടാടുന്ന ഈ ക്ഷേത്രത്തിലെ ഉത്സവം ഈ നാടിന്റെ തന്നെ ഉത്സവമായിമാറുന്നു. അതോടൊപ്പം തന്നെ കറ്റാനം സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് വലിയപള്ളി മദ്ധ്യതിരുവിതാംകൂറിലെ പ്രമുഖ ക്രൈസ്തവ ദേവാലയമാണ്. കറ്റാനം മാർത്തോമ പള്ളി, സി. എസ്. ഐ പള്ളി, പള്ളിക്കൽ മാർത്തോമപ്പള്ളി, തെക്കേമങ്കുഴി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി, മങ്കുഴി സി. എസ്. ഐ പള്ളി, കട്ടച്ചിറ സെന്റ് മേരിസ് യാക്കോബാ പള്ളി എന്നിവയും ക്രൈസ്തവ സംസ്ക്കാരത്തിന് എടുത്തുപറയത്തക്ക സംഭാവനകൾ നല്കുന്നു. മതസൗഹാർദ്ദത്തിന് മകുടോദാഹരണമായി ഇലിപ്പക്കുളം മുസ്ളീം പള്ളിയും തൊട്ടുചേർന്നു ദേവീക്ഷേത്രവും സ്ഥിതിചെയ്യുന്നു. ഹൈന്ദവ സംസ്ക്കാരത്തിന് ഏറെ സംഭാവനകൾ ചെയ്ത നിരവധി ക്ഷേത്രങ്ങൾ ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. ബുദ്ധമതത്തിന്റെ വിശ്വാസത്തേയും പ്രചാരത്തേയും അനുസ്മരിപ്പിക്കുന്ന ബുദ്ധപ്രതിമ ഈ പഞ്ചായത്തിലെ ഭരണിക്കാവ് ദേവീക്ഷേത്രത്തിൽ സ്ഥിതിചെയ്യുന്നു. മീനമാസത്തിലെ ഭരണിനാൾ ഈ ക്ഷേത്രത്തിലെ പ്രധാന ഉത്സവമായി കൊണ്ടാടുന്നു. കൂടാതെ ചെറുവണ്ണിൽ മഹാവിഷ്ണു ക്ഷേത്രം, കായംകുളം രാജാവിന്റെ കളരിദൈവവും കേരളത്തിലെ ഏകചത്ര പ്രതിഷ്ടയുമുള്ള മുട്ടക്കുളം ദേവീക്ഷേത്രവും, കരിമുട്ടത്ത്

ദേവീക്ഷേത്രവും ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. പണിക്കശ്ശേരിൽ ക്ഷേത്രം, അരീക്കര ക്ഷേത്രം, ഇടയശ്ശേരിൽ ക്ഷേത്രം, പള്ളിക്കൽ ചെറുവണ്ണിൽ ക്ഷേത്രം, വെട്ടിക്കോട് പള്ളിപ്പുറം ക്ഷേത്രം, പുവത്തൂർ ശ്രീ ധർമ്മശാസ്താ ക്ഷേത്രം ഇലിപ്പക്കുളം എന്നിവയും ഹൈന്ദവ സംസ്ക്കാരത്തിന് വളരെ അധികം പ്രാധാന്യം നല്കുന്നു.

കേരളത്തിന്റെ സംസ്ക്കാരിക കലാകായിക രംഗത്ത് തനതായ പങ്ക് വഹിക്കുന്ന ഭരണിക്കാവിന്റെ വളർച്ചയെ അനുസ്യൂതം മുന്നോട്ട് നയിക്കാൻ നിരവധി നായകൻമാർ ഈ രംഗത്ത് പ്രവർത്തിക്കുന്നു. കേരള സംസ്ഥാന ലളിതകലാ അക്കാദമി ചെയർമാനായി ദീർഘകാലം സേവനം അനുഷ്ടിച്ച പ്രശസ്തനും പ്രതിഭാധനനുമായ കാർട്ടൂണിസ്റ്റ് യേശുദാസൻ ഈ നാടിന്റെ സന്തതിയാണ്. ഗൃസ്തി മത്സര രംഗത്തെ മുടിചൂടാമന്നനായ കേരളഗാമ ശ്രീ. തുരുത്തുവിള പപ്പുദാസ് ഈ നാടിന്റെ സംഭാവനയായിരുന്നു. അതോടൊപ്പം തന്നെ രാമപ്പാട്ടിൽ ശ്രീ. ജോർജ്ജ് മാത്യുവിന്റെ(കോമളച്ചൻ) നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വരാജ് കമ്മ്യൂണിറ്റി സർവ്വീസ് സെന്റർ സാമൂഹ്യക്ഷേമരംഗത്ത് നിരവധിപ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തുന്നു. പ്രധാനമായി വികലാംഗക്ഷേമപ്രവർത്തനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നു. ധാർമ്മിക പുനരേകീകരണത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനത്തിൽ പങ്കുചേരാൻ ശ്രീ. വി. വി. ഗിരി, രാജ്മോഹൻ ഗാന്ധി തുടങ്ങിയ ഒട്ടനവധി മഹത്വ്യക്തികൾ ഈ സ്ഥാപനം സന്ദർശിച്ചിട്ടുണ്ട്.

അതോടൊപ്പം തന്നെ കലാകായിക സംസ്ക്കാരിക ഉയർച്ചയുടെ കാഹളം മുഴക്കി ഒട്ടനവധി സംസ്കാരിക സംഘടനകൾ പഞ്ചായത്തിൽ നിലകൊള്ളുന്നു. ജനകീയപരിപാടികളിൽ ശക്തമായ പ്രവർത്തനം കാഴ്ചവെക്കുന്ന ഈ സംഘടനകൾ ഭരണിക്കാവിന്റെ കലാകായിക സംസ്കാരിക രംഗത്ത് ഒരു മുതൽകൂട്ടുതന്നെ. പഞ്ചായത്തിലെ സംസ്കാരിക സംഘടനകൾ നടത്തുന്ന സംസ്കാരിക സമ്മേളനങ്ങൾ, ബോധവൽക്കരണ ക്യാമ്പുകൾ, പ്രദർശനങ്ങൾ ഇവ ജനങ്ങളുടെ ശോഭനമായ വളർച്ചക്ക് ഗുണകരമാകുന്നു. എന്നാൽ കുറഞ്ഞ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്ന ഈ സംഘടനകൾക്ക് വേണ്ടവിധം സഹായം നല്കി പരിപോഷിപ്പിച്ചാൽ ഭരണിക്കാവിനെ കേരളത്തിന്റെ സംസ്കാരിക മണ്ഡലത്തിൽ ഒഴിച്ചുകൂടാൻ വയ്യാത്ത ഘടകമായി തീരും എന്നത് എടുത്തു പറയട്ടെ.

ഒട്ടനവധി ചരിത്രമുഹൂർത്തങ്ങൾക്ക് സാക്ഷ്യംവഹിച്ച ഭരണിക്കാവിലെ സംസ്കാരിക രംഗം ഉയർത്തുവാൻ സംഗീത നാടക അക്കദമിയുമായി സഹകരിച്ച് പ്രവർത്തിക്കുന്ന അംഗീകൃത സംഘടനകളും പ്രവർത്തിക്കുന്നു. വായനാശീലം വളർത്തിയെടുക്കുവാൻ നിലവിലുള്ള വായനശാലകൾ അതീവശ്രമം നടത്തുന്നു എന്നതും ഈ നാടിന്റെ നേട്ടം തന്നെ. കായിക രംഗം

കായികരംഗത്തെ പരിപോഷിപ്പിക്കുന്നതിൽ പഞ്ചായത്തിന്റെ കർമ്മ പരിപാടികൾക്കൊപ്പം കായികസമിതികളും ആത്മാർത്ഥമായി ശ്രമിക്കുന്നു എന്നത് ഈ പഞ്ചായത്തിന്റെ പ്രത്യേകതതന്നെ. കായികരംഗത്ത് പ്രശസ്തമായ രീതിയിൽ പ്രവൃത്തനം നടത്തുന്ന കായിക സംഘടനകൾ ഈ പഞ്ചായത്തിൽ ഉണർന്നു പ്രവൃത്തിക്കുന്നു. വോളിബാൾ രംഗത്ത് മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന പള്ളിയ്ക്കൽ ഫ്രൻസ്വോളിക്ലബ്ബ്, ഭരണിക്കാവ് അഗ്ര എന്നിവയും ഫുട്ബാൾ രംഗത്ത് ശക്തമായ രീതിയിൽ പ്രവൃത്തിക്കുന്ന കറ്റാനം യംഗ്സ്റ്റേഴ്സും എടുത്തുപറയത്തക്കത് തന്നെ. പ്രധാനമായും സ്കൂൾ തലങ്ങളിൽ നടക്കുന്ന കായികകലാമത്സരത്തിലും, കേരളോത്സവത്തിലും ഭരണിക്കാവിനെ സംബന്ധിച്ചിടത്തോളം പള്ളിക്കൽ നടുവിലേമുറി ശാസ്ത്രീജി മെമ്മോറിയൽ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് സംഘടിപ്പിക്കുന്ന ബാലകായിക മേളയും ഈ രംഗത്തിന് ഒരു പരിധിവരെ ആശ്വാസകരമാണ്.

കായികരംഗത്ത് ഭാവിതലമുറയെ സംരക്ഷിക്കുവാൻ വേണ്ട സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം വിദ്യാഭ്യാസ തലത്തിൽ കായികരംഗത്തെ ശോഭനമാക്കുവാൻ വേണ്ട നടപടികളും അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. കായികരംഗത്ത് ആവശ്യമായ പരിപോഷണം ഇല്ലായ്മയും പരിശീലനസ്ഥലക്കുറവും

പരിശീലകരുടെ അഭാവവും ഈ രംഗത്തെ ശോചനീയാവസ്ഥയ്ക്ക് കാരണമാകുന്നു. ഇതിനെല്ലാം ഉപരിയായി ഗുസ്തിപഠന രംഗത്ത് ആവശ്യമായ പരിശീലനം നൽകിവരുന്ന കേരളാ ജിംനേഷ്യം ഈ പഞ്ചായത്തിലെ കായികരംഗത്തിന് മുതൽക്കൂട്ടാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ വായനശാലകൾ ഇല്ലാത്ത വാർഡുകൾ
2. പോരായ്മകൾ ഏറെയുള്ള കമ്മ്യൂണിറ്റി ഹാൾ
3. ബോധവൽക്കരണ ക്യാമ്പുകളുടെ അഭാവം
4. സ്കൂളുകളിലെ പാഠ്യേതര പരിപാടികളിൽ ഉണ്ടാകുന്ന വീഴ്ച
5. കലാകായികസാംസ്കാരിക സമിതിയും പഞ്ചായത്തുമായുള്ള ബന്ധക്കുറവ്
6. കായികസമിതികൾക്കും, കലാസമിതിക്കും നൽകുന്ന ധനസഹായത്തിന്റെ കുറവ്
7. നാടൻ കലകൾക്കും, നാട്ടുത്സവങ്ങൾക്കും പ്രാധാന്യം നൽകുന്നതിൽ വന്ന അപാകത.
8. പ്രാദേശിക കലകളോടുള്ള അവഗണന
9. സാംസ്കാരിക നിലയങ്ങളുടെയും, വായനശാലകളുടെയും അഭാവം
10. കായിക പരിശീലന സ്ഥലക്കുറവ്
11. കായികപരിശീലകരുടെ കുറവ്

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. കായികസമിതികളുടെ സഹായത്തോടെ കായികപ്രതിഭകളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകുക.
2. 400 മീറ്റർ ട്രാക്കോടുകൂടിയ സ്പോർട്ട്സ് സെന്റർ സ്ഥാപിക്കുക.
3. കായികരംഗത്തെ പരിപോഷിപ്പിക്കുവാനും, ആവശ്യമായ പരിശീലനം നൽകുവാനും ധനസഹായം നൽകുക.
4. കുട്ടികളിൽ അന്തർലീനമായിക്കിടക്കുന്ന കായിക വാസനകൾ പുറത്ത്കൊണ്ടുവരുന്നതിനായി സമ്മർകോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.
5. പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിന് ആവശ്യമായ മാറ്റം വരുത്തി ജനങ്ങൾക്ക് ഉപകാര പ്രദമാക്കുക
6. എല്ലാ വാർഡുകളിലും സാംസ്കാരിക നിലയവും, അനുബന്ധമായി ടി. വി. സെറ്റുകളും സ്ഥാപിക്കുക.
7. അംഗീകൃത കലാകായിക സാംസ്കാരിക സംഘടനകൾക്ക് ആവശ്യമായ ഗ്രാന്റ് അനുവദിക്കുക.
8. കലാകായികസാംസ്കാരിക സംഘടനകളുടെ നിയന്ത്രണവും, പരിശോധനയും പഞ്ചായത്തിനെ ഏൽപ്പിക്കുക.
9. കലാകായികപ്രതിഭകൾക്ക് അർഹമായ ധനസഹായം നൽകുക.
10. സാക്ഷരതാ പ്രവർത്തനവും, ജനവിദ്യാകേന്ദ്രത്തിന്റെ പ്രവൃത്തനവും കാര്യക്ഷമമാക്കുവാൻ വേണ്ട ധനസഹായം നൽകുക.
11. പളളിക്കൽ നടുവിലേമുറി വിജ്ഞാനോദയം ഗ്രന്ഥശാല, ഭരണിക്കാവ് ഗ്രാമീണ ഗ്രന്ഥശാലക്കും ആവശ്യമായ ഗ്രാന്റും ലൈബ്രേറിയനുളള അലവൻസും നൽകുക.
12. പഞ്ചായത്തിലെ സാംസ്കാരിക സംഘടനകളെ കോർത്തിണക്കി കലാകായികബോധവൽക്കരണ ക്യാമ്പുകളും, സെമിനാറുകളും സംഘടിപ്പിക്കുക.
13. പ്രാദേശിക ഉത്സവങ്ങൾ, പ്രാദേശിക കലകൾ എന്നിവയെ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ സഹായം നൽകുക.
14. മഹിളാ സമാജങ്ങൾക്കും മറ്റു വനിതാ സംഘടനകൾക്കും അർഹമായ സ്ഥാനം നൽകുകയും, പ്രവർത്തനം കാര്യക്ഷമമാക്കുവാൻ വേണ്ടസഹായധനം നൽകുകയും ചെയ്യുക.
15. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വായനശാ

ലകൾക്ക് വാർത്താമാധ്യമങ്ങൾ സൗജന്യമായി നൽകുക.

കഴിഞ്ഞകാലങ്ങളിലെ പ്രവർത്തനങ്ങൾ എന്തുതന്നെയായാലും പുത്തൻ പ്രവർത്തനത്തിന്റെ ഈ യാത്രയിൽ കലാകായിക-സാംസ്കാരിക രംഗത്തെ വളർച്ചയെ ചൂഷണം ചെയ്യുന്ന നടപടികൾക്ക് വിരാമം കുറിക്കുക. കലാകായികരംഗത്തെ കച്ചവടമത്സര മനസ്ഥിതിയെ അകറ്റി സമഗ്രമായ കായിക വ്യക്തിത്വ വികസന പാത തുറക്കുന്നതോടൊപ്പം അർഹരായ പ്രതിഭകളെ അർഹമായ സ്ഥാനങ്ങളിൽ കൃത്യമായി എത്തിക്കുകയും അവരുടെ വളർച്ചയെ ആവിശ്യാനുസരണം പരിപോഷിപ്പിക്കുകയും ചെയ്താൽ ഈ പഞ്ചായത്തും കായിക-കലാ-സാംസ്കാരിക ഭൂപടത്തിൽ ലക്ഷ്യസ്ഥാനത്തുതന്നെ എത്തിച്ചേരും. അതിനു വേണ്ട വഴികൾ ഒരുക്കുകയാണ് ആവശ്യം.

നിലവിലുള്ള വായനശാല, ലൈബ്രറികൾ സംബന്ധിച്ച വിവരം

നമ്പർ	പേരുംമേൽവിലാസവും	പുസ്തകങ്ങളുടെഎണ്ണം	സർക്കാർ ഗ്രാന്റ് ഉണ്ടോ	കെട്ടിടത്തിന്റെ വിവരം	മറ്റ് അഭിപ്രായം
1	വിജ്ഞാനോദയം ലൈബ്രറി & വായനശാല, പള്ളിക്കൽ നടുവിടലേമുറി P.O., പള്ളിക്കൽ	13,500	ഉണ്ട്	സ്വന്തം	
2	സാംസ്കാരിക നിലയം & ഡോ. അംബേദ്കർ സ്മാരക വായനശാല തേക്കേമങ്കുഴി, പുളളിക്കണക്ക P.O.		ഇല്ല	സ്വന്തം	
3	ഗ്രാമീണ ഗ്രന്ഥശാല ഭരണിക്കാവ് തെക്ക് പള്ളിക്കൽ പി.ഒ	3,850	ഉണ്ട്	സ്വന്തം	ജനവിദ്യാകേന്ദ്രം പ്രവർത്തിക്കുന്നു
4	ഇലിപ്പക്കുളം പബ്ലിക് ലൈബ്രറി ഇലിപ്പക്കുളം	8,000	ഉണ്ട്	സ്വന്തം	
5	ഗാന്ധി സ്മാരകഗ്രന്ഥശാല & വായനശാല കറ്റാനം പള്ളിക്കൽ പി.ഒ	8,000	ഉണ്ട്	സ്വന്തം	
6	ശ്രീ.സുരേഷ് ഗ്രന്ഥപാരായണ സംഘം & വായനശാല പള്ളിക്കൽ പി. ഒ	7,400	ഉണ്ട്	സ്വന്തം	ജനവിദ്യാകേന്ദ്രം പ്രവർത്തിക്കുന്നു
7	ദേശസേവയുവജനസംഘം & വായനശാല വെട്ടിക്കോട് P.O.	7,000	ഉണ്ട്	സ്വന്തം	

വനിതാക്ഷേമം



ഭാരതക്ഷമേ ! നിൻപെൺമക്കൾ
അടുക്കളക്കാരികൾ
വീടാംകൂട്ടിൽ കുടുങ്ങും തത്തമ്മകൾ"

എന്ന കവി വാക്യത്തിന് വിപരീതമായിട്ടാണ് ഇന്ന് ഭരണിക്കാവ് പഞ്ചായത്ത് നിലകൊള്ളുന്നത്. പുരുഷന്മാർ മാത്രം പഞ്ചായത്ത് പ്രസിഡന്റായിരുന്ന സ്ഥലത്ത് ഇന്ന് പഞ്ചായത്ത് രാജിന്റെ വഹാമനസ്കതയിൽ ഒരു വനിത – ശ്രീമതി ലളിതാ ഗോപാലകൃഷ്ണൻ– ഈ പഞ്ചായത്തിന്റെ പ്രഥമ സ്ഥാനം അലങ്കരിക്കുന്നു. വനിതകളുടെമേൽ അടിച്ചമർത്തലുകൾ അല്ലായിരുന്നു എങ്കിലും വേണ്ട പ്രോത്സാഹനം നൽകി വനിതകളെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടു വന്നിരുന്നില്ല.

സ്ത്രീകൾക്ക് വേദികളിൽ പ്രത്യക്ഷപ്പെടാൻ പാടില്ലാതിരുന്ന കാലത്ത് ഭർത്താവിന്റെ അധികാരത്തിന്റെ ഭാഗമായി രാജകുടുംബാംഗങ്ങളോടൊപ്പം വേദികളിൽ കയറാൻ അധികാരമുണ്ടായിരുന്ന ശ്രീമതി തുളസി മാധവൻ ഇന്നും ഈ പഞ്ചായത്തിൽ ജീവിക്കുന്നു. അതുപോലെ സ്ത്രീകൾക്ക് കടുത്ത വിലക്കുകൾ ഏർപ്പെടുത്തിയിട്ടുള്ള മുസ്ലീം സമുദായത്തിൽ പിറന്ന ബഹുമാന്യയായ മുൻ ഡപ്യൂട്ടി സ്പീക്കർ ശ്രീമതി ഐഷാ ഭായി ഇപ്പോഴത്തെ വനിതാ കമ്മീഷൺ മെമ്പറും ഡപ്യൂട്ടി സ്പീക്കറുമായ ശ്രീമതി നബീസത്ത് ബീവി എന്നിവരുടെ ബാല്യകാലവും വിദ്യാഭ്യാസവും ഈ പഞ്ചായത്തിൽ ആയിരുന്നു.

നാനാജാതി വിഭാഗക്കാരും തിങ്ങിപ്പാർക്കുന്ന ഒരു ഗ്രാമമാണ് ഭരണിക്കാവ്. കുടിപ്പള്ളികൂട്ടത്തിലൂടെ അക്ഷരാഭ്യാസം ലഭിച്ചിരുന്ന സ്ഥാനത്ത് ഇന്ന് ഇംഗ്ലീഷ്, മലയാളം നഴ്സറി സ്കൂളുകളിലൂടെ കുട്ടികൾ വിദ്യാഭ്യാസം ആരംഭിക്കുന്നു. ആശാൻ പള്ളികൂടങ്ങൾ നിലവിലുണ്ടെങ്കിലും സാധാരണക്കാരായ വീട്ടമ്മമാർ പോലും തങ്ങളുടെ കുട്ടികളെ അവിടേക്ക് അയക്കുന്നത് അന്തസ്സിന് ചേരാത്തതായി തീർന്നിരിക്കുന്നു. സാധാരണ വിദ്യാഭ്യാസത്തിൽ പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ കൂടുതലാണ് എണ്ണത്തിലും ഗുണത്തിലും. ഇതിനും പുറമെ സൺഡേ സ്കൂളും അറബി പഠനവും അതാത് വിഭാഗത്തിന്റെതായി നടക്കുന്നു.

ഇതിലും പെൺകുട്ടികൾ മുന്നിട്ട് നിൽക്കുന്നു. ഈശ്വര ഭക്തയിലും പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളാണ് മുന്നിൽ ജനസംഖ്യയിലും സാക്ഷരതയിലും മുന്നിട്ട് നിൽക്കുന്നത് സ്ത്രീകൾ തന്നെയാണ്. കാർഷിക മേഖലയിലും പരമ്പരാഗത തൊഴിലിലും സ്ത്രീകളും മുന്നിൽ തന്നെ. നിലവിലുള്ള സ്ഥിതി വിവര കണക്കുകൾ അനുസരിച്ച് 38026 പേരാണ് ജനസംഖ്യ. സ്ത്രീകളാണ് കൂടുതൽ പട്ടികജാതിയിലും വനിതകൾ മുമ്പിൽതന്നെ.

	പുരുഷന്മാർ	സ്ത്രീകൾ
ജനസംഖ്യാ	18086	19940
പട്ടികജാതി	2803	2981
സാക്ഷരത	14296	15353

പരമ്പരാഗതമായി കൃഷി പണിയല്ലാതെ ഈറനെയ്ത്തും കാലിവളർത്തലുമാണ് നിർദ്ധന കുടുംബിനികളുടെ ജീവിത മാർഗ്ഗം. കൃഷിപ ണിക്ക് പുരുഷന്മാർക്ക് 100 രൂപ കൂലി ലഭിക്കുന്ന സ്ഥലത്ത് സ്ത്രീകൾക്ക് 40 രൂപ മാത്രമേ ലഭിക്കു ന്നുള്ളു. ഞാറ് പറിയ്ക്കൽ നടീൽ, കളയെടുപ്പ്, വിത്തിടീൽ കൊയ്ത്ത് ഇവയാണ് ഇവിടുത്തെ പ്രധാന കൃഷി പണികൾ. വർഷത്തിൽ 20-30 ദിവ സത്തെ പണിയാണ് കിട്ടുന്നത്. കൃഷി കൊണ്ടു മാത്രം ജീവിക്കുന്നവർ താരതമ്യേന കുറഞ്ഞ ഒരു മേഖലായായി ഈ പഞ്ചായത്ത് മാറികൊണ്ടിരി ക്കുന്നു. തീപ്പെട്ടി കമ്പനികൾ ബിസ്ക്കറ്റ് കമ്പനി കക്കാ ചൂള, ഇഷ്ടിക കമ്പനി നിർമ്മാണ പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ കുറച്ച് വനിതകൾ ജോലി ചെയ്യുന്നു. കശുവണ്ടി ഫാക്ട റികളിൽ ജോലി തേടിയുള്ള പോക്ക് വളരെ കഷ്ടം തന്നെ. പലപ്പോഴും പഞ്ചായത്തും, താലൂക്കും, ജില്ലയും വിട്ടുള്ള അകലത്തിൽ അന്ന് അന്ന് പോയി വന്ന് ജോലി ചെയ്യുന്ന ഇക്കൂട്ടർ വെളുപ്പിന് വീട്ടിൽ നിന്നും ഇറങ്ങിയാൽ സന്ധ്യ യോട് കൂടി ആയിരിക്കും വീട്ടിൽ എത്തുന്നത്. പല സ്ത്രീകളും സ്വയം തൊഴിൽ കണ്ടെത്തു ന്നത് തഴപ്പായ് നെയ്ത്തും കന്നുകാലി വളർത്ത ലുകളുമായി സംയോജിപ്പിച്ചാണ്. പകൽ സമയ ങ്ങളിൽ കന്നുകാലികളെ സംരക്ഷിക്കല്ലും ഭക്ഷണം പാചകം ചെയ്യലും കുഞ്ഞുങ്ങളെ ശിശ്രൂഷിക്കലും രാത്രിയിൽ പായെയ്ത്തുമാണ്. ശരാശരി 18 മണിക്കൂർ ഈ കൂട്ടർ ജോലി ചെയ്യുന്നു. കൈതയുടെ സ്ഥാനത്ത് മുള്ള് വേലി കളും മതിലുകളും വന്നതോടെ പായെയ്ത്തും അവതാളത്തിലായി.

നിർമ്മാണ പ്രവർത്തനത്തിൽ ധാരാളം സ്ത്രീകൾ ഏർപ്പെട്ടിട്ടുണ്ടെങ്കിലും താരതമ്യേന ശാരീരീക അദ്ധ്വാനം കൂടുതലുള്ള മൈക്കാട് പണിയാണ് ഇവർ ചെയ്യുന്നത്. മൈക്കാടിനേ ക്കാൾ അദ്ധ്വാന ഭാരം കുറവുള്ള ഇഷ്ടിക കെട്ട് പ്ലാസ്റ്ററിംഗ് ടൈൽസ് പതിപ്പ് തുടങ്ങിയവയും ആശാരി പണിയും വനിതകൾക്ക് പരിശിലനം കൊടുത്താൽ അനായാസം ചെയ്യാവുന്നതാണ്.

ഇനിയും ഉദ്യോഗസ്ഥകളായ വനിതക ളുടെ കാര്യം എടുത്താൽ അവർ ഈ പഞ്ചായ ത്തിൽ വിരളിലെണ്ണാവുന്നതെയുള്ളു. ഇവരും ഇരട്ടി ജോലി ചെയ്യുന്നവരാണ്. വീട്ട് ജോലിയും ഓഫീസുകാര്യവും മാത്രവുമായി അവരുടെ ജീവിതം കഴിയുന്നു. ഗൾഫ് വീട്ടുകാരും ഒരു കൂട്ടർ സ്വയം പര്യാപ്തതയിൽ എത്തിയവരാണ്. ആരോഗ്യ കാര്യത്തിൽ സ്ത്രീകൾ വളരെ പിന്നി ലാണ്. ആസ്മ, അർബ്ബുധം തുടങ്ങിയ രോഗങ്ങൾ സ്ത്രീകളിൽ കൂടുതലായി കണ്ടുവരുന്നു. നിർദ്ധന കുടുംബിനികൾക്ക് പോഷക ആഹാര ക്കുറവ് കൊണ്ടുണ്ടാകുന്ന രോഗവും കുറവല്ല.

നമുക്ക് 73-ാം ഭരണഘടനാ ഭേദഗതി നിയ മത്തിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തി യിരിക്കുന്നതിന്റെ പ്രസക്തി ഒന്ന് പരിശോ ധിക്കാം.

73-ാം ഭരണഘടനാ ഭേദഗതിയിലൂടെ സ്വന്തം ദൗർബല്യങ്ങളേയും പരിമിതികളേയും മറികടന്ന് രാഷ്ട്രീയ പ്രക്രിയയിലും സാമൂഹ്യ ജീവിതത്തിലും പങ്കാളികളാകുവാൻ സ്ത്രീകൾക്ക് കഴിഞ്ഞിരിക്കുന്നു. വേണ്ടത്രവിദ്യാ ഭ്യാസവും ശരിയായ പരിശീലനവും അനുകൂല സാഹചര്യങ്ങളും ലഭിച്ചാൽ ബുദ്ധിപുമായോ ഭര ണപരമായ കഴിവുകളുടെ കാര്യത്തിലോ തങ്ങൾ ഒട്ടും പിന്നിലല്ലെന്ന് തെളിയിക്കുവാൻ വനി കൾക്ക് സാധിക്കുമെന്നതിൽ പക്ഷാന്തരമില്ല.

സ്ത്രീ സംഘടനകളും ഇതര സന്നദ്ധ സംഘടനകളും ഈ യാഥാർത്ഥ്യം ഉൾക്കൊ ണ്ട്കൊണ്ട് തങ്ങളുടെ പ്രവർത്തനങ്ങൾ കരുപി ടിപ്പിക്കേണ്ടിയിരിക്കുന്നു. സ്വന്തം കഴിവുകളെ കുറിച്ച് സ്ത്രീകളെ ബോധവതികളാക്കുക അവ രിൽ ആത്മവിശ്വാസം വളർത്തുക നീതിയുക്ത മായ സാമൂഹ്യ സാമ്പത്തിക ക്രമം കൊണ്ടു വരു ന്നതിന് സ്വാധീനിക്കുവാനുള്ള കഴിവ് ഉപയോ ഗപ്പെടുത്തുവാനുള്ള അവസരങ്ങൾ പ്രധാനം ചെയ്യുക. ആവശ്യാനുസരണം വേണ്ടത് തെര ഞ്ഞെടുക്കുവാനുള്ള അവകാശം സ്ത്രീകൾക്ക്

നൽകുക. സ്വന്തം ജീവിതം നിയന്ത്രിക്കുവാനുള്ള അധികാരം നൽകുക. തുടങ്ങി സ്ത്രീകളുടെ കരങ്ങൾക്ക് കരുത്ത് ഏകുവാനുള്ള പദ്ധതികൾ പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് രാജ്, തദ്ദേശ സ്വയംഭരണം, ഇന്ത്യൻ ജനാധിപത്യം, ഭാരതത്തിന്റെ ഭരണ ഘടന, വനിതാ ശിശുക്ഷേമ പദ്ധതികൾ മറ്റ് ഗ്രാമീണ വികസന പരിപാടികൾ മുതലായ കാര്യങ്ങളെ കുറിച്ച് സ്ത്രീകളിൽ അവബോധം സൃഷ്ടിക്കുവാൻ സ്തീകൾ രംഗത്തിറങ്ങേണ്ടയിരിക്കുന്നു. ആരോഗ്യം, പോഷകാഹാരം, കുട്ടികളുടെ ഉന്നമനം, കുടുംബക്ഷേമം, കുടിവെള്ളം പരിസ്ഥിതി തുടങ്ങി സ്ത്രീകളുമായ് നേരിട്ട് ബന്ധമുള്ള ഗ്രാമീണ ജീവിത രംഗങ്ങളിൽ നിർണ്ണായകമായ മാറ്റങ്ങൾക്ക് ഇത് വഴിതെളിക്കും എന്നതിന് സംശയമില്ല. സ്ത്രീധനമെന്ന് സാമൂഹിക വിപത്തിന്റെ രൂക്ഷത കുറയ്ക്കുവാനും കുടുംബകലഹങ്ങളുടെ തീവ്രത കുടുംബ വ്യവസ്ഥയുടെ തകർച്ചയിൽ എത്തിക്കാതെ ശ്രദ്ധിക്കുവാനും സ്ത്രീ നേതൃത്വത്തിന് കഴിയണം സമൂഹത്തിലെ ദുരാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും തിക്തഫലങ്ങളുടെ ഭാരം പേറേണ്ടി വരുന്നത് മുഖ്യമായും സ്ത്രീകളാണ്. അതിനാൽ അവയ്ക്കെതിരെ സന്ധിയില്ലാത്ത സമരം നടത്തുവാനുള്ള കരുത്ത് അവർക്ക് പ്രധാനം ചെയ്യേണ്ടത് ആവശ്യമാണ്. ഗ്രാമീണ ജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങളെ അടുത്ത് അറിയുന്നവർ എന്ന നിലയ്ക്ക്

നേതൃസ്ഥാനങ്ങളിൽ എത്തുമ്പോൾ ഈ കഴിവ്കേട് ഇല്ലാത്താക്കുവാനും പ്രവർത്തനങ്ങളിൽ കൂടി ഗ്രാമീണ ജനതയുടെയും തദ്വാരാ സമൂഹത്തെയും നേർവഴിക്ക് തിരിച്ചു വിടുവാനും അവർക്ക് സാധിക്കും. സ്ഥാപിത താൽപ്പര്യങ്ങൾ, അരക്ഷിതാവസ്ഥ, സ്വജന പക്ഷപാതം, അഴിമതി, അത്യാഗ്രഹം, സ്വാർത്ഥത തുടങ്ങിയ സാമൂഹ്യ ദ്രോഹത്തിനെതിരെ പടവെട്ടികൊണ്ട് സമൂഹത്തിൽ നന്മയും ജീവിത മൂല്യങ്ങളും പുനഃസ്ഥാപിക്കുന്ന പരിവർത്തനങ്ങൾക്ക് നാന്ദി കുറിക്കുവാൻ സ്തീകൾക്ക് അവസരം ജനിക്കുന്നു.

സമത്വം, സമാധാനം, വികസനം എന്ന മുദ്രാവാക്യം ഉയർത്തുന്ന ബീജിംഗ് ലോകവനിതാ സമ്മേളനത്തിന്റെ പശ്ചാതലത്തിൽ അരങ്ങേറിയിരിക്കുന്ന ഈ പുതിയ സംവിധാനത്തിന് സർവ്വഭാവുകങ്ങളും നമുക്ക് ആശ്വസിക്കാം.

പ്രശ്നങ്ങളും പരിഹാരങ്ങളും

പ്രശ്നങ്ങൾ

ദേശീയവും പ്രദേശികവുമായ വനിതാ ക്ഷേമ പ്രവർത്തനത്തെ പറ്റി ഇവിടുത്തെ വനിതകളും ക്ഷേമ പ്രവർത്തകരും അജ്ഞരാണ്.

തൊഴിൽ സാദ്ധ്യതകൾ ഇല്ല.

കൃഷിയുമായി ബന്ധപ്പെടുന്ന വനിതകൾ നിരാശരാണ്.

വനിതകളുടെ പരാതികൾ ആരും ശ്രദ്ധിക്കപ്പടുന്നില്ല.

ആരോഗ്യ രംഗത്തെ പ്രവർത്തനം തികച്ചും അപര്യാപ്തമാണ്.

വനിതാ സഹകരണ സംഘങ്ങൾ ഇല്ല.

വനിതാ ബാങ്ക് ഇല്ല.

അഭ്യസ്ഥ വിദ്യരായ വനിതകൾ ധാരാളം ഉണ്ടെങ്കിലും ആനുപാതികമായി പുരുഷന്മാർക്കൊപ്പം ഉദ്യോഗം ലഭിക്കുന്നില്ല. ലഭിച്ചിട്ടുമില്ല.

പാർപ്പിടങ്ങൽ വേണ്ടത്ര ഇല്ല. നിർദ്ധനരായ വനിതകൾക്ക് പോലും.

ഇവിടുത്തെ വനിതാ വായനശാലകളും, ഇൻഫർമേഷൻ സെന്ററുകളും ഇല്ല.

വ്യാജവാറ്റും മദ്ധ്യപാനവും കുടുംബ ബന്ധങ്ങൾ തകർക്കുന്നു.

ക്രഷ് സെന്ററുകൾ തുടങ്ങുക.

എന്തിനും വനിതകളിൽ അപകർഷതാ ബോധം നിലനിൽക്കുന്നു.

IRDP ലിസ്റ്റിൽ അർഹതയുള്ളവർ ചേർക്കപ്പെട്ടിട്ടില്ല.

പല വിദ്യാലയങ്ങളിലും പ്രാഥമിക സൗക



ര്യങ്ങളും വേണ്ടത്ര കളിസ്ഥലവും ഇല്ല.

കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിനു വേണ്ട യാതൊരു സൗകര്യവുമില്ല.

അങ്കണവാടികൾ നാമമാത്രം. ഉള്ളവ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല.

വനിതകളെ താറടിക്കുന്ന ചുവർ ചിത്രങ്ങളും സിനിമാ പ്രദർശനങ്ങളും ഉണ്ട്

PMRY ക്ക് ഈടാവശ്യപ്പെടുന്നു.

ഉന്നത വിദ്യാഭ്യാസത്തിന് ആവശ്യമായ കോളേജ് ഇല്ല.

പഞ്ചായത്ത് തലത്തിലുള്ള പൊതുമരാമത്ത് പണികളുടെ നോമിനികളായി വനിതകളെ ഉൾപ്പെടുത്താറില്ല.

നിത്യോപയോഗ സാധനങ്ങളുടെ വിലക യറ്റം.

പരിഹാര മാർഗ്ഗങ്ങൾ

സെമിനാറുകൾ വഴിയും ലഘുലേഖകൾ വഴിയും ബോധവൽക്കരണം നടത്തുക.

കൂടുതൽ തൊഴിൽ സാദ്ധ്യതകളുള്ള ഒരു വൻവ്യവസായം സർക്കാർ തലത്തിലോ അർദ്ധ സർക്കാർ തലത്തിലോ ആരംഭിക്കുക.

പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും സർക്കാർ അർദ്ധ സർക്കാർ സർവ്വീസിൽ പ്രതിനിധ്യം നൽകുക.

അസംസ്കൃത സാധനങ്ങൾ ലഭ്യമാകുന്നതും വിപണനത്തിന് മാന്ദ്യം സംഭവിച്ചാൽ അധിക ചിലവ് വരാത്തതും കേട്പാട് കൂടാതെ സ്റ്റോക്ക് ചെയ്യാൻ കഴിയുന്നതുമായ ഉൽപ്പന്നങ്ങൾക്ക് വനിതാവ്യവസായ ലോൺ അനുവദിക്കുക.

PMRY ക്ക് വീട് ആവശ്യപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

ഗ്രാമീണ മേഖലയ്ക്ക് ഇണങ്ങുന്ന രീതിയിലുള്ള മെയിന്റനൻസ് ജോലികൾക്ക് വനിതകൾക്ക് സൗജന്യ പരിശീലനം നൽകുക.

സൈക്കിൾ, സ്കൂട്ടർ, കാർറിപ്പെയർ ടി.വി., റേഡിയോ റിപ്പയർ – ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ റിപ്പയർ തുടങ്ങിയവ

നിർമ്മാണ പ്രവർത്തനത്തിൽ സ്ക്കിൾഡ് വർക്കിംഗ് വനിതകളെ പരിശീലിപ്പിക്കുക.

സഹകരണാ അടിസ്ഥാനത്തിൽ ഹോട്ടൽ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം തുടങ്ങിയ വ്യാപാരങ്ങളിൽ വനിതകളെ പ്രോത്സാഹിപ്പിക്കുക.

കൃഷിയിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

ക്ഷീരകർഷകന് പാലിന് ന്യായമായ വില നൽകുക.

പുൽകൃഷി ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

പശു ആട് കോഴി താറാവ് എന്നിവയെ വളർത്തുന്ന കർഷകർക്ക് തീറ്റകൾ നികുതി ചുമത്താതെ നൽകുക.

സംസ്ഥാനത്തിന് വെളിയിൽ നിന്നും ഇറച്ചികോഴികളെ കൊണ്ടു വരുന്നത് നിയമ മൂലം തടയുക.

മാർക്കറ്റിംഗ് ഇൻഷ്വറൻസ് ഇറച്ചികോഴികൾക്കും ഏർപ്പെടുത്തുക. (തൊങ്ങുവില)

നാണ്യവിളകൾക്ക് ന്യായമായ വില ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.

സൗജന്യ മണ്ണ് പരിശോധന നടത്തി ശാസ്ത്രീയ വളരീതി ശുപാർശ ചെയ്യുക.

ഓരോ വാർഡിലും പാൽ ശേഖരണ വിപണന കേന്ദ്രങ്ങൾ അനുവദിക്കുക.

കൂടുതൽ അധികാരങ്ങൾ വനിതാ വികസന കോർപ്പറേഷന് നൽകുക.

പഞ്ചായത്ത് ജില്ലാ കളക്ടറും പോലീസ് സൂപ്രണ്ടും കൂട്ടായി വനിതാ കോടിതകൾ സംഘടിപ്പിക്കുക.

പഞ്ചായത്തുകളിൽ വനിതാ സെല്ലുകൾ തുറക്കുക.



ഓരോ വാർഡിലും ഫാമിലി വെൽഫയർ സെന്റർ സ്ഥാപിക്കുകയും അവർക്ക് സ്വന്തമായി കെട്ടിടവും സറ്റാഫും ഉണ്ടാക്കുക.

നിലവിലുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക. പി.എച്ച്.സി.ക്ക് ആവശ്യമായ മെഡിക്കൽ കിറ്റ് വിതരണം ചെയ്യുക. പി എച്ച്.സെന്ററുകളെ കേന്ദ്രീകരിച്ച് ഒരു മെയിൻ സെന്ററും അവയ്ക്ക് കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുക. ശുദ്ധജല വിതരണം ഏർപ്പെടുത്തുക. നിലവിലുള്ള കുടിവെള്ളം സൗജന്യമായി പരിശോധിക്കുക. കിണറും സെപ്റ്റിക്ക് ടാങ്കും തമ്മിലുള്ള ദൂരം പരിശോധിച്ച് നിയമം മൂലം ക്രമീകരിക്കുക.

നിരത്തുവക്കിൽ അറവുശാലകളും തുറസ്സായ സ്ഥലത്ത് വച്ചുള്ള മാംസവിൽപ്പനയും നിരോധിക്കുക. ഫീഡിംഗ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമവും ശാസ്ത്രീയവുമാക്കുക. കായിക വിനോദത്തിന് ആവശ്യമായ കളിസ്ഥലങ്ങൾ ഉണ്ടാക്കുക.

പേപ്പട്ടി നിർമ്മാർജ്ജനം നടപ്പിലാക്കുക. വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള അനുമതി നൽകുക. വനിതാ ബാങ്ക് സഹകരണ മേഖലയിലോ അല്ലാതെയോ പ്രവർത്തിപ്പിക്കുക. പുരുഷന്മാർക്ക് അനുപാതികമായി വനിതകൾക്കും ജോലി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുക.

രാജീവ് ദശലക്ഷം പാർപ്പിട പരിപാടി എത്രയും പെട്ടെന്ന് നടപ്പിലാക്കുക. ഭവന വായ്പാ സമ്പ്രദായം ഉദാരമാക്കുകയും കാലതാമസ്സം ഒഴിവാക്കുകയും ചെയ്യുക.

ഓരോ വാർഡിലും വനിതാ വായനശാലയും പഞ്ചായത്ത് തലത്തിൽ ഒരു വനിതാ ഇൻഫർമേഷൻ സെന്ററും തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

വ്യാജവാറ്റ് അധികാര സ്ഥാനങ്ങളിൽ നിന്ന് എത്രയും പെട്ടെന്ന് കർശനമായി തടയുകയും കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യുക.

വ്യാജവാറ്റ് തടയുന്നതിൽ പോലിസിന്റെയും എക്സൈസിന്റേയും ഭാഗത്ത് നിന്നുള്ള അനാസ്ഥ ഒഴിവാക്കുക.

മദ്യപാനത്തിനെതിരെ ബോധവൽക്കരണം നടത്തുക.

പഞ്ചായത്ത് തലത്തിൽ ക്രഷ് സെന്റർ തുടങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

ബോധവൽക്കരണം നടത്തി കലാകായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് വേണ്ടി പ്രോത്സാഹിപ്പിക്കുക.

IRDP ലിസ്റ്റിൽ ചേർക്കാൻ കഴിയാതെ പോയവരെയും അർഹതയുള്ളവയും ലിസ്റ്റിൽ ചേർക്കുന്നതിന് വേണ്ട നടപിടകൾ സ്വീകരിക്കുക.

ഓരോ വാർഡിലും മിനി സ്റ്റേഡിയം നിർമ്മിക്കുക.

ഓരോ വാർഡിലും രണ്ട് അങ്കണവാടികൾ വീതമെങ്കിലും തുറക്കുക.

നമ്മുടെ ജനസംഖ്യാ ആനുപാതികം നോക്കിയാൽ 38 അങ്കണ്വാടികൾ വേണ്ടുന്ന നിലയാണ് എന്നാൽ ഇപ്പോൾ എണ്ണം മാത്രമാണ് നിലവിലുള്ളത്.

വനിതകളെ താറടിക്കുന്ന അശ്ലീല പോസ്റ്ററുകളും സിനിമകളും നിരോധിക്കുക.

കുറ്റകാർക്ക് എതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ ഏർപ്പെടുത്തുക.


PMRY ക്ക് ഈട് ആവശ്യപ്പെടുന്ന ബാങ്കിന് എതിരായി ശിക്ഷണ നടപടികൾ സ്വീകരിക്കുക.

പഞ്ചായത്ത് തലത്തിലുള്ള പൊതുമരാമത്ത് പണികളുടെ നോമിനികളായി വനിതകളെ ഉൾപ്പെടുത്തണം.

എല്ലാ വാർഡുകളിലും മാവേലി സ്റ്റോറുകൾ തുറക്കുകയോ റേഷൻ റീട്ടേൽ ഡിപ്പോ വഴി ഗുണമേന്മയുള്ള ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുക.



സഹകരണം



കാർഷിക ക്രഡിറ്റ് സംഘങ്ങൾ എന്ന നിലയിലാണ് ഈ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം രൂപം കൊണ്ടത്. കാർഷിക മേഖലയിലെ ഋണ ബാദ്ധതകൾ പരിഹരിക്കുന്നതിനുള്ള വായ്പകൾ കൊടുത്തുതുടങ്ങിയ സഹകരണസംഘങ്ങൾ പിന്നീട് സർവീസ് സഹകരണ സംഘങ്ങളായും സർവീസ് സഹകരണ ബാങ്കുകളായും മാറിക്കഴിഞ്ഞു. അപ്രകാരം ആദ്യകാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ട ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ താഴെ പറയുന്നവയാണ്.

1. പള്ളിക്കൽ നടുവിലേമുറി സർവ്വീസ് സഹകരണസംഘം (ക്ളിപ്തം) നമ്പർ 965.

2. ഭരണിക്കാവ് സർവ്വീസ് സഹകരണ ബാങ്ക് (ക്ളിപ്തം) നമ്പർ 829.

3. കറ്റാനം സർവ്വീസ് സഹകരണബാങ്ക് (ക്ളിപ്തം) നമ്പർ 120.

പള്ളക്കൽ നടുവിലേ മുറി സർവ്വീസ് സഹകരണസംഘത്തിന്റെ ആദ്യകാല പ്രസിഡന്റ് കൊല്ലകേൽ ബംഗ്ളാവിൽ ശ്രീ. എം. കെ. കൃഷ്ണപിള്ളയും, ആദ്യകാല സെക്രട്ടറി ശ്രീ. ശ്രീധരൻ പിള്ളയുമാണ്. ഈ സംഘത്തിൽ നിന്നും ഹൃസ്വകാല ദീർഘകാല കാർഷിക വായ്പകളും ചിട്ടി ബിസിനസും പൊതുവിതരണ ഡിപ്പോയും F.A.C.T. യുടെ വളങ്ങൾ വില്പനയും നടത്തിവരുന്നു.

ഈ സ്ഥാപനം 25. 10. 1100 (M.E) ൽ പ്രവർത്തനം ആരംഭിച്ചു. ആകെ അംഗങ്ങൾ 2305 ആണ്. ഒരു ഓഹരിയുടെ വില 10 രൂപയും, അംഗീകൃത ഓഹരി മൂലധനം 500000 രൂപയും, പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 398572-85 രൂപയും, സർക്കാർ ഓഹരി 100000 രൂപയും, ആണ്. ഒരു മെമ്പർക്ക് പരമാവധി എടുക്കാവുന്ന വായ്പ തുക 10000 രൂപയുമാണ്.

പൊതു ജനങ്ങളിൽ നിന്നും ലഭിച്ച സ്ഥിരം നിക്ഷേപം 17,97961 രൂപയും ഹൃസ്വകാല നിക്ഷേപം 108637 രൂപയും ആണ്. തെങ്ങ് കൃഷിയ്ക്ക് 287828 രൂപയും കറവമാട്, തൊഴുത്ത് എന്നിവയ്ക്ക് 116024 രൂപയും സാധാരണ വായ്പയായി 1733879 രൂപയും വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലഭിച്ച വായ്പാ തുക 213731 രൂപയാണ്. വായ്പ തുക കാലാവധികഴിഞ്ഞ് പിരിഞ്ഞു കിട്ടാനുള്ളത് 556464 രൂപയാണ്.

കറ്റാനം സർവ്വീസ് സഹകരണ ബാങ്ക് (ക്ളിപ്തം) നമ്പർ 120, 23 9.1095 (M.E) പ്രവർത്തനം ആരംഭിച്ചു. ശ്രീ. കാട്ടൂർ നൈനാൻ ആയിരുന്നു ആദ്യത്തെ പ്രസിഡന്റ്. ഈ ബാങ്കിൽ ഇപ്പോൾ ഒരു ഓഹരിയുടെ വില 5 രൂപയും ആകെ 3301 അംഗങ്ങളും, അംഗീകൃത



മൂലധനം 250000 രൂപയും, പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 359847 രൂപയും, സർക്കാർ ഓഹരി 50000 രൂപയും പരമാവധി എടുക്കാവുന്ന കടം 5000 രൂപയുമാണ്. സ്ഥിരം നിക്ഷേപം ഇനത്തിൽ 1004001 രൂപയും സ്വീകരിച്ചിട്ടുണ്ട്. ഹൃസ്വ കാല വായ്പ 137656 രൂപയും സാധാരണ വായ്പ 2633153 രൂപയും സ്വർണ്ണ പ്പണയ വായ്പ ഇനത്തിൽ 3181963 രൂപയും വ്യവസായ വായ്പ 30000 രൂപയും , ദീർഘകാല വായ്പ 38554 രൂപയും സംഘം കൊടുത്തിട്ടുണ്ട്.

ഭരണിക്കാവ് സർവ്വീസ് സഹകരണ ബാങ്ക് (ക്ളിപ്തം) നമ്പർ 829 പ്രവർത്തനം ആരംഭിച്ചത് 1924-ൽ ആയിരുന്നു. ശ്രീ. കൊച്ചിലേത്ത് ഗോപാല പിള്ള ആദ്യ കാല പ്രസിഡന്റും, ശ്രീ. കെ. നാരായണക്കുറുപ്പ് ആദ്യകാല സെക്രട്ടറിയുമായിരുന്നു. കാർഷിക ഹൃസ്വ – ദീർഘ കാലവായ്പകളും, സ്വർണ്ണ പണയത്തിൻമേലുള്ള വായ്പകളും,കർഷകർക്കുള്ള വളം വിതരണവും, ചിട്ടി ബിസിനസും സംഘം നടത്തിവരുന്നു. ഈ സംഘത്തിൽ ഒരു ഓഹരിയുടെ വില 5 രൂപയാണ്. അംഗീകൃത മൂലധനം 1050000 രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 712858 രൂപയും, സർക്കാർ ഓഹരി 100000 രൂപയും, സ്ഥിര നിക്ഷേപം 5520605 രൂപയും, ഹൃസ്വകാല നിക്ഷേപം 1487119 രൂപയും ആണ്.

ഈ സ്ഥാപനത്തിൽ നിന്നും തെങ്ങു കൃഷിക്ക് 331023 രൂപയും സി. ഡി ലോണായി 88877രൂവയും, പശുക്കളെ വാങ്ങുന്നതിനായി 206392 രൂപയും വ്യവസായ വായ്പയായി 142521 രൂപയും. സ്വർണ്ണപണയ വായ്പയായി 1655320 രൂപയും മറ്റ് വായ്പകളായി 2587511 രൂപയും നല്കിയിട്ടുണ്ട്.

തൻവർഷം കൊടുത്തിട്ടുള്ള കാർഷിക വായ്പ 271000 രൂപയും, കാർഷികേതര വായ്പ 1599910 രൂപയും, ദീർഘകാല വായ്പ 14000 രൂപയും ഉൾപ്പെടെ ആകെ 1884910 രൂപ കൊടുത്തിട്ടുണ്ട്. അവയിൽ 1212369 രൂപ ഈടാക്കിയിട്ടുള്ളതും 5684186 രൂപ പിരിഞ്ഞു കിട്ടാൻ ബാക്കി നിൽപ്പായിട്ടുള്ളതുമാണ്.

കൈത്തറി വ്യവസായ മേഖലയിൽ ഓല കെട്ടി അമ്പലം കൈത്തറി നെയ്ത് വ്യവസായ സഹകരണസംഘം നാമമാത്രമായി പ്രവർത്തിക്കുന്നു. ഒരു ഹരിജൻ സഹകരണസംഘവും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഭരണിക്കാവ് പഞ്ചായത്ത് കേന്ദ്രമാക്കി മാവേലിക്കര ഹൗസിങ്ങ് കോ ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. 11.7.1972-ൽ ആണ് ഈ സ്ഥാപനം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. 106 പേർക്ക് നാളിതു വരെ വായ്പ കൊടുത്തിട്ടുണ്ട്. ഇപ്പോൾ കൊടുക്കുന്ന പരമാവധി വായ്പ തുക 3 ലക്ഷം രൂപയാണ്. വായ്പ എടുക്കുന്ന വ്യക്തികളുടെ വരുമാനത്തിന്റെയും വസ്തുവിന്റെ ഈടിൻമേലുമാണ് വായ്പ അനുവദിക്കുന്നത്.വായ്പകൾക്കു വേണ്ടിയുള്ള ആപേക്ഷകൾ സ്വീകരിച്ചു കഴിഞ്ഞ് നടപടി ക്രമങ്ങൾ പൂർത്തിയാക്കി ഏകദേശം 3 മാസത്തിനകം വായ്പകൾ കൊടുക്കുന്നതാണ്. ഈ പഞ്ചായത്തിൽ ഗ്രാമ വ്യവസായ സഹകരണസംഘത്തിന്റെ ധനസഹായത്തോടുകൂടി ഭരണിക്കാവ് കോട്ടേജ് മാച്ച് ഇൻഡസ്ട്രീസ് (K.V.T.N. T.U നമ്പർ 63) 1980 മുതൽ ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ഈ

സംഘത്തിന്റെ ആദ്യകാല പ്രസിഡന്റ് ശ്രീ. കെ. ഗോപാല കൃഷ്ണ പിള്ളയും, സെക്രട്ടറി ശ്രീ. ജെ. ഗോപകുമാറുമാണ്.

A.P.C.O.S. - ന്റെ മേൽ നോട്ടത്തിൽ 5 ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

1. പള്ളിക്കൽ ക്ഷീരോല്പാദക സഹകരണസംഘം A.60 (D) ഇതിന്റെ ആദ്യകാല പ്രസിഡന്റ് ശ്രീ. എൻ. വാസുദേവനും, ആദ്യകാല സെക്രട്ടറി ശ്രീ. എസ്. തോമസ്സുമാണ്.

2. കട്ടച്ചിറ ക്ഷീരോല്പാദക സഹകരണ സംഘം A. 21 (D) ഇതിന്റെ ആദ്യകാല പ്രസിഡന്റ് ശ്രീ. എ. രാഘവൻ പാറയ്ക്കാട്ട്, സെക്രട്ടറി ശ്രീമതി. രാധാമണിയമ്മയാണ്. 1976-മുതൽ ഈ സംഘം പ്രവർത്തനം ആരംഭിച്ചു.

3. മംങ്കുഴി ക്ഷീരോല്പാദക സഹകരണ സംഘം ഇതിന്റെ ആദ്യകാല പ്രസിഡന്റ് ശ്രീ. എൻ. മോഹനൻ, സെക്രട്ടറി ശ്രീ .ശശിയുമായിരുന്നു. ഇത് 1984- മുതൽ പ്രവർത്തനം ആരംഭിച്ചു.

4. ഇലിപ്പക്കുളം ക്ഷീരോല്പാദക സംഘം A. 63 (D)

ഈ സംഘത്തിന്റെ ആദ്യകാല പ്രസിഡന്റ് ശ്രീ. മണിമന്ദിരത്തിൽ മാധവൻ നായരും, സെക്രട്ടറി ശ്രീ. പുളിമൂട്ടിൽ സോമൻ പിള്ളയും ആയിരുന്നു.

5. കറ്റാനം ക്ഷീരോല്പാദക സംഘം A.22 (D) ആദ്യകാല പ്രസിഡന്റ് ശ്രീ. കെ.കെ . നീലകണ്ഠപിള്ളയും, സെക്രട്ടറി ജി. ശശിധരൻപിള്ളയുമായിരുന്നു. ഈ സംഘം 1982-ൽ പ്രവർത്തനം ആരംഭിച്ചു.

പ്രശ്നങ്ങൾ

1. ഒരു പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് നിർണ്ണായകമായ പങ്ക് വഹിക്കുവാൻ കഴിയുന്ന പ്രസ്ഥാനമാണ് സഹകരണ സംഘങ്ങൾ. എന്നാൽ നിലവിലുള്ള സംഘങ്ങൾ പലപ്പോഴും സാധാരണക്കാരന്റെ പ്രതീക്ഷകൾക്കൊത്ത് പ്രവർത്തിക്കുവാൻ അവയുടെ നിയമങ്ങൾ അനുവദിക്കുന്നില്ല.

2. ഓരോ പ്രദേശത്തിന്റെയും കാർഷിക, വ്യവസായ മേഖലയ്ക്ക് അനുസൃതമായി സംഘങ്ങൾക്ക് പലപ്പോഴും പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വരുന്നു.

3. ഉയർന്ന പലിശനിരക്കും, വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള വീഴ്ചയും പലപ്പോഴും സഹകരണ പ്രസ്ഥാനങ്ങളുടെ ശരിയായ പ്രവർത്തനത്തിന് തടസ്സമായി വരുന്നു.

4. വായ്പ നൽകുന്നതിന് നിലവിലുള്ള നിയമങ്ങളും, നടപടി ക്രമങ്ങളും ഇന്ന് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ലളിതമല്ല.

5. ചെറിയ വായ്പകൾക്കുപോലും സഹകരണ സംഘങ്ങളിൽ സെക്യൂരിട്ടി നൽകണമെന്നത് സാധാരണക്കാരെയും ഇടത്തരം കർഷകരെയും ഈ മേഖലയുമായി ബന്ധപ്പെടുത്തുന്നതിൽ തടസ്സമായി നിൽക്കുന്നു.

6. മാനേജ്മെന്റിന്റെ കാര്യക്ഷമത ഇല്ലായ്മ.

7. ജനധിപത്യപരമായ പ്രവർത്തനത്തിന്റെ അഭാവം അമിതമായ എസ്റ്റാബ്ളിഷ്മെന്റ് ചിലവ് എന്നിവയും ഈ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളായി അവശേഷിക്കുന്നു.

സാദ്ധ്യതകൾ

സാധാരണ നിലയിൽ ഒരു പഞ്ചായത്തിന് ഒരു ക്രെഡിറ്റ് സഹകരണ സംഘം എന്നതായിരിക്കെ മൂന്ന് സർവ്വീസ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. കാർഷിക മേഖലയായ ഈ പഞ്ചായത്തിലെ ചെറുകിട പരിമിത കർഷകർക്ക് മിതമായ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോട് കൂടി രജിസ്റ്റർ ചെയ്ത് പ്രവർത്തനങ്ങൾ തുടർന്ന് വരുന്ന സ്ഥാപനങ്ങളാണ്. കേന്ദ്ര ധനകാര്യ സ്ഥാപനത്തിന് വായ്പ ഇനത്തിൽ കുടിശ്ശിക വരുത്തുക, വായ്പ എടുത്തിട്ടുള്ള സംഘാംഗങ്ങൾ വായ്പ ദുർവിനിയോഗം ചെയ്യുക. യഥാസമയം വായ്പ തിരിച്ചടയ്ക്കാതിരിക്കുക. എന്നീ കാരണങ്ങളാൽ വായ്പ അത്യാവശ്യമായ അംഗങ്ങൾക്ക് യഥാസമയം ലഭിക്കാൻ നിവർത്തിയില്ലാത്ത ഒരു സാഹചര്യം നിലവിലുണ്ട്.

കാർഷികേതര ആവശ്യങ്ങൾക്ക് പ്രത്യേകിച്ച് സ്വകാര്യ പണമിടപാടുകാരെ ആശ്രയിക്കേണ്ട് ദുസ്ഥിതി നിലനിൽക്കുന്നു. വായ്പ ഇടപാടുകൾക്ക് പുറമെ കർഷകർക്ക് ആവശ്യമായ വളം, കീടനാശിനി എന്നിവയും സർവ്വീസ് സഹകരണ സംഘങ്ങൾ മുഖേന വിൽപ്പന നടത്തിവരുന്നു.

വീടുകൾ പണിയുന്നതിനും, നിലവിലുള്ള വയുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനുമുള്ള സാമ്പത്തിക സഹായത്തിന് ആശ്രയിക്കേണ്ട ഏക സ്ഥാപനമാണ്. A-294-ാം നമ്പർ മാവേലിക്കര ഹൗസിംഗ് സഹകരണ സംഘം.

നടപടി ക്രമങ്ങളുടെ ബുദ്ധിമുട്ടുകളും, വായ്പ ലഭിക്കുന്നതിനുള്ള കാല താമസവും കാരണം സാധാരണ ജനങ്ങൾക്ക് ഈ സ്ഥാപനം അപ്രാപ്യമാണ്.

പട്ടികജാതിക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി നാമമാത്രമായി പ്രവർത്തിക്കുന്ന പട്ടിക ജാതി സഹകരണ സംഘത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റിയിട്ടില്ല.

ഈ പഞ്ചായത്തിൽ 5 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കറവ മാടുകളെ വളർത്തി ഉപജീവനം നടത്തുന്ന കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ വിറ്റഴിക്കുന്നതിന് ഈ സ്ഥാപനങ്ങൾ സഹായകരമാണെങ്കിലും അവരുമായി ബന്ധപ്പെട്ട് ക്ഷേമ പ്രവർത്തനങ്ങൾക്ക് കാട്ടുകയും ചെയ്യുന്നു. എന്തെങ്കിലും ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിൽ അത് നാമമാത്രമാണ്. ഈ ദുസ്ഥിതി ഒഴിവാക്കുന്നതിന് കറവ മാടുകൾക്കാവശ്യമായ കാലിത്തീറ്റ, മിനറൽസ്, മീൻ നെയ്യ്, മുതലായവ സബ്സിഡി നിരക്കിൽ കൊടുക്കാവുന്നതാണ്. അതിനു ഫലപ്രദമായ നടപടികൾ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ സ്വീകരിക്കണം.

നിർദ്ദേശങ്ങൾ

സർവ്വീസ് സഹകരണ ബാങ്ക് സംഘങ്ങൾ അവയുടെ സാമ്പത്തിക ശേഷി വർദ്ധിപ്പിച്ച് കർഷകർക്ക് യഥാസമയം മതിയായ രീതിയിൽ കാർഷികവും, കാർഷികേതരവുമായ വായ്പകൾ ലഭ്യമാക്കുന്നതിന് പുറമെ അവർക്ക് ആവശ്യമായ മേൽത്തരം വിത്തുകൾ, പച്ചക്കറി വിത്തുകൾ വളം കീടനാശിനി പമ്പ് സെറ്റുകൾ എന്നിവയുടെ വിതരണം ഫലപ്രദമായി ഏറ്റെടുക്കണം. ബന്ധപ്പെട്ട കൃഷി ഭവനുമായി സഹകരിച്ച് കർഷകർക്ക് കൃഷി സംബന്ധമായ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായി പ്രവർത്തിക്കുക.

കർഷകരുടെ ഉൽപ്പന്നങ്ങൾ ഇടത്തട്ടുക്കാരുടെ ചൂഷണങ്ങളിൽ നിന്നും വിമുക്തമാക്കി ന്യായമായ വില നിർബാദം നൽകി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് പുറമെ അവശ്യ സാധനങ്ങളുടെ വിതരണത്തിന് യൂണിറ്റുകൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുക.

കറവ മാടുകളെ വളർത്തുന്ന കർഷകർ ഇന്ന് രൂക്ഷമായ പ്രതിസന്ധികൾ നേരിട്ട് കൊണ്ടിരിക്കുന്നു. കാലിത്തീറ്റകളുടെ അമിത വില, തീറ്റപുല്ലുകളുടെ ലഭ്യതക്കുറവ്, കന്നുകാലിക്ക് മാരക രോഗങ്ങൾ തുടങ്ങിയവയ്ക്ക് പരിഹാരം എന്ന നിലയിൽ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ കർഷകർക്ക് ആവശ്യമായ കാലിത്തീറ്റ യഥാസമയം കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക.

പുൽകൃഷി വ്യാപകമാക്കി തീറ്റപുല്ലിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടി പ്രോത്സാഹനവും, സഹായവും നൽകുക. കന്നുകാലികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിരോധകുത്തിവയ്പ്പ്, മറ്റ് വൈദ്യസഹായങ്ങൾ എന്നിവ യഥാഅവസരങ്ങളിൽ നൽകുന്നതിന് സമഗ്രമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തണം.

പട്ടിക ജാതി വിഭാഗത്തിലെ അർഹരായ എല്ലാവർക്കും സാമ്പത്തിക സഹായം ലഭിക്കുന്നത് കൂടാതെ അവരുടെ അഭിരുച്ചിക്ക് അനുസരിച്ച നിലയിൽ തൊഴിൽ പരിശീലനം നടത്തുന്നതിനും, ചെറുകിട വ്യവസായ യൂണിറ്റുകൾ രൂപീകരിച്ച് അവരുടെ തൊഴിലില്ലായ്മയ്ക്ക് ശാശ്വത പരിഹാരം കാണുന്നതിന്. പട്ടികജാതി വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

വനിതാ വ്യവസായ സഹകരണ സംഘങ്ങളുടെ അവശ്യകത.

വനിതകളുടെ തൊഴിലില്ലായ്മ അഥീവ രൂക്ഷമായ ഒരു പ്രശ്നമെന്ന നിലയിൽ അതിന് ഒരു പരിതിവരെ എങ്കിലും നിസ്സാഹയകരായി ഈ പഞ്ചായത്തിൽ ഒരു കേന്ദ്രീകൃത വ്യവസായ സഹകരണ സംഘം രൂപീകരിച്ച് തയ്യൽ പരിശീലനം, ഗാർമെന്റുകളുടെ നിർമ്മാണം, അച്ചാറുകൾ, കറിപൗഡറുകൾ തുടങ്ങിയവയുടെ നിർമ്മാണം, ബേക്കറി ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ തൊഴിലധിഷ്ഠിത വ്യവസായ യൂണിറ്റുകൾ ഓരോ വാർഡിലും സ്ഥാപിക്കുന്നത് വളരെയേറെ പ്രയോജനകരമായിരിക്കും.

ഈ പഞ്ചയാത്തിനെ സംബന്ധിച്ചിടത്തോളം നെൽകൃഷി അദായകരമല്ലാത്തതായി തീർന്നിരിക്കുന്ന സാഹചര്യത്തിൽ നിലങ്ങൾ നികത്തി മറ്റ് കൃഷികൾ നടത്തുകയും. നിലം തരിശിടുന്ന പ്രവണതയും കൂടി വരുന്നു. ഇതിന് പരിഹാരം എന്ന നിലയിൽ സഹകരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നെൽകൃഷി നിലനിർത്തുന്നതിന് വേണ്ടി ആധുനിക കാർഷിക സംരംഭങ്ങൾ ഉപയോഗിച്ച് ഒരു ഏകീകൃത സ്വഭാ

വത്തോട് കൂടിയുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ച് നെൽകൃഷി ലാഭകരമാക്കാവുന്നതാണ്. കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും, അനാകർഷകമായ കൃഷി ആകർഷകമാക്കി തീർക്കുകയും നെൽകൃഷി ഉൽപ്പാദന ക്ഷമതയുള്ളതാക്കുകയും കാർഷിക ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിറ്റഴിക്കുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാനുള്ള ബാദ്ധ്യതകൾ സഹകരണ സംഘങ്ങൾ ഏറ്റെടുക്കേണ്ടതാണ്. അതു വഴി പ്രതിശീർഷ വരുമാനം വർദ്ധിക്കുന്നതാണ്. ഇപ്പോൾ വിദ്യാസമ്പന്നതയും സാങ്കേതിക പരിജ്ഞാനവും, ബുദ്ധിശക്തിയും എല്ലാം ഒരുമിച്ച് കിട്ടിയിട്ടുള്ള നമ്മുടെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയെക്കാൾ വളരെ താഴയാണ്. ഈ പരിതസ്ഥിതി ഒഴിവാക്കുന്നതിന് വേണ്ടി സഹകരണ സ്ഥാപനങ്ങൾ അശ്രാന്തമായി പരിശ്രമിക്കേണ്ടതാണ്. ജനസംഖ്യയിൽ ഭൂരിപക്ഷമായ ചെറുകിട കർഷകരുടെ ജീവിത നിലവാരം പരമാവധി മെച്ചപ്പെടുത്തുക എന്നുള്ള സാമൂഹിക പ്രതിബദ്ധത എല്ലാ സഹകരണ സ്ഥാപനങ്ങളിലും നിക്ഷിപ്തമാണ്.

ഈ പഞ്ചായത്ത് കേന്ദ്രമാക്കി ആധുനിക രീതിയിലുള്ള ഉപകരണങ്ങളോട് കൂടി സഹകരണ അടിസ്ഥാനത്തിൽ ഒരു ആശുപത്രി നിർമ്മിച്ച് പ്രവർത്തനം നടത്താവുന്നതാണ്. ഈ പഞ്ചായത്തിലുള്ള എല്ലാ ജനങ്ങൾക്കും ഈ സ്ഥാപനത്തിൽ നിന്നും മെച്ചപ്പെട്ട ചികിത്സ ലഭിക്കാവുന്നതാണ്.

വാർഡുകൾ അടിസ്ഥാനത്തിൽ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തനങ്ങൾ ആരംഭിച്ചാൽ കറവമാടുകളെ വളർത്തുന്ന കർഷകർക്ക് ഉപകാരപ്രദമായിരിക്കും.

പച്ചക്കറി, പഴങ്ങൾ, കൂൺ, പുഷ്പങ്ങൾ എന്നിവയുടെ കൃഷി രീതികൾ നല്ല രീതിയിൽ നടപ്പാക്കുന്നതിന് സർവ്വീസ് സഹകരണ സംഘങ്ങൾ നേതൃത്വം നൽകണം. മേൽ പ്രസ്താവിച്ച കർഷകർക്ക് ആവശ്യമായ വിത്ത്, വളം, കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും, ആവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമാക്കുകയും ചെയ്യണം.

പരമ്പരാഗത വ്യവസായങ്ങൾ ആയ കുട്ട, മുറം, പനമ്പ്, തഴപ്പായ്, വട്ടി എന്നിവ നിർമ്മിക്കുന്നതിന് പട്ടികജാതിക്കാരുടെ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക. ഇവയ്ക്ക് ആവശ്യമായ ഈറ, ബാംബൂ കോർപ്പറേഷനിൽ നിന്നും വാങ്ങുന്നതിന് ആവശ്യമായ നടപടികൾ നടത്തുക.

ഈ പഞ്ചായത്തിലെ ശിൽപ്പകലാ വിദഗ്ധർ, മറ്റ് കരകൗശല വസ്തുക്കൾ പണിക്കാർ എന്നിവരെ ഉൾപ്പെടുത്തി അവരെ സാമ്പത്തികമായി പുരോഗമിപ്പിക്കുന്നതിന് വേണ്ടി കരകൗശല വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക. അവരുടെ ഉൽപ്പന്നങ്ങൾ യഥാസമയം വിപണനം നടത്തുന്നതിന് വേണ്ടി ഒരു കരകൗശല മാർക്കറ്റിംഗ് സഹകരണ സംഘവും രൂപീകരിക്കുക. ഏറ്റവും നല്ല ശിൽപ്പകലയ്ക്കും, കൗതുകകരമായ കരകൗശല വസ്തുവിനും പഞ്ചായത്ത് തലത്തിലും, ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലും ക്യാഷ് അവാർഡുകളും പ്രശംസാ പത്രങ്ങളും ഓരോ വർഷവും നൽകി ഈ തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.

അഭ്യസ്ത വിദ്യരായ യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിന് വേണ്ടി പഞ്ചായത്ത് അടിസ്ഥാനത്തിൽ, സഹകരണ മേഖലയിൽ ഒരു മോട്ടോർ തൊഴിലാളി സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുക. ഈ സ്ഥാപനത്തിന് ആവശ്യമായ സാമ്പത്തിക സഹായം ജില്ലാ സഹകരണ ബാങ്കും, വിവിധ ധനകാര്യ സ്ഥാപനങ്ങളും യഥാസമയം നൽകേണ്ടതാണ്.

ഇപ്പോൾ നിലവിലുള്ള സഹകരണ സ്ഥാപനങ്ങളിൽ അഴിമതിയും റിക്കോർഡുകളിൽ കൃത്രിമം ഉണ്ടാകാറുള്ളതിന്റെ പ്രധാന കാരണം സഹകരണ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ കാലാകാലങ്ങളിൽ ഉള്ള പരിശോധനക്കുറവും, കാര്യക്ഷമത ഇല്ലായ്മയും ആണ്. ജില്ലാ തലത്തിൽ ഒരു ജോയിന്റ് രജിസ്ട്രാർ, താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ (അഡമിനിസ്ട്രേഷൻ), അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) യൂണിറ്റ് തലങ്ങളിൽ സീനിയർ - ജൂനിയർ സഹകരണ സംഘം



ഇൻസ്പെക്ടറന്മാർ, സീനിയർ – ജൂനിയർ സഹകരണ സംഘം ആഡിറ്ററന്മാർ, സെയിൽ ഓഫീസറന്മാർ തുടങ്ങി നിരവധി ഉദ്യോഗസ്ഥന്മാർ നിലവിലുണ്ടെങ്കിലും, സഹകരണ സംഘങ്ങളിൽ കാര്യക്ഷമമായ പരിശോധനകളോ, 65-ാം വകുപ്പ് അനുസരിച്ചുള്ള അന്വേഷണങ്ങളോ യഥാസമയം ആഡിറ്റ് പോലുമോ നടത്തുന്നില്ല. ആർബിട്രേഷൻ കേസ്സുകൾ സഹകരണ സംഘങ്ങൾ ഫയൽ ചെയ്യാറുണ്ടെങ്കിലും, സഹകരണ സംഘം ഇൻസ്പക്ടരന്മാർ യഥാവസരങ്ങളിൽ വിധി നടത്താതെ നീട്ടി കൊണ്ടുപോയി കേസ്സ് ഡയറികൾ മാത്രം തയ്യാറാക്കുകയാണ്. വിധി നടപ്പിനെ പറ്റി പ്രസ്താവിക്കാതിരിക്കുകയാണ് ഭേദം. സഹകരണ സംഘങ്ങൾ നിയമപ്രകാരം നല്ല രീതിയിൽ നടത്തുന്നതിന് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശങ്ങൾ ഒഴിച്ചു കൂടാൻ പാടില്ലാത്ത ഒരു വസ്തുതിയായി, അവശേഷിക്കുന്നു. ഈ രംഗത്തുള്ള അവരുടെ പ്രവർത്തനം, യാത്രാ പ്രോഗ്രാമുകളിലും, യാത്രാ ഡയറികളിലും മാത്രം രേഖപ്പെടുത്തി തുടർന്നുവരുകയാണ്.

സഹകരണ മേഖല വളർന്നു വികസിക്കുന്നതിന് വേണ്ടി മേൽ പ്രസ്ഥാവിച്ച നിർദ്ദേശനങ്ങൾ നടപ്പാക്കുന്നതിന് ആക്ഷീണമായി പ്രയത്നിക്കേണ്ടതാണ്.


സഹകരണ വകുപ്പ് ഒരു വികസന ഡിപ്പാർട്ടുമെന്റാണ് എന്നുള്ളത് തർക്കമറ്റ സംഗതിയാണ്. എന്നാൽ നാളിതുവരെ ഒരു വികസന പ്രവർത്തനങ്ങളും സഹകരണ മേഖലയിൽ നടത്തിയിട്ടില്ല. നിലവിലുള്ള സഹകരണ സംഘങ്ങളിൽ കാലാകാലങ്ങളിലുള്ള പരിശോധനയും സൂപ്പർവിഷനും നടത്താതിരിക്കുന്നതിനാൽ തൻ ചിലവുകളും സിൽബന്ധി ചിലവുകളും, മറ്റ് ചിലവുകളും കൂടി നഷ്ടത്തിൽ നിന്നും, ഭീമമായ നഷ്ടത്തിലേക്ക് നിങ്ങികൊണ്ടിരിക്കുകയാണ്. എല്ലാ സഹകരണ സംഘങ്ങളുടെ ബാക്കി പത്രങ്ങളിലും നഷ്ടം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഈ ദുഃ സ്ഥിതി ഒഴിവാക്കുന്നതിന് വേണ്ടി സഹകരണ സംഘം ഉദ്യോഗസ്ഥന്മാർ യഥാസമയം പരിശോധനകളുടെ ആഡിറ്റും, ടെസ്റ്റ് – ആഡിറ്റുകളും നടത്തി ഈ സ്ഥാപനങ്ങൾ നല്ലനിലയിൽ നടത്തുന്നതിന് വേണ്ടി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകണം. സഹകരണ ഡിപ്പാർട്ട്മെന്റ് അവരിൽ നിക്ഷിപ്തരായിട്ടുള്ള ഭാരിച്ച ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞ് മാറാൻ പാടില്ല. അവർ അർഹമായ എല്ലാ കർത്തവ്യങ്ങളും യഥാവിധി നിറവേറ്റുമെങ്കിൽ നിലവിലുള്ള സഹകരണ സംഘങ്ങളെ പുഷ്ടിപ്പെടുത്തുവാൻ ഒരു പരിതിവരെ സഹായകരമായിരിക്കും.

പഞ്ചായത്ത് ലെവലിൽ സഹകരണ രംഗം വികസിപ്പിക്കുന്നതിന് പൊതുജനങ്ങൾക്ക് ബോധവൽക്കരണം ഉണ്ടാക്കുന്നതിന് വേണ്ടി ആവശ്യമായ ബോധവൽക്കരണ സെമിനാറുകൾ നടത്തണം. ജോയിന്റ് രജിസ്ട്രാർ, അസി. രജിസ്ട്രാർ, സഹകരണ സംഘം – ഇൻസ്പെക്ടർമാർ – ഓഡിറ്റർമാർ എന്നിവർ പ്രസ്തുത സെമിനാറിൽ പങ്കെടുത്ത് ക്ലാസ്സുകൾ എടുക്കണം. സഹകരണ മേഖലയുടെ എല്ലാ തലത്തിലും ഉള്ള വികസന പ്രക്രിയകൾക്ക് ആവശ്യമായ രൂപം കൊടുക്കുകയും, മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. നിലവിലുള്ള സഹകരണ സംഘം പ്രസിഡന്റ്മാർ, സെക്രട്ടറി മാർ, കമ്മറ്റി അംഗങ്ങൾ, പഞ്ചായത്ത് പ്രസിഡന്റ്, മറ്റ് പൊതുജന നേതാക്കൾ, വിവിധ സാമൂഹിക – രാഷ്ട്രീയ – സാംസ്കാരിക പ്രവർത്തകന്മാർ, മറ്റ് സന്നദ്ധ സംഘടനകളിലെ പ്രവർത്തകർ എന്നിവരെ സമിനാറുകളിൽ പങ്കെടുപ്പിക്കണം. പുതിയ സഹകരണ സ്ഥാപനങ്ങൾ ഉണ്ടാകേണ്ട ആവശ്യകതയും, നിലവിലുള്ള സ്ഥാപനങ്ങൾ വിവിധ പ്രവർത്തനങ്ങൾ അവിഷ്കരിച്ച് നടപ്പാക്കുന്നതിന് ആവശ്യമായ ക്രിയാത്മകമായ മാർഗ്ഗ നിർദ്ദേശങ്ങളും സഹകരണ വകുപ്പ് ഉദ്യോഗസ്ഥന്മാർ നൽകുകയും വേണ്ടി വരുന്നതാണ്. നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ മാത്രം എപ്പോൾ എങ്കിലും പരിശോധിക്കുകയും, ആഡിറ്റുകൾ നടത്തുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കണം. ആഡിറ്റ് റിപ്പോർട്ടുകളിൽ ന്യൂനതാ സംഗ്രഹങ്ങൾ എല്ലാ വർഷങ്ങളിലും ഒന്നു തന്നെയാണ് രേഖപ്പെടുത്തുന്നത് ആ കാര്യങ്ങൾ പരിഹരിക്കുന്നതിന് ശ്രമകരമായ ഒരു നടപടിയും സഹകരണ സംഘങ്ങളുടെ ഭരണ സമിതികൾ സ്വീകരിച്ച് കാണുന്നില്ല. മൂന്ന് വർഷത്തെ ആഡിറ്റ് ന്യൂനതാ സംഗ്രഹങ്ങളിൽ ചൂണ്ടി കാണിച്ചിട്ടുള്ള തെറ്റ് കുറ്റങ്ങൾ പരിഹിരിച്ച്, വേണ്ട പരിഹാരത്തിന് നടപടി

ക്രമങ്ങൾ സ്വീകരിച്ചോ എന്ന് പരിശോധനാ ഉദ്യോഗസ്ഥന്മാരും, പിന്നീട് വരുന്ന ആഡിറ്റർമാരും ശ്രദ്ധിക്കുന്നില്ല. ഒരു ചടങ്ങിന് വേണ്ടി ന്യൂനതാ സംഗ്രഹം ഉൾപ്പെടുത്തുന്നു എന്ന് മാത്രം. ബാക്കി പത്രങ്ങളിൽ സഹകരണ സംഘം കൊടുക്കേണ്ടിവരുന്ന അഡ്വാൻസുകളും, കിട്ടേണ്ട അഡ്വാൻസുകളും കൂടി കൂടി വരുന്നു. എന്നാൽ നീക്കിയിരിപ്പും ബാങ്കിലെ ബാലൻസുകളും മറ്റ് മുതലുകളും കുറയുന്നു. ഈ ദുഷ്പ്രവണത ഒഴിവാക്കുന്നതിന് സഹകരണ സംഘം പ്രസിഡന്റന്മാരും, ഭരണ സമിതി അംഗങ്ങളും, സഹകരണ വകുപ്പ് ഉദ്യോഗസ്ഥന്മാരും ആത്മാർത്ഥമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതാണെന്ന് പ്രത്യേകം പ്രസ്താവിക്കുന്നു.

മേൽപ്പറഞ്ഞ നടപടി ക്രമങ്ങൾ സഹകരണ മേഖലയിൽ അവിഷ്കരിച്ച് നടപ്പാക്കുവാൻ പരിശ്രമിക്കുന്നുവെങ്കിൽ ഈ മേഖല പരിപൂർണ്ണമായ ഒരു വികാസ പതത്തിൽ എത്തിചേരുന്നതാണ്. ഇപ്രകാരം ഈ മേഖല വികസിക്കുമ്പോൾ ഈ പഞ്ചായത്തിലെ എല്ലാ കർഷകർക്കും സാമ്പത്തികമായ നേട്ടം കൈവരിക്കേണ്ടതാണ്. അനാകർഷകമായ കൃഷി ആകർഷകമായി തീരും എന്ന് നമുക്ക് പ്രതീക്ഷിക്കാം. കാർഷിക രംഗത്തെ, മൃഗ സംരക്ഷണ രംഗത്തെയും മറ്റ് വിവിധ മേഖലകളിലെയും തൊഴിൽ അവസരങ്ങളും, ഉൽപ്പാദന ക്ഷമതയും വർദ്ധിച്ച് എല്ലാവരുടെയും പ്രതിശീർഷ വരുമാനം വർദ്ധിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം



പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 28% പട്ടികജാതി വിഭാഗമാണ്. 9 പട്ടികജാതി കുടുംബങ്ങളും, 1 പട്ടികവർഗ്ഗ കുടുംബവും ഇവിടെ താമസിച്ചുവരുന്നു. 24 അംഗീകൃത കോളനികളിലായി 4 അംഗീകാരം സമർപ്പിച്ചിട്ടുള്ള കോളനിയാലായി 498 കുടുംബങ്ങളും ബാക്കി കുടുംബങ്ങൾ ഇടകലർന്നും ജീവിച്ചു വരുന്നു. 5494 പട്ടികജാതി പട്ടികവർഗ്ഗ അംഗങ്ങളാണുള്ളത്.

വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികമായി വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. IAY, RLEGP, IRDP, JRY തുടങ്ങിയ പദ്ധതികളിലൂടെ ഒട്ടനവധി സൗജന്യങ്ങൾ ഏർപ്പെടുത്തിയത് മൂലം കോളനി നിവാസികൾക്ക് ഭാഗീകമായ നേട്ടങ്ങൾ കൈവരിക്കാനും നിരവധി വീടുകൾ നിർമ്മിക്കാനും സാധിച്ചിട്ടുണ്ട്. ഗ്രൂപ്പ് ഹരിജൻ സ്കീം നിലവിൽ വന്നിരുന്നതിനാൽ ഒറ്റപ്പെട്ട വീടുകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല.

അങ്ങനെയുള്ളവർ പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്ന് മറ്റും വായ്പ എടുത്തിട്ട് വീട് നിർമ്മിക്കുകയാണ്. തിരിച്ചടയ്ക്കാൻ മാർഗ്ഗമില്ലാതെ കഷ്ടപ്പെടുന്ന പട്ടികജാതി കുടുംബങ്ങളും ഉണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ കൊണ്ടും പദ്ധതികളുടെ കർശനമായ നിയമങ്ങളും നിബന്ധനകളും കൊണ്ടും പല പദ്ധതികളും ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കിർട്ടാഡ്സിന്റെ (KIRTADS) സേവനം ഈ കാര്യത്തിൽ വാർഡ് തലത്തിൽ വ്യാപിക്കേണ്ടതാണ്. അംഗീകൃത കോളനികളിലും ധാരാളം കുടിലുകൾ ഇനിയും ഉണ്ട്. കുടിവെള്ളം വൈദ്യുതി സഞ്ചാര യോഗ്യമായ റോഡുകൾ സാനിട്ടറി മുതലായവ ഇതുവരെ ലഭ്യമല്ലാത്ത കോളനികളാണ് അധികവും. കോളനി സംബന്ധിച്ച വിവര പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർ പൂർണ്ണമായും തൊഴിൽ ചെയ്യുന്നത് കാർഷിക മേഖലയിലാണ്. നെല്ല് പ്രധാന കൃഷിയാണ്. അശാസ്ത്രീയമായി നിലം നികത്തുകയും കുഴിക്കുകയും ചെയ്യുന്നത് മൂലം നെൽകൃഷി വളരെ കുറഞ്ഞ് വരുന്നു. വർഷത്തിൽ രണ്ടുപ്രാവശ്യം നെൽകൃഷി ചെയ്യുന്നു. മണൽ പ്രദേശമായ വയലുകളിൽ എള്ള് കൃഷിയും ചെയ്യാ

റുണ്ട്. സീസൺ സമയങ്ങളിൽ മാത്രമേ കർഷക തൊഴിലാളികൾക്ക് തൊഴിലുള്ളു ബാക്കി ദിവസങ്ങളിൽ സ്ത്രീ തൊഴിലാളികൾക്ക് യാതൊരു വിധ തൊഴിലവസരങ്ങളും ഇല്ല. വ്യവസായങ്ങൾ യാതൊന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല പരമ്പരാഗതമായ പാനെയ്ത്ത്, കുട്ട, വട്ടി, നിർമ്മാണം, ഇവ പൂർണ്ണമായും ഇല്ല വിപണിയില്ലാത്ത കാരണം പല കുടുംബങ്ങളും പരമ്പരാഗത തൊഴിൽ ഉപേക്ഷിക്കാൻ നിർബന്ധിതരായി.

കുടികിടപ്പ് ലഭിച്ച കുടുംബങ്ങൾ 50 ഓളം ഉണ്ട്. അവർ മൂന്നും നാലും കുടുംബങ്ങൾ ഒരുമ്മിച്ച് താമസിക്കേണ്ടതായി വരുന്നു. അങ്ങനെയുള്ളവരെ പുനരധിവസിപ്പിക്കുവാൻ പദ്ധതി വേണം. ലക്ഷം വീട് കോളനികൾ 4 എണ്ണം ഉണ്ട് സർക്കാർ നിർമ്മിച്ച് നൽകിയ വീടുകൾ പലതും അപകട നിലയിലാണ്. രണ്ട് കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്ന വീടുകൾ ഉള്ളതിനാൽ എല്ലാ കുടുംബങ്ങൾക്കും പ്രത്യേകം പ്രത്യേകം വീടുകൾ നിർമ്മിച്ച് നൽകണം. കുടിവെള്ളം വൈദ്യുതി കക്കൂസ് തൊഴിൽശാലകൾ ഇവ ലഭ്യമാക്കേണ്ടത് അനിവാര്യമാണ്.

പത്ത് സെന്റിൽ കൂടുതൽ ഭൂമിയുള്ള കുടുംബങ്ങൾ 150 ഓളം ഉണ്ട്. ജലസേചന സൗകര്യമില്ല.

മില്ല്യൺ വെൽസ് പദ്ധതിയിൽ വളരെ കുറച്ച് കിണറുകൾ മാത്രമേ ഈ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളു ഇപ്പോൾ 10 സെന്റ് എന്ന ഭൂപരിധി നിശ്ചയിച്ചത് സ്വാഗതാർഹമാണ്. കാർഷികോ ഉപകരണങ്ങൾ, വിത്ത് വളം മുതലായവ സൗജന്യമായി മുഴുവൻ പട്ടികജാതി കുടുംബാങ്ങൾക്ക് ലഭ്യമാക്കണം. കിണർ, പമ്പ് സെറ്റ് ഇവ പത്ത് സെന്റിൽ കൂടുതൽ ഭൂമിയുള്ള എല്ലാ പട്ടികജാതിക്കാർക്കും ലഭ്യമാക്കണം.

പട്ടികജാതി കോർപ്പറേഷന്റെ ആഫീസുകൾ എല്ലാ താലൂക്കുകളിലും പ്രവർത്തിക്കണം. കൃഷിഭൂമി വാങ്ങുന്നതിനും സ്വയം തൊഴിൽ പദ്ധതികൾക്കും അമ്പത് ശതമാനം സബ്സിഡി എർപ്പെടുത്തുകയും അപേക്ഷകർക്കെല്ലാം വായ്പ നൽകുകയും വേണം. ഗൾഫ് നാടുകളിൽ പോകുന്നതിന് പട്ടികജാതിക്കാർക്ക് നൽകിവരുന്ന വായ്പാ തുക 10,000 എന്നുള്ളത് 25,000 ആയി ഉയർത്തുക. സ്വയം തൊഴിൽ പദ്ധതിയിൽ ആട്ടോ കൊടുക്കുന്നതിനുള്ള നടപടി പുനരാരംഭിക്കണം.

പട്ടികജാതി വികസന വകുപ്പുകളിലൂടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും ഗുണഭോക്താക്കളുടെ വിവരങ്ങളും ഗ്രാമ പഞ്ചായത്തുകളിൽ ലഭ്യമാക്കണം. ഒരേ കുടുംബങ്ങൾ പല വകുപ്പുകളിൽ നിന്നും ഒരേ ആവശ്യങ്ങൾക്ക് സൗജന്യം കൈപ്പറ്റുന്നത് തടയാൻ ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് ഇവ പരസ്പരം യോജിപ്പിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക, സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുക, S.S.L.C. ക്കും അതിനുമുകളിലും തോൽക്കുന്ന വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിനുള്ള മുഴുവൻ തുകയും മാർക്ക് പരിഗണിക്കാതെ സർക്കാർ നൽകുക. P.S.C. മുഖേന നടത്തുന്ന ടെസ്റ്റ് ഇന്റർവ്യൂ മുതലായവയിൽ പങ്കെടുക്കുന്ന പട്ടികജാതിക്കാർക്ക് സൗജന്യ കോച്ചിംഗ് ജില്ലാ തലത്തിൽ നടത്തുകയും യാത്രാ പടിയും ദിനബത്തയും നൽകുകയും വേണം. ഇവ താമസം കൂടാതെ നൽകുന്നതിനുള്ള നടപടിയും സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രീമെട്രിക്ക് ഹോസ്റ്റൽ ഈ പഞ്ചായത്തിൽ 10-ാം വാർഡിൽ പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ 30 കുട്ടികൾക്ക് മത്രമേ അനുവദിച്ചിട്ടുള്ളു. അതു 100 കുട്ടികൾക്കായി ഉയർത്തണം. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം സർക്കാർവിള എന്ന അറിയപ്പെടുന്ന PWD വക സ്ഥലത്ത് കെട്ടിടം പണിത് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടിയുണ്ടാകണം. കുട്ടികൾക്ക് ട്യൂഷൻ ഇപ്പോൾ 4 വിഷയങ്ങൾക്കുണ്ട്. 8, 9, 10 ക്ലാസ്സുകളിൽ മാത്രമേയുള്ളു. 5, 6, 7 ക്ലാസ്സുകളിൽ കൂടി ട്യൂഷൻ ഉൾപ്പെടുത്തണം. അതും വളരെകുറച്ച് സമയം മാത്രം. എല്ലാ വിഷയങ്ങൾക്കലും ട്യൂഷൻ ഏർപ്പെടുത്തുകയും 300 മണിക്കൂറെങ്കിലും ഒരു വിഷയത്തിന് ട്യൂഷൻ നൽകുന്നതിനുള്ള നടപടിയുണ്ടാകണം.

കൃഷി വകുപ്പിൽ നടന്നുവരുന്ന ആഗ്രോ



സർവ്വീസ് സെന്റർ 10-ാം വാർഡിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ വാർഡിലെ പട്ടികജാതി സാംസ്കാരിക സമിതി സൗജന്യമായി നൽകിയ സ്ഥലത്ത് കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. തൊഴിൽരഹിതരായ യുവാക്കൾക്ക് ആവശ്യമായ പരിശീലനം നൽകി ട്രാക്കടർ, ട്രില്ലർ മറ്റ് ഉപകരണങ്ങൾ ഇവ അടിയന്തിരമായി ലഭ്യമാക്കേണ്ടതുണ്ട്.

പട്ടികജാതി വിഭാഗക്കാർക്ക് പാർപ്പിടം പ്രധാന പ്രശ്നമാണ്. ഭൂരഹിതരായ കുടുംബങ്ങൾ 150 ഓളം ഉണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതിയുണ്ടാകണം. ഭൂമി വാങ്ങുന്നതിനുള്ള തുക പഞ്ചായത്ത് തലത്തിൽ നിശ്ചയിക്കണം. ഇപ്പോൾ ജില്ലാ തലത്തിൽ നിശ്ചയിക്കുന്ന വിലയ്ക്ക് പല പഞ്ചായത്തുകളിലും ഭൂമി ലഭ്യമല്ല.

മാർക്കറ്റ് വിലയ്ക്ക് ഭൂമി വാങ്ങുന്നതിനുള്ള തുക അനുവദിച്ച് നൽകണമെന്ന ആവശ്യവുമുണ്ട്.

മൃഗസംരക്ഷണ രംഗത്ത് പട്ടികജാതി വിഭാഗത്തിൽ പെട്ടവർ പൊതുവെ പിന്നോക്കമാണ്. IRDP പോലുള്ള പദ്ധതികളിലൂടെ ലഭിച്ചിട്ടുള്ള ആട് മാടുകളെ വിൽകുകയും, തുക ദുർവിനിയോഗം ചെയ്യുകയും ചെയ്യുന്ന ഒരു പ്രവണതയുണ്ട് പല കുടുംബങ്ങൾക്കും ഇത് കുടുംബ ആവശ്യമായി തീർന്നിരിക്കുന്നു. ബാദ്ധ്യത വരുന്ന തുക തിരിച്ചടയ്ക്കാൻ കഴിവില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ തുക എഴുതി തള്ളുകയും കറവ മാടുകളെ സൗജന്യമായി എല്ലാ കുടുംബങ്ങൾക്കും (ദാരിദ്ര്യ രേഖയ്ക്ക് താഴയുള്ള) അനുവദിച്ച് നൽകുകയാണ് മറ്റൊരു ആവശ്യം.

മത്സ്യ ബന്ധനം ഈ പഞ്ചായത്തിൽ ഇല്ല പൊതുകുളങ്ങലും മറ്റും നിശ്ചിത കാലയളവിലേക്ക് കുത്തുക പാട്ടം നൽകിയാൽ മത്സ്യ കൃഷി തൊഴിലായി സ്വീകരിക്കാൻ കഴിയും പഞ്ചായത്ത് തലത്തിൽ ഇതിന് നിയമം ഉണ്ടാകണം.

വ്യവസായ രംഗത്ത് ഈ വിഭാഗം വളരെ പുറകിലാണ്. അറിവില്ലായ്മയും, സാമ്പത്തിക ബുദ്ധിമുട്ടുകളും കാരണം ഈ മേഖലയിലേക്ക് പട്ടികജാതിക്കാരെ ആകർഷിക്കുന്നില്ല. ആവശ്യമായ ബോധവൽക്കരണവും സാമ്പത്തിക സഹായവും, വ്യവസായ വകുപ്പിൽ നിന്നും പട്ടികജാതി വകുപ്പിൽ നിന്നും ഉണ്ടാകണം. മഹിളാ സമാജങ്ങൾ രൂപീകരിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം. ഏറ്റവും കൂടുതൽ പട്ടികജാതി കുടുംബങ്ങൾ തിങ്ങി പാർക്കുന്നത് 9, 10, 11, 12, 13 എന്നീ വാർഡുകളാണ്. അവർക്ക് വായ്പയും മറ്റും ഉറപ്പ് വരുത്തുന്നതിന്. കറ്റാനം കേന്ദ്രീകരിച്ച് ഒരു സർക്കാർ ബാങ്കിന്റെ ബ്രഞ്ച് തുടങ്ങുന്നതിനുള്ള നടപടിയുണ്ടാകണം.

പൊതുവെ നിരക്ഷരത കുറവാണെങ്കിലും വിദ്യാഭ്യസ രംഗത്ത് ഈ വിഭാഗത്തിന് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല.

വിദ്യാഭ്യാസത്തെ കുറിച്ച് അവബോധമില്ലായ്മയും രക്ഷിതാക്കൾക്കുള്ള താൽപ്പര്യ കുറവും കാരണം S.S.L.C. ക്ക് ശേഷം തുടർന്നു പഠിക്കുന്നതിന് പലകുട്ടികളും തയ്യാറാകുന്നില്ല കുറുകുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടതിനാൽ പഠിത്തം നിർത്തേണ്ടിവരുന്നവരും ധാരാളമുണ്ട്. S.S.L.C തോറ്റവരും ജയിച്ചവരുമായ യുവതീ യുവാക്കൾ തൊഴിൽ രഹിതരായി ധാരാളം പഞ്ചായത്തിൽ ഉണ്ട്.

പശുവളർത്തൽ, കോഴി വളർത്തൽ, ആട് വളർത്തൽ, പച്ചക്കറി കൃഷി ഇവയെ പോത്സാഹിപ്പിക്കുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യാൻ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതിന് കഴിയും.

1996 - 1997 ൽ പട്ടികജാതി വിദ്യാർത്ഥികൾ ഈ പഞ്ചായത്തിൽ സ്കൂളുകളിൽ പഠനം നടത്തുന്നു. വിദ്യാഭ്യാസ ആനുകൂല്യം, സ്റ്റൈഫന്റ്, ലംസം ഗ്രാന്റ് ഇവ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

അംഗീകൃത കോളനികളിൽ എല്ലാം ടി.വി. സെന്റർ സ്ഥാപിക്കുകയും സാംസ്കാരിക സെമിനാറുകൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുകയും ചെയ്യുക. മദ്യപാനം, പുകവലി മയക്കുമരുന്ന് പ്രയോഗം മുതലായവയ്ക്കെതിരെ ബോധവൽക്കരണം വാർഡ് തലത്തിൽ നടത്തുക. പട്ടികജാതിക്കാരുടെ തനതായ കലാരൂപങ്ങൾ നാടൻ കലകൾ ഇവ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുക.

കുടിവെള്ള പ്രശ്നം പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം രൂക്ഷമാണ്. ബ്ലോക്കിൽ നിന്നും, പഞ്ചായത്തിൽ നിന്നും സ്വന്തമായും പൊതുവായും ധാരാളം കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. 3 സെന്റ് ഭൂമികളിൽ കൂട്ടംകൂട്ടമായി താമസിക്കുന്നതിനാൽ കക്കൂസുകളും കിണറുകളും തമ്മിലുള്ള അകലം 50 അടി എന്നുള്ളത് പലയിടങ്ങളിലും പാലിക്കാൻ കഴയിത്ത സ്ഥിതിയാണുള്ളത്. കേരള വാട്ടർ അതോറിറ്റി ശുദ്ധജല വിതരണം നടത്തുന്നുണ്ട്. ഇപ്പോൾ 2 വാർഡുകൾ മാത്രമേയുള്ളു. 10-ാം വാർഡിലെ 5 കോളനികളിലും മൂന്നാം വാർഡിലും IHDP കോളനിയിലും മാത്രമേ പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളു ബാക്കി 18 അംഗീകൃത കോളനികളിലും പൈപ്പ് ലൈനും പൈപ്പും സ്ഥാപിക്കാൻ നടപടി ഉണ്ടാകണം.

പുതുതായി കുഴൽകിണർ നിർമ്മിച്ച് ആവശ്യമായ വീടുകൾക്ക് ഹൗസ് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ട്. ആരോഗ്യ പരിപാലനത്തിനായി എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിച്ച് നൽകണം. എയിഡ്സ്, കോളറ മുതലായ മാരക രോഗങ്ങൾ ഉണ്ടാകാതെ ഇരിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ കോളനി തലത്തിൽ നടത്തേണ്ടതാണ്. P.H. സെന്ററിലെ ഡോക്ടർ ഉൾപ്പടെ സംഘമായി മാസത്തിലൊരിക്കൽ കോളനികൾ സന്ദർശിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുന്നത് ഉചിതമായിരിക്കും. ഇപ്പോൾ P.H.C. സ്ഥാപിച്ചിട്ടുള്ളത് പള്ളിക്കാൽ 1-ാം വാർഡിലാണ്. കറ്റാനം കേന്ദ്രീകരിച്ച് 25 കിടക്കകളുള്ള P.H. സെന്റർ കൂടി അനുവദിക്കുന്നത് പട്ടികജാതിക്കാർക്ക് വളരെ ഗുണകരമായിരിക്കും. കോളനി നിവാസികളായ പട്ടികജാതിക്കാർക്ക് ഗതാഗതയോഗ്യമായ റോഡുകൾ ഇല്ലാത്തതാണ് മറ്റൊരു പ്രശ്നം, മംഗലശ്ശേരിൽ, കന്നിമേൽത്തറ, തേക്കനാഴി, പ്ലാംതറ, മുണ്ടേലേത്ത് കോളനി, വലിയകുളത്തിൽ തുടങ്ങിയ മിക്ക കോളനികളിലേക്കും സഞ്ചാരയോഗ്യമായ റോഡുകൾ ഇല്ല. രോഗികളായിട്ടുള്ളവരെ ചുമലിലേറ്റി അടുത്തുള്ള റോഡുകളിൽ എത്തിക്കുന്നതായ സാഹചര്യം നിലവിലുണ്ട്.

പട്ടികജാതിക്കാരായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം ഏർപ്പെടുത്തുക. വിധവകളുടെ പെൺകുട്ടികളുടെ വിവാഹ ധനസഹായം 2000 രൂപ എന്നുള്ളത് 10,000 രൂപയായി ഉയർത്തുക. കർഷക തൊഴിലാളി പെൻഷൻ 150 രൂപയായി ഉയർത്തുക. പട്ടികജാതിക്കാരായിട്ടുള്ളവരെ ചികിത്സിക്കുന്നതിനുള്ള ധനസഹായം പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കുക. പട്ടികജാതിക്കാർക്ക് കൃഷിക്ക് ചിലവാക്കുന്നതിനുള്ള വായ്പ 50,000 രൂപയായി ഉയർത്തുക, സബ്സിഡി ഏർപ്പെടുത്തുക. സ്വയം തൊഴിൽ പദ്ധതികൾക്കുള്ള വായ്പയുടെ 50% സബ്സിഡിയായി നൽകുക. പലിശ ഈടാക്കാതിരിക്കുക. 60 വയസ്സ് കഴിഞ്ഞ് മൂഴുവൻ പട്ടികജാതിക്കാർക്കും വരുമാനം പരിഗണിക്കാതെ പെൻഷൻ നൽകുക.

പട്ടികജാതി വിഭാഗത്തിൽ പെട്ട പല കലാകായിക താരങ്ങളും ഈ പഞ്ചായത്തിലുണ്ട് അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യ കോച്ചിംഗ് ഏർപ്പെടുത്തുക. പട്ടികജാതിക്കാർക്കായി ഒരു സ്റ്റേഡിയം നിർമ്മിക്കുക. 2 സെന്റിലും 3 സെന്റിലും താമസ്സുകാരായ പട്ടികജാതിക്കാരെ ഏറ്റവും കൂടുതൽ അലട്ടുന്നത് ശവം മറവ് ചെയ്യുന്നത് സംബന്ധിച്ചാണ്. ആയതിനാൽ വാർഡ് തലത്തിൽ ഓരോ ശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

മുൻകാലങ്ങളിൽ അനുവദിച്ചിട്ടുള്ളതും പൂർത്തീകരിക്കാത്തതുമായ വീടുകൾക്ക് പുതുക്കിയ നിരക്കിലുള്ള തുക അനുവദിക്കുക. ഈ വിഭാഗത്തിന് മറ്റുള്ളവരോടൊപ്പം ഉയർത്തുന്നതിനുള്ള എല്ലാ നടപടികൾക്കും നമ്മൾ ഒന്നായി പ്രവർത്തിക്കേണ്ടതാണ്.

ഭൂരഹിത ഭവനരഹിതരായ കർഷക തൊഴിലാളികളെ പുന: രധിവസിപ്പിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിക്കൽ ഒന്നാം വാർഡിൽ വാങ്ങിയ ഭൂമി 12 കുടുംബങ്ങൾക്കായി നൽകിയിട്ടുള്ളതാകുന്നു. ടി കുടുംബങ്ങൾക്ക് വീടും, കിണർ, കക്കൂസ്, ഇവ അടിയന്തിരമായി അനുവദിച്ച് നൽകണം. പുറംപോക്കുകളിൽ താമസിക്കുന്ന ഭൂരഹിതരായ കർഷക തൊഴിലാളികളെ പുന:രധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മാതൃശിശു സംരക്ഷണ പദ്ധതി ഉൾപ്പെടുത്തി എല്ലാ പട്ടികജാതി കോളനികളിലും ഓരോ അംഗനവാടികൾ സ്ഥാപിക്കുക. സഹകരണ മേഖലയിൽ ഈ വിഭാഗത്തിന് പങ്കാളിത്തം തീരെക്കുറവാണ് സമ്പാദ്യ ശീലം വളർത്തുന്നതിന് ആവശ്യമായ ബോധവൽക്കരണം അനിവാര്യമാണ്. ആറാം വാർഡിൽ പട്ടികജാതി സഹകരണ സംഘം പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ഏതാണ്ട് സ്തംഭനാവസ്ഥയിലാണ്. വായ്പ എടുത്തിട്ടുള്ള അംഗങ്ങൾ ആരും തന്നെ തുക തിരിച്ചടയ്ക്കാൻ തയ്യാറാകാത്ത അവസ്ഥയാണ് ഈ സ്ഥാപനം തുടർന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ ധനസഹായം സർക്കാരിൽ നിന്ന് ഉണ്ടാകണമെന്നതാണ് മറ്റൊരു ആവശ്യം കോളനി നിവാസികളെ സംബന്ധിച്ച് മറ്റൊരു പ്രശ്നം ശവം മറവ് ചെയ്യുന്നത് സംബന്ധിച്ചാണ്. 3 സെന്റിലും മറ്റും കൂട്ടുകുടുംബമായി താമസിക്കുന്നവർക്ക് ഹിന്ദുമതാചാര പ്രകാരം ശവം മറവ് ചെയ്യുന്നതിന് കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. പൊതു ശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ള ആവശ്യം എല്ലാ ഗ്രാമ സഭകളിലും ഉയർന്ന് വന്നിട്ടുണ്ട്.

പ്രശ്നങ്ങൾ

1. 400 കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടില്ല.
2. അനുവദിച്ച വീടുകൾ പൂർത്തീകരിക്കുന്നില്ല.
3. ശുദ്ധജലവിതരണം, കിണർ, കക്കൂസ് വൈദ്യുതി ഇവ എല്ലാ കുടുംബങ്ങൾക്കും ലഭ്യമാക്കണം. അഭ്യസ്ഥ വിദ്യരായ യുവതിയുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കണം.
4. കാർഷിക മേഖലയിലെ മുരടിപ്പ്, ഉള്ള തൊഴിൽ ഇല്ലാതാക്കുന്ന ഭൂരഹിത ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള തുക അപര്യാപ്തമാണ്.
5. ആൺകുട്ടികൾക്കും പ്രീ മെട്രിക്ക് ഹോസ്റ്റൽ സമീപ പ്രദേശത്തില്ല.
6. അങ്കണവാടികളുടെ അഭാവം.
7. നിലവിലുള്ള പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ.
8. സ്വയം തൊഴിൽ പദ്ധതികളുടെ കർശനമായ നിയമങ്ങളും നിബന്ധനകളും.
9. സമ്പാദ്യ ശീലമില്ലായ്മ.
10. S.S.L.C. ക്ക് മുകളിലുള്ള വിദ്യാഭ്യാസ മേഖലയിലെ താൽപ്പര്യക്കുറവ് വിവിധ ക്ഷേമ പദ്ധതികളിൽ അനുവദിക്കുന്ന തുകയുടെ അപര്യാപ്തത.

നിർദ്ദേശങ്ങൾ

1. വിവിധ പദ്ധതികളിൽ ആവശ്യമായ വീടുകൾ അനുവദിക്കുക.
2. വീടുകളുടെ തുക വർദ്ധിപ്പിക്കുക.
3. അംഗീകൃത കോളനികളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ച് പൊതു ടാപ്പുകൾ സ്ഥാപിക്കുക. കോളനികളിൽ പൊതു കക്കൂസ് നിർമ്മിക്കുക.
4. സംവരണ സീറ്റിൽ സമ്പന്നന്മാർ കടന്നു കൂടുന്നു. ഒരു വീട്ടിൽ ഒരാൾക്ക് തൊഴിൽ എന്ന വ്യവസ്ഥ പട്ടികജാതി പട്ടികവർഗ്ഗ കാർക്ക് നിയമമാക്കുക.
5. കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുക.
6. നിലം നികത്ത് കുഴിക്കൽ തരിശിടിയിൽ ഇവ നിയമം മൂലം തടയുക.
7. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള തുക പ്രാദേശികമായി നിശ്ചയിക്കുക.
8. നിലവിലുള്ള പദ്ധതികളെ കുറിച്ച് ബോധവൽക്കരണം നടത്തുക.
9. ഓരോ കോളനിയും കേന്ദ്രീകരിച്ച് അങ്കണവാടികൾ സ്ഥാപിക്കുക.
10. പട്ടികജാതിക്കാർക്കുള്ള വായ്പാ പദ്ധതികളുടെ നിയമം ലഘുകരിക്കുക.
11. സമ്പാദ്യശീലം വളർത്തുന്നതിന് ബോധവൽക്കരണം നടത്തുക.
12. വിദ്യാഭ്യാസം സംബന്ധിച്ച് ബോധവൽക്കരണം ഉന്നതന്മാരെ കൊണ്ട് നടത്തുക.

നമ്പർ	കോളനിയുടെ കോഡ്	കോളനിയുടെ പേര്	വാർഡ് നമ്പർ	കുടുംബങ്ങളുടെ എണ്ണം	കുടിലുകളുടെ എണ്ണം	ജനസംഖ്യ
1.	030708	ലക്ഷംവീട് കോളനി	1	13	13	57
2.	030710	മങ്ങാട്ട് പുലത്തറ	1	14	4	78
3	030711	കന്നിമേൽത്തറ	1	14	11	60
4	030704	പണിക്കോട്ടിൽ	2	15	9	69
5	030701	മുണ്ടേലത്ത് കോളനി	3	14	9	71
6	030707	മഞ്ഞാടിത്തറ	3	18	5	87
7	030714	ചേലക്കാട്ട് വടക്കേ കോട്ടയിൽ	3	10	10	49
8	030722	പുത്തൻതറയിൽ	6	13	4	58
9	030712	മംഗലശ്ശേരിൽ കോളനി	7	26	15	132
10	030703	മേനക്കോട്ട്	9	10	6	39
11	030704	മൂലേത്തറയിൽ	9	16	2	78
12	030724	തെക്കനാഴി	9	18	9	80
13	030702	മുറിയായിക്കൽ	10	31	18	182
14	030715	കളയ്ക്കാട്ട് കോളനി	10	11	5	54
15	030716	ചിറയരുകിൽ	10	18	7	80
16	030720	പ്ലാംത്തറ	10	40	22	204
17	030721	വലിയകുളത്തിൽ	10	13	10	57
18	030723	പുത്തൻപുര വടക്കതിൽ	10	18	15	112
19	030705	കോടത്ത്	11	11	2	43
20	030719	ചെറുവള്ളിത്തറ	11	11	9	40
21	030713	ഈരിക്കത്തറ	12	23	8	101
22	030717	ഇല്ലത്ത് കിഴക്കതിൽ	12	35	20	156
23	030718	ചെന്നിച്ചേരി	12	16	10	70
24	030709	ലക്ഷം വീട് കേളനി	13	30	17	133

പട്ടിക II


ദൂരം കി. മീ.

നമ്പർ	കോളനിയുടെ പേര്	വാർഡ്	റോഡിന്റെ പേര്	ഗ്രാവൽ	മണ്ണ്	ടാർ
1.	പ്ലാംത്തറ	10	പ്ലാംത്തറ കോളനി – കളയ്ക്കാട്ട് മുക്ക്		1.000	
2.	പുത്തൻപുര വടക്കതിൽ	10	കോളനി ജംഗ്ഷൻ – ആരകണ്ടത്തിൽ	1.000		
3.	മുറിയായിക്കൽ	10	കോളനി ജംഗ്ഷൻ – കൂട്ടുങ്കൽ മുക്ക്	.7		
4.	വലിയകുളം 10 കോളനി ജംഗ്ഷൻ –		കൊട്ടാരത്തിൽ മുക്ക്	.6		
5.	കന്നിമേൽത്തറ	1				
6.	മംഗലശ്ശേരി	7	കോളനി ജംഗ്ഷൻ – കുരിശ്ശുംമൂട്		1.00	
7.	മുറിയായിക്കൽ	10	മുറിയായിക്കൽ മഞ്ഞിപ്പുഴശ്ശേരിൽ താനുവേലിൽ	.750		
8.	ഇല്ലത്ത് കിഴക്കതിൽ	12	കറ്റാനം ജംഗ്ഷൻ മുതൽ കോളനി വരെ		1.000	

പട്ടിക III

വാർഡ്	കുടുംബങ്ങളുടെ എണ്ണം	വീടുകൾ			വൈദ്യുതികരിച്ചത്	വൈദ്യുതികരിക്കാത്തത്	ആകെ
		ടെറസ്സ്	ഓട്	കൂടിൽ			
I	115	3	53		65	45	115
II	80	4	26	50	30	50	80
III	130	2	60	0	75	55	130
IV	75	4	35	41	45	30	0
V	100	3	45	52	40	60	100
VI	120	2	60	68	45	75	0
VII	72	6	35	32	30	42	0
VIII	60	1	35	24	20	40	60
IX	130	4	60	66	55	0	130
X	170	6	88	76	137	33	170
XI	110	4	50	46	55	55	0
XII	125	8	56	61	55	70	125
XIII	100	4	45	51	60	40	0

വിഭവ സമാഹരണം



ഗതകാല പ്രതാപത്തിന്റെ ഒത്തിരി കഥകൾ പറയാനുള്ള നമ്മുടെ ഗ്രാമത്തിന്റെ വർത്തമാന കാല പ്രതിസന്ധികൾ അക്കമിട്ട് നിരത്തിക്കൊണ്ടാണ് ഗ്രാമസഭകൾ സമാപിച്ചത്. പ്രതീക്ഷാ നിർഭരമായ നാളുകളെപ്പറ്റിയുള്ള സ്വപ്നങ്ങൾക്ക് ഇഴപാകി ഗ്രാമസഭകൾക്ക് ചടുലഭാവം പകർന്ന ഗ്രാമവാസികൾ ഭരണിക്കാവ് പഞ്ചായത്തിന്റെ പ്രതിസന്ധികളിൽ മുഖ്യമായവ ഇവയാണെന്ന് ചൂണ്ടിക്കാണിച്ചു.

1. കാർഷികമേഖലയിലെ മുരടിപ്പ്

2. വ്യാവസായിക മേഖലയിലെ നിശ്ചലത

പ്രധാനമായും ഈ രണ്ടു മേഖലകളിലും ഗ്രാമത്തിന്റെ സാദ്ധ്യതകളെ ഉപയോഗിച്ച് ഒരു കുതിച്ചുചാട്ടത്തിന് കളമൊരുക്കി വൻതോതിലുള്ള വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിയേണ്ടതാണ്.

മുരടിപ്പ് ബാധിച്ച കാർഷികമേഖല കർഷകനെ സംബന്ധിച്ചിടത്തോളം ഇന്ന് തികച്ചും അനാകർഷകമാണ്. ഉൽപ്പാദനക്ഷമതകുറയുകയും, ഉൽപ്പാദനച്ചിലവ് കൂടുകയും, ചെയ്യുന്ന പ്രതിഭാസമാണ് ഇന്ന് കണ്ടുവരുന്നത്. പ്രദേശത്തിന്റെ സ്വഭാവമനുസരിച്ച് കാർഷികരംഗത്ത് നാടൻ സാങ്കേതിക വിദ്യകൾ പ്രയോഗിക്കാനാകണം മണ്ണിന്റെ ജൈവഘടനയെപ്പോലും തകർക്കുന്ന തരത്തിലുള്ള അമിതമായ കീടനാശിനി പ്രയോഗവും, രാസവളപ്രയോഗവും ഒഴിവാക്കി ജൈവവളത്തിനും മറ്റും പ്രാധാന്യം കല്പിക്കുവാനുള്ള മാനസികാവസ്ഥ കർഷകനുണ്ടാവണം. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിയാൽ മാത്രമേ ഈ രംഗത്തെ വിഭവസമാഹരണം ഊർജ്ജിതപ്പെടുത്താനാവൂ.

കഴിഞ്ഞ ഏതാനും വർഷങ്ങളായി വിരലിലെണ്ണാവുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ മാത്രം നമ്മുടെ പഞ്ചായത്തിലാരംഭിച്ചു എന്നുള്ളത് ഒഴിച്ചാൽ ഈ രംഗം പൂർണ്ണമായും നിശ്ചലമാണ്. വൈദ്യുതി കണക്ഷൻ കിട്ടാനുള്ള ബുദ്ധിമുട്ട് കിട്ടിയാൽ തന്നെ ലോഡ് ഷെഡിംഗും അതുപോലുള്ള പ്രശ്നങ്ങളും. ഈ പ്രദേശം വ്യവസായത്തിന്റെ മരുപ്പറമ്പാകുന്നതിന്റെ കാരണവും മറ്റൊന്നല്ല. ആവശ്യത്തിന് ലോൺ കൊടുക്കുന്നകാര്യത്തിൽ ഇവിടുത്തെബാങ്കുകൾ ഉദാരമനസ്കർല്ല എന്നതും എടുത്തുപറയേണ്ട വസ്തുതയാണ്. വിദ്യാ സമ്പന്നതയിൽ മുന്നിട്ട് നിൽക്കുന്ന ഈ ഗ്രാമത്തിൽ മുതൽമുടക്കിന് ശേഷിയുള്ള കുറച്ചാളുകളുണ്ട്. എന്നാൽ മുകളിൽ കാണിച്ച പ്രതിസന്ധികൾക്ക് പരിഹാരം കണ്ടാൽ മാത്രമെ ഈ രംഗത്തും വിഭവസമാഹരണം സാദ്ധ്യമാകൂ. ഈ രണ്ട് മേഖലകളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരവും

ഇഛാശക്തിയും ഗ്രാമപഞ്ചായത്തിനുണ്ടായാൽ നേട്ടങ്ങൾ കൈവരിക്കാനാകും എന്നത് തർക്ക മറ്റ വസ്തുതയാണ്.

ഗൾഫ് മേഖല

ആയിരത്തോളം ആളുകളാണ് ഭരണിക്കാവ് പഞ്ചായത്തിൽ നിന്നും ഗൾഫിൽ പണിയെടുക്കുന്നത്. ഇതിൽ ഭൂരിപക്ഷവും അത്ര ഉയർന്ന വരുമാനക്കാരല്ല. എങ്കിലും പ്രതിമാസം ലക്ഷക്കണക്കിന് രൂപ ഇവിടെ ഒഴുകി എത്തുന്നുണ്ട്. ഇതിൽ ജീവിതാവശ്യം കഴിച്ചുള്ളതുകയിലധികവും ഉപയോഗിക്കുന്നത് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മോടിപിടിപ്പിക്കുന്നതിനും, ആടംബര വസ്തുക്കൾ വാങ്ങുന്നതിനും റോഡുവക്കിൽ വലിയ വിലകൊടുത്ത് തുണ്ട് ഭൂമി വാങ്ങുന്നതിനും വേണ്ടിയാണ് ഈ പഞ്ചായത്തിൽ നിന്നും ഗൾഫിൽ പോയിട്ടുള്ള മുഴുവൻ ആളുകളുടെയും വിവരങ്ങൾ ശേഖരിക്കാൻ പഞ്ചായത്തിന് കഴിയണം. വ്യവസായത്തിനും മറ്റ് വികസന പ്രവർത്തനങ്ങൾക്കും മുതൽ മുടക്കാൻ സന്നദ്ധതയുള്ളവരെ കൂട്ടിയോജിപ്പിക്കുവാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും കഴിഞ്ഞാൽ വികസനത്തിന് വേണ്ട വിഭവശേഖരണം ഈ മേഖലയിലേത് വൻതോതിലാക്കാൻ കഴിയും. തങ്ങളുടെ കൈവശമുള്ള തുക എത്ര ചെറുതായാലും വികസനപ്രവർത്തനങ്ങൾക്ക് ഫലപ്രദമായി അത് ഉപയോഗിക്കാനാവുമെന്നും തങ്ങൾക്ക് അതുവഴി നല്ല ആദായമുണ്ടാക്കുവാൻ കഴിയുമെന്നും അവരെ ബോദ്ധ്യപ്പെടുത്താൻ കഴിയണം.

വരുമാനവും, വ്യതിയാനവും

നികുതിപിരിവ്

നിലവിലുള്ള നികുതികൾ കൂടുതൽ യുക്തിസഹമാക്കുകയും നികുതിപിരിവിലെ കാലതാമസം പരിഹരിക്കാനായാൽ മുഴുവൻ നികുതിയും പിരിച്ചെടുത്ത് പഞ്ചായത്തിന്റെ പ്രവർത്തങ്ങൾ യഥാസമയം നടപ്പിലാക്കാൻ കഴിയും. നമ്മുടെ ഗ്രാമത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്കുവഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനാകണം. 95-96 ൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി 4338.00 രൂപയാണ് പിരിച്ചത്. 96-97 ൽ മുഴുവൻ കച്ചവടക്കാരെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. നികുതികൊടുക്കുന്ന പഞ്ചായത്തായാൽ വരുമാനവർദ്ധനവ് ഉറപ്പ്. ഇക്കാര്യത്തിലുള്ള ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജീവിതപ്രയാസങ്ങളുടെ ഭാരംപേറി നട്ടം തിരിയുന്ന സാധാരണജനങ്ങൾക്ക് വരുമാനത്തിന്റെ ഒരു ചെറിയഭാഗം മാത്രമെ നികുതിയായി വരാവു. അങ്ങനെയായാൽ എല്ലാവരും നികുതി കൊടുക്കാൻ തയ്യാറാകും.

2. വരുമാനമുള്ള മുഴുവനാളുകളും അവരവരുടെ വരുമാനത്തിനനുസരണമായി നികുതി നൽകണം.

3. നികുതിപിരിവിന് നേതൃത്വം കൊടുക്കാൻ വാർഡുമെമ്പറന്മാർ മുൻകയ്യെടുക്കണം. വാർഡു വികസന സമിതികളുടെ സഹായവും തേടണം.

4. നികുതികൊടുക്കുന്നത് വഴി തങ്ങളും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു എന്ന ധാരണ നികുതിദായകർക്കുണ്ടാകണം. അതുകൊണ്ട് ചെലവിന്റെ കാര്യത്തിൽ സുതാര്യതയുണ്ടാവണം.

5. കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാൻ മാത്രമല്ല ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻകൂടിയുള്ള സംവിധാനം പഞ്ചായത്താഫീസിലുണ്ടാകണം.

1. കെട്ടിട നികുതി

പഞ്ചായത്തിന്റെ ഒരു പ്രധാന വരുമാനമെന്ന രീതിയിൽ കെട്ടിടനികുതി കണക്കാക്കണം. കെട്ടിടത്തിന്റെ നികുതി കണക്കാക്കുമ്പോൾ നിർമ്മാണച്ചിലവിന്റെ കൂടെ ആടമ്പര വസ്തുക്കളും, മറ്റ് വിലകൂടുതലുള്ള വസ്തുക്കളുടെയും ചെലവ്കൂടി ഉൾപ്പെടുത്തണം. കെട്ടിടനിർമ്മാണത്തിലെ അനാവശ്യധൂർത്ത് ഒഴിവാക്കാനുതകുന്നതരത്തിൽ നികുതിഘടന പരിഷ്കരിക്കണം. അസ്സെസ്സ്മെന്റിന്റെ മാനദണ്ഡം വീട്ടുടമസ്ഥനെ

പട്ടിക – 1 വരുമാനത്തിലെ വ്യതിയാനം

ഇനം	91-92	95-96	വ്യത്യാസം
1. കെട്ടിടനികുതി	231208.35	364331.60	133213.25
2. തൊഴിൽ നികുതി	116705.00	198017.50	81312.50
3. വിനോദനികുതി	44432.50	29475.00	35042.50
4. അധികവിനോദ നികുതി	27770.65	43996.00	16225.35
5. ഉപാധിരഹിതഫണ്ട്	192000.00	319000.00	127000.00
6. ഗ്രാന്റുകളും സംഭാവനകളും	104688.00	280500.00	175812.00
7. മറ്റ് വരവുകൾ	226988.36	464237.90	237249.54
8. വസ്തുകൈമാറ്റനികുതി	204389.00	452728.00	248339.00
9. ജെ. ആർ. വൈ. ഫണ്ട്	472800.00	288500.00	
ആകെ	1148181.86	2202286.00	1054104.14

ബോധ്യപ്പെടുത്തണം. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് യഥാർത്ഥ വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.

2. തൊഴിൽ നികുതി

പഞ്ചായത്തിലെ സർക്കാരാഫീസുകളിലും, സ്കൂളുകളിലും ജോലിചെയ്യുന്നവരിൽ നിന്നുമാണ് മുഖ്യമായും തൊഴിൽനികുതി പിരിക്കുന്നത്. തൊഴിൽ ചെയ്യുന്ന മുഴുവൻ പേരെയും തൊഴിൽനികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. നിലവിലുള്ള തൊഴിൽ നികുതിയുടെ സ്ലാബ് പുനർനിർണ്ണയം ചെയ്താൽ ഈയിനത്തിൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

3 ഭൂനികുതി.

കൃത്യമായ ചില മാനദണ്ഡങ്ങൾക്ക് വിധേയമായി ഭൂനികുതി പുനർനിർണ്ണയിക്കാവു

വിനോദനികുതിപ്പട്ടിക 2 95-96 വർഷത്തെ കണക്ക്

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
വിനോദനികുതി	79475.00	79475.00	00
അഡി. വിനോദനികുതി	43996.00	43996.00	00
പ്രദർശനനികുതി	4954.00	4954.00	00
പ്രദർശനനികുതിയിന്മേലുള്ള സർചാർജ്	1209.00	1209.00	00

ന്നതാണ്. ഇപ്പോൾ നിലവിലുള്ള നിരക്ക് വളരെ ക്കുറവാണ്. ഈ നിരക്ക് ഉയർത്തുകയും ഭൂമിയുടെ തരമനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്തുകയും ചെയ്യാവുന്നതാണ്. തരിശ്ശായിട്ടിരിക്കുന്ന കൃഷിയോഗ്യമായ ഭൂമിക്കും വയൽനികത്തിയുണ്ടാക്കുന്ന പുരയിടത്തിനും ഏറ്റവും കൂടുതൽ നികുതി ചുമത്തണം. മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും പിരിച്ചെടുക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം. കെട്ടിടനിതകുതി കാര്യത്തിൽപറഞ്ഞ സമീപനം ഇവിടെയും സ്വീകരിക്കാം.

4. വിനോദ നികുതി

നമ്മുടെ പഞ്ചായത്തിൽ വച്ച് പ്രതിഫലം പറ്റിയും ടിക്കറ്റ് വച്ച് നടത്തുകയും ചെയ്യുന്ന മുഴുവൻ കലാപരിപാടികൾക്കും പഞ്ചായത്തിലെ രണ്ട് സിനിമാ ശാലകളിൽ നിന്നും കൃത്യമായും നികുതിപിരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

5. വസ്തു കൈമാറ്റ നികുതി

ഭൂമിയുടെ ക്രയവിക്രയം നടക്കുമ്പോൾ ശരിയായ വിലകാണിക്കുന്നില്ല. ഇതുവഴിയുണ്ടാകുന്ന വരുമാനനഷ്ടം നികത്താൻ വേണ്ടി ഭൂമിയുടെ മാർക്കറ്റ് വില നിശ്ചയിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം.

സർക്കാർ ഗ്രാന്റുകൾ

സർക്കാർ ഗ്രാന്റുകൾ സമയത്തിന് ലഭിക്കുന്നില്ല. സ്റ്റാമ്പ് ഡ്യൂട്ടി, ഗ്രാന്റ്, വെഹിക്കിൾ ടാക്സ്, ഭൂനികുതി തുടങ്ങിയവയിൽ പഞ്ചായത്തിനുള്ള വിഹിതം ഒന്നും, രണ്ടും വർഷം കഴിഞ്ഞാണ് ലഭിക്കുന്നത്. യാതൊരുവിധ വിവേചനവും ഇല്ലാതെ അവ പിരിക്കുന്ന മേഖലയിൽ വച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാനുള്ള സംവിധാനം ഉണ്ടാക്കണം. ഗ്രാന്റുകൾ താമസിച്ചെത്തുന്നതും, വികസനപ്രവർത്തനങ്ങൾ മുടങ്ങുന്നതിനും കാരണമാകുന്നു. വിഭവസമാഹരണം – മറ്റുമാർഗ്ഗങ്ങൾ

കമ്മ്യൂണിറ്റിഹാൾ

പഞ്ചായത്തിന്റെ കമ്മ്യൂണിറ്റിഹാൾ ആവശ്യമായ അറ്റകുറ്റപ്പണി ചെയ്യുകയും സൗണ്ട് എൻജിനീയർമാരുടെ സഹകരണത്തോടെ മുഴക്കം ഒഴിവാക്കുകയും ചെയ്താൽ ഈ ഹാൾ കൂടുതൽ ഉപയോഗപ്രദമാക്കാവുന്നതാണ്. അതുവഴി കലാപരിപാടികൾക്കും രാഷ്ട്രീയപ്പാർട്ടികളുടെയും മറ്റ് സംഘടനകളുടെയും പരിപാടികൾക്ക് വാടകയ്ക്ക് കൊടുക്കാനും അതുപോലെ ഒരടുക്കളപണിയുകയും വാട്ടർ കണക്ഷൻ നൽകുകയും ചെയ്താൽ വിവാഹാവശ്യത്തിന് ഉപയോഗിച്ച് വരുമാനം വരദ്ധിപ്പിക്കാൻ കഴിയും.

മാർക്കറ്റ്

കോയിക്കൽചന്തയാണ് നമ്മുടെ പഞ്ചായത്തിലെ അംഗീകൃത പബ്ലിക് മാർക്കറ്റ്. എന്നാൽ വർഷങ്ങളായി കറ്റാനത്ത് റോഡ് വക്കിൽ ചന്ത പ്രവർത്തിക്കുന്നുണ്ട്. വഴിയാത്രക്കാർക്ക് അസൗകര്യം ഉണ്ടാക്കുന്നതും പൊതുജനങ്ങൾക്ക് ഒരു ചന്തയുടെ പൂർണ്ണമായ പ്രയോജനം കിട്ടാത്തതുമാണിത്. കറ്റാനത്തുതന്നെ സൗകര്യമായ സ്ഥലം കണ്ടെത്തി വേണ്ട സൗകര്യങ്ങൾ പഞ്ചായത്തിന് ചെയ്തുകൊടുക്കാനായാൽ അതുവഴി പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കാനാകും.

പണമിടപാടുകാർ

നൂറുകണക്കിന് സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ ഭരണിക്കാവ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഭൂരിപക്ഷത്തിനും ലൈസൻസില്ല. മുഴുവൻ പണമിടപാടുകാരെയും പഞ്ചായത്തിന്റെ ലൈസൻസിൻകീഴിൽ കൊണ്ടുവരണം. ഇതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

റസ്റ്റ് ഹൗസ്

കറ്റാനം റ്റി. ബി. ഇപ്പോൾ P.W.D യുടെ വകയാണ്. P.W.D യുടെ ഒരു ഓഫീസും അവിടെ പ്രവർത്തിക്കുന്നുണ്ട്. P.W.D യിൽനിന്നും റ്റി. ബി പഞ്ചായത്തിനേറ്റെടുക്കാൻ കഴിഞ്ഞാൽ റ്റി. ബി. മോടിപിടിപ്പിച്ച് പുതിയ സഞ്ചാരികളെയും, താമസ്സക്കാരെയും ആകർഷിക്കാവുന്നതാണ്. അത്

പഞ്ചായത്തിനൊരു മുതൽക്കൂട്ടാവുകയും ചെയ്യും.

സർക്കാർവിള

കറ്റാനം ജംഗ്ഷന് പടിഞ്ഞാറു വശം കെ. പി. റോഡിന്റെ വശത്തുള്ള P.W.D പുറമ്പോക്ക് ഭൂമിയാണ് സർക്കാർവിള. ഈ ഭൂമി ഇന്ന് വെറുതെകിടക്കുകയാണ്. ഇത് പഞ്ചായത്തിന് വിട്ടുകിട്ടണം. അങ്ങനെയായാൽ സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽനിന്നു വായ്പയെടുത്ത് കെട്ടിടം നിർമ്മിക്കുവാനും വാടകയിനത്തിൽ പുതിയവരുമാനം കണ്ടെത്താനും കഴിയും എന്നു മാത്രമല്ല വികസനപ്രവർത്തനത്തിന്റെ ഭാഗമായി അത് മാറുകയും ചെയ്യും.

പഞ്ചായത്ത് റോഡുകൾ

പഞ്ചായത്തു റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് നല്ലൊരു തുകയാണ് പ്രതിവർഷം പഞ്ചായത്ത് ചിലവഴിക്കുന്നത്. ഇട്ട മണ്ണുമുഴുവൻ മഴക്കാലത്ത് ഒലിച്ചുപോയി. റോഡെല്ലാം വീണ്ടും പഴയസ്ഥിതിയിലായി. ഇത്തരത്തിലുള്ള താൽക്കാലിക റിപ്പയർ വർക്കുകൾ യാതൊരു ഗുണവും ചെയ്യുന്നില്ല എന്നു മാത്രമല്ല, പഞ്ചായത്തിന്റെ ഫണ്ട് പാഴായിപ്പോകുന്നതിനിടയാകുകയും ചെയ്യുന്നു. ഇതൊഴിവാക്കാൻ റോഡ് സംരക്ഷണം അത്യാവശ്യമാണ്. ഭരണിക്കാവ് പഞ്ചായത്തിലെ മുഴുവൻ മണ്ണു റോഡുകളും സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം റോഡിനിരുവശവുമുള്ള ജനങ്ങൾക്കായിരിക്കണം. ഓരോ 200 മീറ്ററിനും വശങ്ങളിൽ താമസിക്കുന്നവരെ ചേർത്ത് റോഡ് സംരക്ഷണസമിതി രൂപീകരിക്കണം. സമിതിക്ക് ഒരു കൺവീനറുണ്ടാകണം. ഇത്തരം സമിതികളുടെ ആകെ നേതൃത്വം വാർഡ് മെമ്പർക്കായിരിക്കണം. മഴക്കാലത്തിന് മുമ്പായി ഈ സമിതികളുടെ നേതൃത്വത്തിൽ മണ്ണു റോഡുകൾക്ക് ഓട നിർമ്മിക്കുകയും വൃത്തിയാക്കുകയും വേണം.

പരസ്യബോർഡ്

നമ്മുടെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന സ്വകാര്യ വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ മുഴുവൻ പരസ്യ ബോർഡുകൾക്കും നികുതി ചുമത്താവുന്നതാണ്.

വളർത്തുനായ്ക്ക് ലൈസൻസ് നിലവിലുണ്ട്. എന്നാൽ അധികമാരും അത് കാര്യമാക്കുന്നില്ല. മുഴുവൻ നായ്ക്കൾക്കും ലൈസൻസ് കർശനമാക്കണം. ലൈസൻസ് ഇല്ലാത്തവയെ ഉടമസ്ഥർ ഇല്ലാത്തവരെന്ന് കണക്കാക്കി പിടികൂടി നശിപ്പിക്കാൻ കഴിഞ്ഞാൽ പേപ്പട്ടിശല്യം ഒഴിവാക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാം.

ബാങ്ക് ഫൈനാൻസിയേഴ്സ്

ഭരണിക്കാവ് പഞ്ചായത്തിലെ 3 സർവ്വീസ് സഹകരണസംഘങ്ങളും ഒരു ഹരിജൻ സർവീസ് സഹകരണസംഘവും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും, കത്തോലിക് സിറിയൻ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, ആലപ്പുഴ ജില്ലാ സഹകരണബാങ്ക് എന്നിവയുടെ ഓരോ ശാഖയുമുണ്ട്. മറ്റു സ്വകാര്യ പണമിടപാടുകാർ നിരവധിയാണ്. നിക്ഷേപങ്ങൾ വെച്ചുനോക്കുമ്പോൾ വായ്പകൾ തീരെ കുറവാണ്. പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപത്തിന്റെ 90% എങ്കിലും പ്രാദേശികമായി തന്നെ വായ്പയായി വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാകണം.

പഞ്ചായത്ത് ഭരണസമിതിക്കുതന്നെ വായ്പ എടുക്കാവുന്ന അവസ്ഥ പുതിയ ആക്ടിലുണ്ട്. നമ്മുടെ ജനങ്ങളിൽ നിന്നും നിക്ഷേപമായി സ്വീകരിക്കുന്ന പണം ഇവിടുത്തെ വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുന്ന വികസനപ്രവർത്തനങ്ങൾക്ക് വായ്പനൽകുവാൻ ബാങ്കുകൾ ബാദ്ധ്യസ്ഥമാകുന്ന നിയമനിർമ്മാണ് വേണ്ടത്.

നാഷണൽ സേവിംഗ് സ്കീം

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 15 മുതൽ 25% വരെ അതാത് പഞ്ചായത്തിന് തന്നെ കൊടുക്കുന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ട്. അതുകൊണ്ട്

പഞ്ചായത്ത് ഭരണസമതിയും വാർഡ് വികസനസമിതിയും ഇടവിട്ട് മഹിളാ പ്രധാൻ ഏജന്റുമാർ മുഖേന പരമാവധി സമ്പാദ്യ നിക്ഷേപം ഉണ്ടാക്കിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കും.

ചെലവുകൾ

അത്രയൊന്നും സമ്പന്നമല്ലാത്ത ഈ പഞ്ചായത്തിൽ വിഭവങ്ങൾ ചെലവഴിക്കുന്നത് പ്രത്യുല്പാദനപരമല്ലാത്ത രീതിയിലാണ്. ഏറ്റവും കൂടുതൽ തുക കഴിഞ്ഞവർഷവും ചെലവഴിച്ചത് പൊതു മരാമത്ത് പണികൾക്കാണ്. ഈ തുകയിലധികവും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാണ്. ഈ തുക പൂർണ്ണമായും ലഭിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നേരത്തെ ചൂണ്ടികാണിച്ചിട്ടുണ്ടല്ലോ? ഭരണച്ചിലവിൽ കാര്യമായി മാറ്റം വരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ല. എന്നാലും ഓരോ ഇനത്തിലും പണം വിനിയോഗിച്ചതിനെ കുറിച്ച് പരിശോധിക്കാൻ സ്ഥിരം സംവിധാനം ഉണ്ടാകണം.

മാനവവിഭവശേഷി.

മനുഷ്യാദ്ധ്വാനം വികസനപ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യുമെന്നുള്ള പ്രഖ്യാപനം മുഴുവൻ ഗ്രാമസഭകളിലും ഉണ്ടായിട്ടുണ്ട്. കക്ഷിരാഷ്ട്രീയത്തിനും. ജാതി മത പരിഗണനകൾക്കും അതീതമായി നാടിന്റെ വികസനത്തിനു വേണ്ടി സ്വന്തം അദ്ധ്വാനം ദാനം ചെയ്യണമെന്ന മഹത്തായ ആശയം പൂർണ്ണമായി അംഗീകരിക്കുന്നതിന് മുഴുവൻ ജനതയേയും സജ്ജമാക്കേണ്ടതുണ്ട്. കച്ചവട ലൈസൻസ് ഫീസ്.

1995-96 സാമ്പത്തിക വർഷത്തിൽ 329 കടകളിൽ നിന്നും 4338 രൂപ സൈസൻസ് ഫീസായി ലഭിച്ചിട്ടുണ്ട്. 1996-97ൽ 512 കടകൾക്ക്

പഞ്ചായത്ത് സൈസൻസ് ലഭിക്കുന്നതിനുള്ള അപേക്ഷൾ ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ കച്ചവടക്കാരേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള

ആത്മാർത്ഥമായ ശ്രമം ഉണ്ടാകേണ്ടതും മുടക്കുമുതലിന് അനുസൃതമായി ലൈസൻസ് ഫീസ് നിർണ്ണയിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.

പഞ്ചായത്തിലുള്ള സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ സമ്പൂർണ്ണ സാക്ഷരതയുള്ള ഈ പഞ്ചായത്തിലെ S.S.L.C. യ്ക്ക് മേൽ വിദ്യഭ്യാസമുള്ളവരുടെ സേവനം മതിയാകും. അതുപോലെ തന്നെ പഞ്ചായത്തിലെ കുളങ്ങളും, ജലാശയങ്ങളും വൃത്തിയാക്കുന്നതിന് മനുഷ്യ അധ്വാനം ഉപയോഗിക്കാം.

പല ബഹുജന സംഘടനകൾക്കും നല്ല സ്വാധീനമുള്ള പഞ്ചായത്താണിത്. അവരുടെ ഇടപെടൽ ഈ മേഖലയിൽ വമ്പിച്ച ഗുണം ചെയ്യും. മനുഷ്യ അധ്വാനം വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുന്ന ചില മേഖലകൾ മാത്രമാണ് ചൂണ്ടിക്കാണിച്ചത്. ഇത്തരത്തിലുള്ള അനവധി നിർദ്ദേശങ്ങളാണ് ഗ്രാമസഭകളിലുയർന്നു കേട്ടത്. വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മനുഷ്യ വിഭവ ശേഷി ലഭ്യമാക്കുന്നതിന് ഓരോ വാർഡിലും വിദഗ്ധരായ തൊഴിലാളികളുടെ ഒരു യൂണിറ്റ് രൂപീകരിക്കേണ്ടതാണ്. റിട്ട: അദ്ധ്യാപകർ, വിദ്യാസമ്പന്നർ, എന്നിവരെ സ്കൂൾ കോംപ്ലക്സ് പദ്ധതിയിൽപ്പെടുത്തി പ്രയോജനപ്പെടുത്താവുന്നതാണ്.


ഓരോ യൂണിറ്റിന്റെയും ചുമതല ഓരോ വാർഡു മെമ്പറൻമാർക്കാകണം. അവരവർ നിർദ്ദേശിക്കുന്നതിനനുസരിച്ച് ഒരു വർഷം സംഭാവന ചെയ്യുവാൻ കഴിയുന്ന അദ്ധ്വാന ദിനങ്ങൾ തിട്ടപ്പെടുത്തണം. പ്രതിവർഷം 10,20,30 എന്നിങ്ങനെയാണ്. പ്രതിവർഷം ശരാശരി 20000 തൊഴിൽ ദിനങ്ങളെങ്കിലും ഇങ്ങനെ ലഭിക്കും. ഏറ്റവും കുറഞ്ഞ കൂലി നിരക്ക് കണക്കാക്കിയാൽ തന്നെ പ്രതിവർഷം ഒരുകോടി രൂപയിലധികം വരും

ഈ പഞ്ചായത്തിന്റെ മുഖമായ മാറ്റുന്ന വികസന പ്രവർത്തനങ്ങൾ ഇത്തരത്തിൽ വരും കാലങ്ങളിൽ ഏറ്റെടുക്കുന്നതിന് ഫലപ്രദമായ നേതൃത്വം നല്കാൻ പഞ്ചായത്ത് സമതികൾക്കാകണം.

ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

വാർഡ്	ആകെ കടകൾ 1996-97	നിലവിൽ ഫീസ് ഈടാക്കാവുന്നവ 1995-96	ആകെ ഫീസ്
1	34	30	427
2	25	19	180
3	35	28	390
4	29	10	85
5	16	7	63
6	105	62	524
7	23	11	107
8	16	13	125
9	40	23	416
10	56	25	510
11	35	32	325
12	64	41	610
13	34	28	576
ആകെ	512	329	4338

ഉപസംഹാരം



ചേരണിക്കാവ് പഞ്ചായത്തിലെ ജനകീയ ആസൂത്രണ പരിപാടികൾ തൃപ്തികരമായ രീതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണല്ലോ ഈ പരിപാടികളുമായി ബന്ധപ്പെട്ട് നടന്ന ഗ്രാമ സഭകളിൽ നമ്മുടെ പഞ്ചായത്തിലെ ആയിരകണക്കിനാളുകൾ സജീവമായി പങ്കെടുക്കുകയും വിലയേറിയ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷമുള്ള വിവിധ സെമിനാറുകളിലും ഗ്രൂപ്പ് ചർച്ചകളിലും പങ്കെടുക്കുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. KRP, DRP, LRP മാരുടെ സേവനം ഈ അവസരത്തിൽ എടുത്ത് പറയത്തക്കത് തന്നെ.

പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വളരെയധികം പേർ ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രധാനപ്പെട്ട ഒരു വികസന രേഖയാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ വികസന റിപ്പോർട്ട് നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് വഴിതെളിക്കും എന്ന കാര്യത്തിൽ സംശയമില്ല.

ജനകീയ ആസൂത്രണത്തിന്റെ ആരംഭഘട്ടം മുതൽ നാളിതുവരെ പ്രവർത്തിച്ചിട്ടുള്ള എല്ലാ പ്രവർത്തകർക്കും ഈ അവസരത്തിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം തുടർന്നും ഏവരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകുണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഉപസംഹരിക്കട്ടെ.


സ്നേഹപൂർവ്വം

നിങ്ങളുടെ പ്രസിഡന്റ്

(ഒപ്പ്)

ലളിതാ ഗോപലകൃഷ്ണൻ

ആലപ്പുഴ ജില്ല



ഭരണിക്കാവ്
പഞ്ചായത്ത്

Offset Printing: VALOOTHARAYIL PRINTERS, PALLICKAL
Design & DTP : ACE COMPUTER EDUCATION, KAYAMKULAM